# ദൈവത്തിന്റെ വചനം

## ഒരു അത്ഭുത വിത്ത്



ദൈവത്തിന്റെ അമാനുഷികമായ ശക്തിയെ അവന്റെ വചനത്തിലൂടെ അനുഭവിക്കുക

**ആശിഷ് റൈച്ചൂർ**

സൗജന്യ വിതരണത്തിനു വേണ്ടി മാത്രമുള്ളത്
അച്ചടിയും വിതരണവും: ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ളൂർ, ഇന്ത്യ.
ആദ്യപതിപ്പിന് അച്ചടി: ഒക്ടോബർ 2002
പരിഷ്ക്കരിച്ച പതിപ്പിന്റെ അച്ചടി: ജനുവരി 2020

**ബന്ധപ്പെടേണ്ട വിലാസം:**
All Peoples Church & World Outreach,
# 319, 2nd Floor, 7th Main, HRBR Layout, 2nd Block,
Kalyan Nagar, Bangalore 560 043 Karnataka, INDIA

Phone: +91-80-25452617
Email: bookrequest@apcwo.org
Website: **apcwo.org**

നൽകപ്പെട്ടിരിക്കുന്ന തിരുവെഴുത്തിന്റെ ഉദ്ധരണികളെല്ലാം വിശുദ്ധ വേദപുസ്തകത്തിന്റെ, ന്യൂ കിംഗ് ജെയിംസ് പതിപ്പിൽ നിന്ന് എടുത്തിട്ടുള്ളതാണ്.
Copyright © 1982 by Thomas Nelson, Inc., Used by permission. All rights reserved.

ബൈബിൾ നിർവ്വചനങ്ങളും എബ്രായ, ഗ്രീക്ക് പദങ്ങളും അവയുടെ അർത്ഥങ്ങളും താഴെ പറയുന്ന ഗ്രന്ഥങ്ങളിൽ നിന്നും എടുത്തിട്ടുള്ളവയാണ്:
Thayer's Greek Definitions. Published in 1886, 1889; public domain.
Strong's Hebrew and Greek Dictionaries, Strong's Exhaustive Concordance by James Strong, S.T.D., LL.D. Published in 1890; public domain.
Vine's Complete Expository Dictionary of Old and New Testament Words, © 1984, 1996, Thomas Nelson, Inc., Nashville, TN.

**സാമ്പത്തിക സഹകരണം**
ഓൾ പീപ്പിൾസ് ചർച്ചിലെ അംഗങ്ങളുടെയും പങ്കാളികളുടെയും അഭ്യുദയകാംഷികളുടെയും സാമ്പത്തിക സഹായത്താലാണ് ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യ വിതരണം സാധ്യമാക്കിയത്. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾക്ക് പ്രയോജനം ലഭിച്ചു എങ്കിൽ ഓൾ പീപ്പിൾസ് ചർച്ച് സൗജന്യമായി പ്രസിദ്ധീകരിക്കുന്ന എല്ലാ പ്രസിദ്ധീകരണങ്ങളും അച്ചടിക്കുന്നതിനും വിതരണത്തിനുമായി സാമ്പത്തികമായ സംഭാവനകൾ ഞങ്ങൾ നിങ്ങളിൽ നിന്നും ക്ഷണിക്കുന്നു. നിങ്ങളുടെ സംഭാവനകൾ എങ്ങനെ നൽകാമെന്നതിനെക്കുറിച്ച് ദയവായി **apcwo.org/give** സന്ദർശിക്കുക. അല്ലെങ്കിൽ ഈ പുസ്തകത്തിന്റെ മറുവശത്തുള്ള ""ഓൾ പീപ്പിൾസ് ചർച്ചിന്റെ പങ്കാളി" എന്ന പുറം കാണുക. നന്ദി!

തപാൽ ലിസ്റ്റ്
ഓൾ പീപ്പിൾസ് ചർച്ചിൽ നിന്നും സൗജന്യ പുസ്തകങ്ങൾ പുറത്തിറങ്ങുമ്പോൾ അറിയിക്കുന്നതിന് apcwo.org ലെ ഞങ്ങളുടെ മെയിലിംഗ് ലിസ്റ്റിലേക്ക് നിങ്ങൾക്കും അഡ്രസ് നൽകാം.

# ദൈവത്തിന്റെ വചനം

## ഒരു അത്ഭുത വിത്ത്

വിത്ത് ദൈവവചനമാണ്.

ലൂക്കോസ് 8:11

# ഉള്ളടക്കം


1. **ദൈവത്തിന്റെ വചനം: നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം ....... 3**

നിത്യമായ വചനം, ജഡാവതാരമെടുത്ത വചനം, എഴുതപ്പെട്ട വചനം ....... 4
പ്രസംഗത്തിന്റെ ഭോഷത്വത്താൽ ....... 4
ദൈവ വചനം- ദൈവത്തിങ്കലേക്കുള്ള വാതിൽ ....... 6
ദൈവ വചനം–നമ്മുടെ നിലവാരം, നമ്മുടെ മാതൃക ....... 7
വചനം - നമ്മുടെ അധികാരം ....... 8
ദൈവ വചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ ....... 9

2. **ദൈവ വചനം–അതിന്റെ വിശുദ്ധിയും ശക്തിയും ....... 10**

ദൈവത്തിന്റെ പരമാധികാരം ....... 11
അവന്റെ നാമത്തിന് മീതെ ....... 12
ശുദ്ധമായ വചനം ....... 14
ദൈവ വചനം ദൈവത്തിന്റെ ശക്തിയുടെ വാഹകനാണ് ....... 15
വാഗ്ദാനങ്ങളിൽ നില നിൽക്കുക ....... 17
വിതക്കാരന്റെ ഉപമ ....... 19

4. **വിത്ത് ദൈവ വചനമാണ് ....... 22**

വിശ്വസിക്കുന്ന നിങ്ങളിൽ വചനം ഫലപ്രദമായി പ്രവർത്തിക്കുന്നു ....... 25

5. **വിത്ത് ഹൃദയത്തിൽ വിതയ്ക്കണം ....... 27**

ഉൾനട്ടതായ വചനം ....... 28
നിന്റെ ഹൃദയത്തിൽ ....... 28
വചനം നിങ്ങളുടെ അടുത്താണ് ....... 30
ധ്യാനത്തിലൂടെ ....... 30

6. **ദൈവവചനത്തിൽ ധ്യാനിക്കുക ....... 32**

ധ്യാനം - വേദപ്രമാണത്തിനനുസരണമായ ഒരു അച്ചടക്കം ....... 32
ധ്യാനം - വേദപുസ്തക സമീപനം ....... 35
ധ്യാനം - നിങ്ങളുടെ ഉള്ളിൽ തന്നെ ചിന്തിക്കുന്നു ....... 36
ദൃശ്യവൽക്കരണം - നിങ്ങളുടെ ഭാവനയ്ക്കൊപ്പമുള്ള ആലേഖനം ....... 38
ഏറ്റുപറച്ചിൽ – ദൈവം പറഞ്ഞത് പറയുന്നു ....... 41
അവന്റെ വചന ധ്യാനത്തിലൂടെ ദൈവവുമായി കണ്ടുമുട്ടുകയും ആശയവിനിമയം നടത്തുകയും ചെയ്യുക ....... 43
ധ്യാനത്തിന്റെ വിഭവങ്ങൾ ....... 45
ധ്യാനത്തിന്റെ ഫലങ്ങൾ ....... 46
ധ്യാനത്തിന്റെ അച്ചടക്കം വളർത്തിയെടുക്കുക ....... 47

7. **വിത്ത് സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും വേണം ....... 53**

സാത്താൻ വചനത്തിനു പുറകെയുണ്ട് ....... 53

8. **വെളിപ്പാട്: സ്വീകരിക്കുന്ന ആത്മീയ അറിവ് ....... 57**

നാം വചനം മനസ്സിലാക്കാത്തപ്പോൾ ....... 57
തിരുവെഴുത്തുകളും മനുഷ്യ ബുദ്ധിയും ....... 58
വെളിപ്പാടിനായി പ്രാർത്ഥിക്കുക ....... 59

9. കൊയ്ത്തിനുള്ള തടസ്സങ്ങൾ: വചനത്തോടുള്ള എതിർപ്പ് ..... 61
വചനത്തിനെതിരായ പ്രതികൂലങ്ങളിലും നിലനിൽക്കുക ..... 61
വചനം നിങ്ങളിൽ ആഴത്തിൽ വേരൂന്നട്ടെ ..... 62
ദൈവത്തോടും അവന്റെ വചനത്തോടുമുള്ള നിങ്ങളുടെ സ്നേഹം ഉറപ്പാക്കുക ..... 65
നിങ്ങളുടെ സ്വന്തം ഹൃദയത്തെ കാത്തുസൂക്ഷിക്കുക ..... 66
മനസ്സിലാക്കുക ..... 67
വചനപ്രകാരം ജീവിക്കുക ..... 69
നിലനിൽക്കുന്ന വചനം ..... 70
നിങ്ങൾ ദൈവത്തിന്റെ പൂന്തോട്ടമാണ് ..... 71
12. വചന വിത്തുകൾ ..... 72
ദൂതന്മാരുടെ സംരക്ഷണം ..... 72
അഭിഷേകം ..... 72
പ്രാർത്ഥനയ്ക്കുള്ള ഉത്തരം ..... 72
ദൈവത്തിന്റെ കവചം ..... 73
ഗർഭപാത്രത്തിലെ കുഞ്ഞ് ..... 73
വിശ്വാസികളുടെ അധികാരം ..... 73
അനുഗ്രഹിക്കുകയും അനുഗ്രഹിക്കപ്പെടുകയും ചെയ്യുക ..... 73
യേശുവിന്റെ രക്തം ..... 73
ധീരമായ ..... 74
അസ്ഥികൾ ..... 74
ഭൂതങ്ങളെ പുറത്താക്കുന്നു ..... 74
കുട്ടികൾ ..... 74
ആത്മവിശ്വാസം ..... 75
ധൈര്യം ..... 75
കടം ഇല്ലാതാക്കൽ ..... 75
വിടുതൽ ..... 75
ചൂഷണം ..... 75
വിശ്വാസം ..... 75
പ്രീതിയും നല്ല ബന്ധവും ..... 76
ഭാവി ..... 76
ആത്മാവിന്റെ ദാനങ്ങൾ ..... 76
ദൈവത്തിന്റെ മഹത്വം ..... 76
ദൈവിക ആഗ്രഹങ്ങൾ ..... 77
നമ്മുടെ ദൈവത്തിന്റെ മഹത്വം ..... 77
മാർഗ്ഗനിർദ്ദേശം ..... 77
രോഗശാന്തിയും ആരോഗ്യവും ..... 77
രോഗികളെ സുഖപ്പെടുത്തുക ..... 78
വിശുദ്ധി (പാപത്തെ മറികടക്കുക, നിർമ്മലത) ..... 78
ഭവനവും കുടുംബവും ..... 78
ഭർത്താവ് ..... 79
സന്തോഷം (സങ്കടത്തെയും വിഷാദത്തെയും മറികടക്കുക) ..... 79
സ്ഥലവും സ്വത്തും സംബന്ധിച്ച കാര്യങ്ങൾ ..... 79
നിയമപരമായ വെല്ലുവിളികൾ ..... 79
ദീർഘായുസ്സ് ..... 79

സ്നേഹം ....................................................................................................................80
മനസ്സ്.......................................................................................................................80
സമാധാനം (ഭയം, ഉത്കണ്ഠ, വേവലാതി എന്നിവ മറികടക്കുന്നു) ......................................80
പ്രമോഷൻ...................................................................................................................80
സമൃദ്ധിയും വിജയവും ...............................................................................................81
സംരക്ഷണം.................................................................................................................81
അവശ്യസാധനങ്ങൾ .....................................................................................................81
ശാന്തത .......................................................................................................................81
മരിച്ചവരെ ഉയിർപ്പിക്കുന്നു..........................................................................................81
ഉറക്കം........................................................................................................................82
ആത്മാവ് നിറഞ്ഞതും ആത്മാവ് നയിക്കുന്നതുമായ ജീവിതം ..........................................82
കരുത്ത്/ശക്തി.............................................................................................................82
ഭാര്യ ...........................................................................................................................82
പരിജ്ഞാനവും അറിവും .............................................................................................82

ദൈവത്തിന്റെ വചനം ഒരു അത്ഭുത വിത്ത്

## ആമുഖം

നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ പ്രവൃത്തികൾ അനുഭവിക്കാൻ നാമെല്ലാവരും ആഗ്രഹിക്കുന്നു. വ്യക്തിപരമായും മറ്റുള്ളവർക്കുമായി അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന സുഖപ്പെടുത്തുന്ന വിടുവിക്കുന്ന രക്ഷിക്കുന്ന ദൈവത്തിന്റെ ശക്തിയെ നാമെല്ലാം ആഗ്രഹിക്കുന്നു. ദൈവത്തിന്റെ ശക്തിയുടെ അതിശയകരമായ ഒരു പ്രദർശനം പലപ്പോഴും നാം പ്രതീക്ഷിക്കുന്നു, അത് നമ്മെ പലപ്പോഴും ആശ്ചര്യപ്പെടുത്തുകയും ചെയ്യും. ദൈവം തന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ തന്റെ പ്രവൃത്തിയെ അതിശയകരമായ വഴികളിലൂടെ അടയാളങ്ങളോടും അത്ഭുതങ്ങളോടും കൂടി പ്രകടിപ്പിക്കുമെന്നത് സത്യമാണെങ്കിലും, ദൈവം തന്റെ വചനത്തിൽ കൂടിയും പ്രവർത്തിക്കുന്നുവെന്ന് നാം മറന്നു പോകരുത്. ദൈവാത്മാവ് തന്റെ ശക്തിയെ ദൈവവചനത്തിലൂടെ പുറപ്പെടുവിക്കുന്നു. പലപ്പോഴും നാം ദൈവവചനം വായിക്കുന്നതും ധ്യാനിക്കുന്നതും വചനത്തെ നമ്മുടെ ജീവിതത്തിലേക്ക് സ്വീകരിക്കുന്നതുമായ പ്രക്രിയ അത്ഭുതകരമല്ലാത്തതായി തോന്നാം എന്നാൽ അത് അമാനുഷികതയില്ലാത്ത കാര്യമല്ല. കാരണം എല്ലായിടത്തും ദൈവമാണ് പ്രവർത്തിക്കുന്നത്. അനേകം വിശ്വാസികളും ദൈവം തന്റെ വചനത്തിലൂടെ അവരുടെ ദൈനംദിന ജീവിതത്തിൽ വെളിപ്പെടുത്താൻ ആഗ്രഹിക്കുന്ന അസാധാരണമായ പ്രവർത്തികളെ നഷ്ടപ്പെടുത്തുന്നു. കാരണം അവർ എപ്പോഴും കാഴ്ചപ്രധാനമായതിനു വേണ്ടി അന്വേഷിക്കുന്നു.

മറ്റൊരു സാധാരണ പ്രശ്നം, പല വിശ്വാസികളും ദൈവത്തിന്റെ പ്രവർത്തി തങ്ങളിൽ നിർവഹിക്കേണ്ടതിനു അഭിഷിക്തരായ വ്യക്തികളെ കാത്തിരിക്കുന്നു എന്നതാണ്. ദൈവത്തിന്റെ ആത്മാവിന്റെ ശക്തിയാൽ ജനങ്ങളെ സേവിക്കുന്ന ശുശ്രൂഷകരെ ദൈവം അഭിഷേകം ചെയ്തിട്ടുണ്ടെങ്കിലും, ഓരോ വിശ്വാസിയും ദൈവവചനത്തിലൂടെയും ആത്മാവിന്റെ ശക്തിയിലൂടെയും ദൈവത്തിൽ നിന്ന് നേരിട്ട് സ്വീകരിക്കാൻ കഴിയുന്ന സ്ഥാനത്തേക്ക് വരേണ്ടതുണ്ട്. നാം ഓരോരുത്തരേയും അവനിലേക്ക് നേരിട്ട് പോകാനും അവനിൽ നിന്ന് ഭക്ഷിക്കാനും അവനിൽ നിന്ന് കുടിക്കാനുമായി യേശു ക്ഷണിക്കുന്നു. അങ്ങനെ നാം ഓരോരുത്തർക്കും തന്റെ കൃപ മറ്റുള്ളവരിലേക്ക് വിതരണം ചെയ്യുന്നവരും അവരെ യേശുവിലേക്ക്

കൊണ്ടുവരുന്നവരും അകാൻ കഴിയും, അങ്ങനെ അവർക്കും അവനിൽ നിന്ന് ഭക്ഷിക്കാനും കുടിക്കാനും കഴിയും. നാം ഇടനിലക്കാരെ ആശ്രയിക്കുന്നവരാകരുത്.

ദൈവം തന്റെ വചനത്തിലൂടെയാണ് പ്രവർത്തിക്കുന്നതെന്ന് നമുക്കറിയാം. തന്റെ വചനത്തിലൂടെ വെളിപ്പെട്ട ശക്തിയിലൂടെയാണ് ദൈവം എല്ലാം സൃഷ്ടിച്ചത് . നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളെയും ബാധിക്കുന്ന ദൈവത്തിന്റെ ജീവന്റേയും ശക്തിയുടെയും വാഹകനാണ് ദൈവവചനം. ദൈവം നമുക്ക് തന്റെ വചനം നൽകി, അവന്റെ വചനത്തിന്റെ ശക്തിയിലൂടെ നമ്മിൽ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നു. അവന്റെ വചനം എങ്ങനെ സ്വീകരിക്കാമെന്നും അവിടുന്ന് നമുക്ക് വെളിപ്പെടുത്തിയിട്ടുണ്ട്, അങ്ങനെ അവന്റെ വചനത്തിൽ അടങ്ങിയിരിക്കുന്ന ജീവനും ശക്തിയും നമ്മിലേക്ക് കടന്നു വരികയും, അവന്റെ അമാനുഷിക പ്രവർത്തനം നമ്മിൽ സംഭവിക്കാൻ ഇടയാവുകയും ചെയ്യുന്നു.

ദൈവ വചനം നമ്മുടെ ഹൃദയത്തിൽ ആഴമായി പതിക്കുന്ന പ്രക്രിയയാണ് ദൈവവചന ധ്യാനം. ദൈവവചന ധ്യാനത്തിൽ ധ്യാനം, ദൃശ്യവൽക്കരണം, ഏറ്റുപറച്ചിൽ എന്നിവ ഉൾപ്പെടുന്നു. ദൈവവചനമാകുന്ന അത്ഭുത വിത്ത് നിങ്ങളുടെ ജീവിതത്തിൽ ഉൽപാദിതമാകേണ്ടതിനു ദൈവവചന ധ്യാനം എങ്ങനെ പരിശീലിക്കണമെന്ന് നിങ്ങൾ പഠിക്കും. അത്ഭുത വിത്തായ ദൈവവചനത്തിലൂടെ നമ്മിൽ നിന്ന് പുറത്തുവരുന്ന ദൈവത്തിന്റെ അമാനുഷിക ശക്തി സ്വീകരിക്കാനും അനുഭവിക്കാനും സഹായിക്കുന്ന ലളിതമായ സത്യങ്ങൾ ഈ പുസ്തകം അനാവരണം ചെയ്യുന്നു.

ദൈവം അനുഗ്രഹിക്കട്ടെ!
ആശിഷ് റൈച്ചൂർ

# 1. ദൈവത്തിന്റെ വചനം: നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം

നമ്മുടെ മുഴുവൻ ക്രിസ്തീയ അനുഭവത്തിന്റേയും ഗുണനിലവാരം നിർണ്ണയിക്കാൻ അത്യാവശ്യമായ ഒരു പ്രധാന ഘടകം നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ ഉണ്ട്. അതാണ് ദൈവവചനം. നാം വളർന്നുവരുന്ന പക്വതയുടെ തോതും ദൈവത്തിൽ നാം എത്തുന്ന ആഴവും നിർണ്ണയിക്കുന്നത് നമ്മുടെ ജീവിതത്തിൽ അവിടുത്തെ വചനത്തിന് നാം നൽകുന്ന സ്ഥാനമാണ്. നാം വിജയത്തിൽ നടക്കുന്നുണ്ടോ ഇല്ലയോ എന്നതിനെയും നാം അനുഭവിക്കുന്ന അനുഗ്രഹത്തിന്റെ അളവിനേയും നമ്മുടെ ദൈനം ദിന ജീവിതത്തിൽ നാം സ്വീകരിക്കുകയും പരിശീലിക്കുകയും ചെയ്യുന്ന ദൈവവചനം വളരെയധികം സ്വാധീനിക്കുന്നു.

എന്നിരുന്നാലും, “പ്രതിഭാസങ്ങൾക്ക്” ഇടം നൽകപ്പെടുന്ന കൗതുകകരമായത് അന്വേഷിക്കുന്ന ഒരു ലോകത്ത്, ഒരു “പുരാതന പുസ്തകത്തിലെ” ഉള്ളടക്കങ്ങൾ ശ്രദ്ധിക്കാൻ പലരും തയ്യാറല്ല. സാമൂഹികമായും സാംസ്കാരികമായും ധാർമ്മികമായും അപ്രസക്തമെന്ന് ചിലർ അവകാശപ്പെടുന്ന ഒരു മതഗ്രന്ഥത്തിലെ കേവലം വാക്കുകൾ വായിക്കാൻ ചിലരെങ്കിലും സമയം ചെലവഴിക്കുന്നത് എന്തുകൊണ്ടാണ്? ദുഖകരമെന്നു പറയട്ടെ, വിശ്വാസികൾക്കിടയിൽ പോലും, ഒരു ബാധ്യത നിറവേറ്റുന്നതിനായി മാത്രം ധ്യാന സമയങ്ങൾ, ചിലവഴിക്കുന്നതിനപ്പുറം ഈ ലിഖിത വചനങ്ങൾ നമ്മുടെ ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം മനസിലാക്കിയ പലരും ഇല്ല. ആദ്യം തിരുവെഴുത്തുകൾ നിർജീവമാണെന്ന് തോന്നിയേക്കാം, ഒരുപക്ഷേ ഒരു സാധാരണ വായനക്കാരന് പോലും ബോറടിക്കും. എന്നാൽ അതിന്റെ അന്തർലീനമായ ശക്തിയും ദൈവ വചനത്തിനു നമ്മുടെ ജീവിതത്തിൽ ഉള്ള സ്ഥാനവും മനസ്സിലാക്കുമ്പോൾ, ദൈവവചനം ജീവനുള്ളതായിത്തീരുന്നു! ദൈവവചനം ശക്തി, ആശ്വാസം, പ്രത്യാശ, വിശ്വാസം, പ്രബോധനം, ജ്ഞാനം എന്നിവയുടെ ഉറവിടമായി മാറുന്നു. നാം നമ്മുടെ വർത്തമാനവും ഭാവിയും തിരുവെഴുത്തുകൾ പറയുന്ന കാര്യങ്ങളിൽ സമർപ്പിക്കുകയും ചെയ്യുന്നു. ജീവിതത്തിന്റെ കൊടുങ്കാറ്റുകൾക്കിടയിൽ, വചനം നമ്മെ താങ്ങിനിർത്തുകയും നിലനിർത്തുകയും ചെയ്യുമെന്ന് നമുക്കറിയാം. രോഗകിടക്കയിൽ, വചനം രോഗശാന്തിയും വിടുതലും നൽകുമെന്ന് നമുക്കറിയാം. വെല്ലുവിളികൾക്കും സമ്മർദങ്ങൾക്കും നടുവിൽ, വചനം വാഗ്ദാനം ചെയ്യുന്ന കാര്യങ്ങളിൽ നാം ആത്മവിശ്വാസത്തോടെ നിൽക്കുന്നു. വചനത്തിൽ നാം കാണുന്ന സാധ്യതകൾ കാരണം അസാധ്യതകളിലും നാം സന്തോഷിക്കുന്നു. നമുക്ക് കാണാനോ സ്പർശിക്കാനോ കേൾക്കാനോ മണക്കാനോ രുചിക്കാനോ കഴിയാത്തപ്പോൾ

പോലും–നമുക്കറിയാൻ കഴിയുന്നു–കാരണം വചനം നമ്മിൽ ആത്മവിശ്വാസത്തോടെയുള്ള ഉറപ്പും ശക്തമായ, അചഞ്ചലമായ ബോധ്യവും ഉളവാക്കിയിട്ടുണ്ട്.

ഈ പുസ്തകം വായിക്കുന്ന ഓരോരുത്തരും കർത്താവിനോടൊപ്പമുള്ള ജീവിതത്തിൽ ആത്മവിശ്വാസത്തോടെ ഉറപ്പോടെ നടക്കണമെന്നതാണ് ഞങ്ങളുടെ ഹൃദയത്തിന്റെ ആഗ്രഹം. നിങ്ങൾ ഇതിനകം ഒരു പരിധിവരെ ദൈവ വചനത്തെ മനസ്സിലാക്കിയവരാണെങ്കിൽ, നിങ്ങൾ കൂടുതൽ ശക്തിപ്പെടുകയും പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

## നിത്യമായ വചനം, ജഡാവതാരമെടുത്ത വചനം, എഴുതപ്പെട്ട വചനം

**ലൂക്കോസ് 24: 27**
**മോശെ തുടങ്ങി എല്ലാ പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് യേശു അവർക്ക് വ്യക്തമാക്കി കൊടുത്തു.**

ദൈവപുത്രനായ യേശു, നിത്യവചനമായവൻ (യോഹന്നാൻ 1:1-4), അവതാരവചനമായിത്തീർന്നവൻ (യോഹന്നാൻ 1:14) ലിഖിത വചനമായ തിരുവെഴുത്തുകളിൽ പ്രകാരം ജീവിക്കുകയും പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തു. തന്റെ ചെറുപ്പം മുതലേ യേശു തിരുവെഴുത്തുകളുടെ പഠനത്തിൽ ഏർപ്പെട്ടു (ലൂക്കോസ് 2:46). ലിഖിത വചനം ഉപയോഗിച്ച് അവൻ പ്രലോഭനങ്ങളെ ചെറുത്തു (മത്തായി 4:1-10). ജഡാവതാരവചനത്തെ ആത്മാവ് അഭിഷേകം ചെയ്യുകയും അവൻ തിരുവെഴുത്തുകൾ നിറവേറ്റുന്നതിനായി ജീവിക്കുകയും ചെയ്തു (ലൂക്കോസ് 4:21; മർക്കോസ് 14:49; ലൂക്കോസ് 24:44). നിത്യമായ വചനം, മാംസമായി മാറിയ ദൈവം, ലിഖിത വചനത്തെ വളരെ ബഹുമാനത്തോടെ കൈകാര്യം ചെയ്തുവെന്നത് തന്നെ അതിശയകരമായ ചിന്തയല്ലേ? ഇനിയും എന്താണ് നമുക്ക് വേണ്ടത്?

## പ്രസംഗത്തിന്റെ ഭോഷത്വത്താൽ

**1 കൊരിന്ത്യർ 1: 21**
**ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ടു വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിന്നു പ്രസാദം തോന്നി.**

ഒരു മനുഷ്യ ജീവിതത്തിന്റെ നിത്യവിധി സുവിശേഷത്തിന്റെ ലളിതമായ പ്രസംഗത്തിലൂടെ നിർണ്ണയിക്കപ്പെടുമെന്ന് ദൈവം തന്റെ ജ്ഞാനത്തിൽ നിർണയിച്ചിരിക്കുന്നു. ഇത് പരിഗണിക്കുക! എല്ലാ മനുഷ്യർക്കും രക്ഷയ്ക്കായി ദൈവത്തിന്റെ ശക്തിയായ ക്രിസ്തുവിന്റെ സുവിശേഷം അറിയിക്കാൻ ദൈവം ദൂതന്മാരുടെ ഒരു സൈന്യത്തെ തിരഞ്ഞെടുത്തില്ല, പകരം, പ്രസംഗത്തിന്റെ ഭോഷത്വത്തിലൂടെ നഷ്ടപ്പെട്ട മനുഷ്യരെ രക്ഷിക്കാൻ, മർത്യവും ബലഹീനവുമായ പാത്രങ്ങളായ നമ്മെ അവൻ തിരഞ്ഞെടുത്തു. അതിനാൽ, സുവിശേഷം പ്രസംഗിക്കുകയോ ആശയവിനിമയം നടത്തുകയോ ചെയ്യുന്നത് വളരെ പ്രധാനമാണ്. അപ്പോസ്തലനായ പൗലോസ് വിശദീകരിച്ചതുപോലെ, ആ സന്ദേശവും പ്രസംഗവും വിഡ്ഢിത്തമായി ചിലർ കരുതുന്നു. ജാതികൾക്കു ഭോഷത്വവുമെങ്കിലും യെഹൂദന്മാരാകട്ടെ യവനന്മാരാകട്ടെ വിളിക്കപ്പെട്ട ഏവർക്കും ദൈവശക്തിയും ദൈവജ്ഞാനവുമായ ക്രിസ്തുവിനെ തന്നേ (1 കൊരിന്ത്യർ 1:24). സമാനമായ രീതിയിൽ, ദൈവത്തിന്റെ ശക്തിയും ജ്ഞാനവും നമ്മുടെ ജീവിതത്തിലേക്ക് കൊണ്ടുവരുന്ന ഒരു ഉപകരണമായി എഴുതപ്പെട്ട ഈ തിരുവെഴുത്തുകളെ ദൈവം നിശ്ചയിച്ചിട്ടുണ്ട്. നാം ബൈബിൾ എന്ന് വിളിക്കുന്ന പുസ്തകത്തിന്റെ പേജുകളിൽ ആലേഖനം ചെയ്ത വാക്കുകളിലൂടെ ദൈവിക ശക്തിയും ജ്ഞാനവും നമ്മുടെ ജീവിതത്തിലേക്ക് പകരുന്നുവെന്നത് ഒരു നിഗൂഢമായി തോന്നുന്നു. നമ്മുടെ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന സാധാരണ വാക്കുകൾ, ബൈബിളിൽ അച്ചടിച്ചതുകൊണ്ട് പെട്ടെന്ന് ദൈവികമൂല്യമെടുക്കുന്നത് എങ്ങനെ? തങ്ങളിലുള്ള വാക്കുകൾ സാധാരണമാണെങ്കിലും, അവർ അവതരിപ്പിക്കുന്ന സത്യങ്ങൾ ദൈവികമാണ്. വാക്കുകൾ കൂട്ടിച്ചേർത്തത് മനുഷ്യനാണെങ്കിലും, അവതരിപ്പിക്കപ്പെടുന്ന സത്യത്തിന് പ്രചോദനമായത് ദൈവമാണ്. തിരുവെഴുത്തുകളിലൂടെ അറിയിക്കപ്പെടുന്ന സത്യങ്ങൾ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതിലൂടെയാണ് നാം ദൈവത്തിന്റെ ജ്ഞാനവും ശക്തിയും അനുഭവിക്കുകയും മനസിലാക്കുകയും ചെയ്യുന്നത്.

## എല്ലാ തിരുവെഴുത്തും ദൈവ ശ്വാസീയമായതാണു

**2 തിമോത്തി 3:14-17**

**14 നീയോ ഇന്നവരോടു പഠിച്ചു എന്നു ഓർക്കുകയും ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷെക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യംമുതൽ അറികയും ചെയ്യുന്നതു കൊണ്ടു,**
**15 നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്ക.**
**16 എല്ലാതിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു.**
**17 ഉപദേശത്തിന്നും ശാസനത്തിന്നും ഗുണീകരണത്തിന്നും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതു ആകുന്നു.**

അപ്പോസ്തലൻ "വിശുദ്ധ തിരുവെഴുത്തുകൾ" എന്ന് പരാമർശിക്കുമ്പോൾ അദ്ദേഹം എഴുതപ്പെട്ട തിരുവെഴുത്തുകളെക്കുറിച്ചാണ് സംസാരിക്കുന്നത്. "എല്ലാ തിരുവെഴുത്തുകളും ദൈവ ശ്വാസീയമെന്നു" പറയുമ്പോൾ ലിഖിത തിരുവെഴുത്തുകളിൽ ദൈവിക കർത്തൃത്വം അദ്ദേഹം രേഖപ്പെടുത്തുന്നു. മനുഷ്യൻ വാക്കുകൾ എഴുതിയെങ്കിലും സന്ദേശത്തിന്റെ ഉറവിടവും പ്രചോദനവും ദൈവമായിരുന്നു. അപ്പൊസ്തലനായ പത്രോസ് അല്പം വ്യത്യസ്തമായ രീതിയിലാണ് ഈ കാര്യങ്ങൾ പ്രസ്താവിക്കുന്നത്: "തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്നു ആദ്യം തന്നേ അറിഞ്ഞു കൊള്ളേണം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ" (2 പത്രോസ് 1:20-21). എല്ലാ തിരുവെഴുത്തുകളും പ്രവാചികമാണ് എന്ന് പറയുമ്പോൾ, അവ ദൈവാത്മാവിന്റെ പ്രചോദനത്തിലൂടെ ഉളവായി എന്നാണ്. എഴുതപ്പെട്ട വചനം ദൈവിക പ്രചോദനത്തലാണ്. ഈ വസ്തുത പൂർണമായും നിങ്ങൾ വിശ്വസിക്കുന്നത്, തിരുവെഴുത്തുകളെക്കുറിച്ചുള്ള നിങ്ങളുടെ വീക്ഷണത്തെ പൂർണ്ണമായും പരിവർത്തനം ചെയ്യും. എല്ലാ തിരുവെഴുത്തുകളും ശരിക്കും ദൈവശ്വാസീയമാണെന്നു നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ, നിങ്ങളുടെ ജീവിതത്തിൽ ദൈവവചനത്തിന് മുൻഗണന നൽകുന്നവരാകും. ഈ പ്രപഞ്ചത്തിന്റെ സൃഷ്ടാവായ ദൈവം തന്റെ ചിന്തകൾ നിങ്ങളുമായി പങ്കുവെക്കുന്നുവെന്ന് അറിഞ്ഞുകൊണ്ട് നിങ്ങൾ നിങ്ങളുടെ ബൈബിൾ തുറക്കും. അവിടുത്തെ അനന്തമായ ജ്ഞാനത്തിൽ നിന്ന്, ഭൂമിയിലെ നമ്മുടെ ജീവിതത്തിന് അത്യന്താപേക്ഷിതവും പര്യാപ്തവുമാണെന്ന് കരുതുന്ന കാര്യങ്ങൾ അവൻ തിരഞ്ഞെടുക്കുകയും അവ പുസ്തകത്തിന്റെ പേജുകളിൽ ഉൾക്കൊള്ളിക്കുകയും ചെയ്തു. പഠിപ്പിക്കൽ (ഉപദേശം), ബോധ്യം, തിരുത്തൽ (ശാസന), പ്രബോധനം എന്നിവ തിരുവെഴുത്തുകൾ നമുക്ക് നൽകുന്നു.

## ദൈവ വചനം–ദൈവത്തിങ്കലേക്കുള്ള വാതിൽ

**സങ്കീർത്തനം 119:18**
**നിന്റെ ന്യായപ്രമാണത്തിലെ അദ്ഭുതങ്ങളെ കാണേണ്ടതിനു എന്റെ കണ്ണുകളെ തുറക്കേണമേ.**

ജീവനുള്ള ദൈവത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച തിരുവെഴുത്തുകൾ നമുക്ക് നൽകുന്നു. ദൈവത്തിന്റെ പ്രകൃതം, സ്വഭാവം, ഗുണവിശേഷങ്ങൾ, ഹൃദയം എന്നിവ അവ വെളിപ്പെടുത്തുന്നു. ദൈവം ആരാണ്, അവൻ ചെയ്യുന്നതെന്താണ്, അവന്റെ വികാരങ്ങൾ, ആഗ്രഹങ്ങൾ എന്നിവയെക്കുറിച്ചുള്ള ഉൾക്കാഴ്ച തിരുവെഴുത്തുകളുടെ പേജുകളിൽ കാണാം. തന്മൂലം, തിരുവെഴുത്തുകളിലൂടെയാണ് നാം ദൈവത്തെ അറിയുകയും അതുവഴി അവനുമായി വ്യക്തിബന്ധം വളർത്തിയെടുക്കുകയും

ചെയ്യുന്നത്. അറിവിനെ അടിസ്ഥാനമാക്കിയുള്ളതാണ് ബന്ധം. വ്യക്തിപരമായ അറിവില്ലാത്തയിടത്ത് ഒരു ബന്ധവും ഉണ്ടാകില്ല. കൂടാതെ, നേടിയ അറിവിന്റെ ആഴം അല്ലെങ്കിൽ അടുപ്പം ബന്ധത്തിന്റെ ആഴം നിർണ്ണയിക്കുന്നു. അതിനാൽ, ജീവനുള്ള ദൈവവുമായി ആഴവും അടുത്തതുമായ ബന്ധം പുലർത്താൻ, തിരുവെഴുത്തുകളിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ ഒരാൾ അവനെ അടുത്തറിയണം. ബൈബിളിന്റെ പേജുകൾ തുറക്കുന്നത് വളരെ ആവേശകരമാണ്, കാരണം അവ ദൈവത്തിലേക്കുള്ള നമ്മുടെ ജാലകമാണ്. നാം വായിക്കുന്ന വരികൾക്ക് "പിന്നിൽ" കാണുന്നതിന് നമ്മുടെ കണ്ണുകൾ തുറക്കുമ്പോൾ, നമ്മുടെ ദൈവത്തിന്റെ പ്രതാപത്തേയും മഹത്വത്തെയും കുറിച്ച് നമുക്ക് ഒരു ഗ്രാഹ്യം ലഭിക്കും. മറ്റൊന്നിനേയും അടിസ്ഥാനമാക്കിയാകരുത് ദൈവത്തെക്കുറിച്ചുള്ള നമ്മുടെ അറിവ്– അത് നമ്മുടെ അനുഭവങ്ങളായാലും മറ്റുള്ളവരുടെ അഭിപ്രായങ്ങളായാലും എല്ലായ്പ്പോഴും കൃത്യമായിരിക്കയില്ല. മറ്റു സ്ഥലങ്ങളിലും ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നുവെന്നത് സത്യമാണ്, ഉദാഹരണത്തിന്, അവന്റെ സൃഷ്ടിയിൽ. എന്നിരുന്നാലും, മറ്റ് സ്രോതസ്സുകളിൽ നിന്ന് നമുക്ക് ലഭിക്കുന്ന വിവരങ്ങൾ ആദ്യം, എഴുതപ്പെട്ട തിരുവെഴുത്തുകളുടെ വെളിച്ചത്തിൽ നാം പരിശോധിക്കണം.

## ദൈവ വചനം–നമ്മുടെ നിലവാരം, നമ്മുടെ മാതൃക

**സങ്കീർത്തനം 119:133**
**എന്റെ കാലടികളെ നിന്റെ വചനത്തിൽ സ്ഥിരമാക്കേണമേ, യാതൊരു നീതികേടും എന്നെ ഭരിക്കരുതേ.**

ശരിയും തെറ്റും സംബന്ധിച്ച് ആളുകൾക്ക് കൃത്യമായ മാനദണ്ഡങ്ങളില്ലാത്ത ഒരു ലോകത്ത്, ദൈവവചനത്തെ നമ്മുടെ നിലവാരമായി നാം തിരഞ്ഞെടുക്കുന്നു. ജീവിതത്തിന്റെ എല്ലാ കാര്യങ്ങളും സംബന്ധിച്ച് തിരുവെഴുത്തുകൾ പറയുന്നത് സത്യമാണെന്ന് ഞങ്ങൾ കരുതുന്നു. ദൈവവചനം പറയുന്നത് ശരിയും ശ്രേഷ്ഠവുമാണ്, ഞങ്ങൾ ശരിയും ശ്രേഷ്ഠവും പരിഗണിക്കുന്നു. ദൈവ വചനം തെറ്റാണെന്ന് പറയുന്നത്, ഞങ്ങൾ തെറ്റായി കണക്കാക്കുന്നു. തിരുവെഴുത്തുകൾ വ്യക്തമാക്കിയ ധാർമ്മിക മാനദണ്ഡങ്ങൾ ഞങ്ങൾ "യുക്തിസഹമാക്കുകയോ" (കാര്യ കാരണം), "ഉദാരവൽക്കരിക്കുകയോ" (വിശാലമായ ചിന്താഗതിക്കാരാകാൻ ശ്രമിക്കുന്നു), അല്ലെങ്കിൽ "സന്ദർഭോചിതമാക്കുകയോ" (സാംസ്കാരികമായോ സാമൂഹികമായോ പ്രസക്തമാക്കുക) എന്നിവ ചെയ്യുന്നില്ല. തിരുവെഴുത്തുകളിൽ പറഞ്ഞിരിക്കുന്നതിലും കുറഞ്ഞ നിലവാരത്തിലുള്ള യാതൊന്നുമായി ഞങ്ങൾ യോജിക്കുന്നില്ല.

ദൈവവചനം നമ്മുടെ വഴികാട്ടിയാണ്. തിരുവെഴുത്തിലെ നിർദ്ദേശങ്ങൾക്കനുസൃതമായി നാം നമ്മുടെ ജീവിതത്തെ ക്രമീകരിക്കുന്നു.

ഭർത്താക്കന്മാർ, ഭാര്യമാർ, മാതാപിതാക്കൾ, കുട്ടികൾ, തൊഴിലുടമകൾ, ജോലിക്കാർ, ശുശ്രൂഷകർ, തുടങ്ങി എല്ലാ വിശ്വാസികൾക്കുമുള്ള പെരുമാറ്റരീതികൾ തിരുവെഴുത്തുകൾ വ്യക്തമാക്കുന്നു. തിരുവെഴുത്തിലെ തത്ത്വങ്ങൾക്കനുസൃതമായി നമ്മുടെ പെരുമാറ്റം, ജീവിതരീതികൾ, മൂല്യങ്ങൾ, വിശ്വാസങ്ങൾ, ലക്ഷ്യങ്ങൾ, അഭിലാഷങ്ങൾ എന്നിവ ക്രമീകരിക്കാൻ പരിശുദ്ധാത്മാവിന്റെ ശക്തിയോടെ നാം പരമാവധി ശ്രമിക്കുന്നു. നമ്മുടെ മുഴുവൻ ജീവിതത്തെയും അവിടുത്തെ വചനത്താൽ നാം നയിക്കുന്നു.

## വചനം–നമ്മുടെ അധികാരം

**സങ്കീർത്തനം 119:101**
**നിന്റെ വചനം പ്രമാണിക്കേണ്ടതിനു ഞാൻ സകല ദുർമാർഗത്തിൽ നിന്നും കാൽ വിലക്കുന്നു.**

നമ്മുടെ ജീവിതത്തിലെ അന്തിമ അധികാരമായി നാം തിരുവെഴുത്തുകളെ സ്വീകരിക്കുന്നു. മനുഷ്യനിർമിതമായ ഘടനയോ നിയമമോ നമ്മെ തിരുത്തുന്നില്ലെങ്കിലും, വചനത്തിന്റെ തിരുത്തലിന് നാം കീഴടങ്ങുന്നു. ചില സമയങ്ങളിൽ ആവശ്യമായിരിക്കാമെങ്കിലും മറ്റൊരാൾ നമ്മുടെ പിശകുകൾ ചൂണ്ടിക്കാണിക്കാൻ വേണ്ടി നാം കാത്തിരിക്കുന്നില്ല. വചനം തെറ്റാണെന്ന് പറയുന്ന കാര്യങ്ങൾ നാം ചെയ്യുന്നതായി കണ്ടെത്തിയാൽ, വചനം അനുസരിക്കുന്നതിനായി ആ കാര്യങ്ങൾക്ക് മാറ്റങ്ങൾ വരുത്താൻ നാം തയ്യാറാകുന്നു. വചനത്തോട് യോജിച്ച് നടക്കാൻ തക്കവണ്ണം നമ്മുടെ ജീവിതത്തിൽ അച്ചടക്കം പാലിക്കാൻ നാം തയ്യാറാകുന്നു. ദൈവവചനത്തിന് കീഴ്പെടുന്നത് വാസ്തവത്തിൽ ദൈവത്തിനു തന്നെ കീഴ്പെടുന്നതാണ്. തിരുവെഴുത്തുകളുടെ ഉപദേശത്തിനെതിരെ മത്സരിക്കുക എന്നത് ദൈവത്തിനെതിരെയുള്ള മത്സരമാണ്. കർത്താവായ യേശു പറഞ്ഞു: “എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ടു; ഞാൻ സംസാരിച്ച വചനം തന്നേ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും” (യോഹന്നാൻ 12:48). എല്ലാ മനുഷ്യരും വിധിക്കപ്പെടുന്ന നിയമമായിരിക്കും ദൈവവചനം.

ദൈവ ജനത്തിനു ദൈവത്തിന്റെ ലിഖിത വചനത്തോട് ഭയഭക്തി വളർത്തിയെടുക്കേണ്ട സമയമാണിത്. നമ്മുടെ ജീവിതത്തിൽ ദൈവവചനത്തിന്റെ അധികാരത്തിന് വഴങ്ങാതെ നമുക്ക് ദൈവത്തിന്റെ അനുയായികളാകാൻ കഴിയില്ല. തിരുവെഴുത്തുകൾക്ക് വിരുദ്ധമായ കാര്യങ്ങൾ ചെയ്യുന്നത് തുടരുമ്പോൾ നമുക്ക് “ശക്തരായ വിശ്വാസികളാകാൻ” കഴിയില്ല,

കാരണം ഈ കാര്യങ്ങൾ നമ്മുടെ ജഡത്തിന് ആനന്ദകരമോ ന്യായവാദത്തിന് സ്വീകാര്യമോ ആകാം. വിശ്വാസികളെന്ന നിലയിൽ, നമ്മുടെ വികാരങ്ങളേയും യുക്തിയേയും ദൈവ വചനത്തിനു വിധേയപ്പെടുത്താൻ നാം പഠിക്കണം

നാം എല്ലാ തിന്മയിൽ നിന്നും ഒഴിഞ്ഞിരിക്കുകയും ദൈവ വചനത്തോട് പറ്റി നിൽക്കുകയും വേണം കാരണം അതാണ് അവസാന അധികാരം.

# ദൈവ വചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ

**കൊലോസ്യർ 3:16**
**സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മികഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിന്നു പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ.**

ദൈവവചനമാണ് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം. ആത്മീയ വളർച്ചയ്ക്കും പക്വതയ്ക്കും അത്യാവശ്യ ഘടകമാണത്. നാം ക്രിസ്തുവിൽ വസിക്കണം, അവന്റെ വചനങ്ങൾ നമ്മിൽ വസിക്കണം (യോഹന്നാൻ 15:7). ക്രിസ്തുവിന്റെ വചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ എന്നതാണ് ഞങ്ങളുടെ കൽപന. തിരുവെഴുത്തുകളിൽ തിരയാനും പഠിക്കാനും ധ്യാനിക്കാനും ധാരാളം സമയം ചെലവഴിക്കുക. ഉൾക്കാഴ്ചയ്ക്കും വെളിപ്പെടുത്തലിനും പരിശുദ്ധാത്മാവിനോട് ചോദിക്കുക. വെളിപ്പെടുത്തപ്പെട്ട അറിവിന്റെ സമൃദ്ധമായ നിക്ഷേപം നിങ്ങളുടെ ഹൃദയത്തിൽ സ്ഥാപിക്കപ്പെടട്ടെ. നിങ്ങൾ പലപ്പോഴും പഠിച്ച കാര്യങ്ങൾ അവലോകനം ചെയ്യുക. ദൈവാത്മാവ് നിങ്ങളുടെ ഗ്രാഹ്യത്തിലേക്ക് കൊണ്ടുവന്ന ആത്മീയ സത്യങ്ങളെക്കുറിച്ച് വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുക. ദൈവ വചനം ഉപയോഗിച്ചുകൊണ്ട് വ്യക്തിപരമായി കർത്താവിന് സങ്കീർത്തനങ്ങൾ, സ്തുതിഗീതങ്ങൾ, ഗാനങ്ങൾ എന്നിവ ആലപിക്കുക. മറ്റ് വിശ്വാസികളെ ദൈവ വചനം പഠിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ദൈവ വചനത്തിൽ നിന്നും നിങ്ങൾക്ക് ലഭിച്ചിട്ടുള്ള എല്ലാ അറിവുകളും പ്രയോഗത്തിൽ വരുത്തുക. അങ്ങനെ നിങ്ങൾക്ക് ഒരു ശക്തമായ അടിത്തറ സ്ഥാപിക്കാനും അതിലൂടെ നിങ്ങളുടെ ക്രിസ്തീയ അനുഭവം വളർത്തിയെടുക്കാനും കഴിയും.

ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. (മത്തായി 7:24-25). ഏത് തരത്തിലുള്ള അടിത്തറയിലാണ് നിങ്ങൾ
നിങ്ങളുടെ ജീവിതം കെട്ടിപ്പടുക്കുന്നത്?

# 2. ദൈവ വചനം–അതിന്റെ വിശുദ്ധിയും ശക്തിയും

ഇന്ത്യയിൽ മണിപ്പാലിലെ കോളേജ് ജീവിതത്തിന്റെ ആവേശകരമായ നാല് വർഷങ്ങളുടെ അവസാനത്തിൽ നിരവധി അത്ഭുതകരമായ കാര്യങ്ങൾ സംഭവിച്ചു. ഏറ്റവും പ്രധാനം, ഞങ്ങളിൽ ചിലരെ– സാധാരണ കോളേജ് വിദ്യാർത്ഥികളെ ഒരുമിച്ച് പ്രവർത്തിക്കാനും വിദ്യാർത്ഥി സമൂഹത്തിൽ ശക്തമായ ഒരു ക്രിസ്തീയ കൂട്ടായ്മയായി വളരുന്നതിനുള്ള അടിത്തറയിടാനും ദൈവം പ്രാപ്തരാക്കി എന്നതാണ്. അക്കാദമിക് വർഷത്തിന്റെ അവസാനമായപ്പോൾ എന്റെ പല സുഹൃത്തുക്കളും വീട്ടിലേക്ക് പോയി. ഈ സമയത്ത് ഡോർമിറ്ററി അസാധാരണമാംവിധം ശാന്തമാകുമെന്ന് അറിഞ്ഞ ഞാൻ, കർത്താവിനോടൊപ്പം തനിച്ച് കുറച്ച് സമയം ചെലവഴിക്കേണ്ടതിനു കുറച്ച് ദിവസങ്ങൾ കൂടി തുടരാൻ തീരുമാനിച്ചു. വളരെയധികം അജ്ഞാതമായിരുന്ന എന്റെ ഭാവിയെക്കുറിച്ചും എന്റെ മുന്നിലുള്ള ജീവിതത്തെക്കുറിച്ചും പ്രാർത്ഥിക്കാൻ ഞാൻ പ്രത്യേകം ആഗ്രഹിച്ചു. ഈ പ്രാർത്ഥന കാലഘട്ടത്തിലാണ് യെശയ്യാവു 45:1-3 എന്റെ ഹ്രദയത്തിൽ ആഴമായ ചലനമുണ്ടാക്കിയത്. എന്നെ സംബന്ധിച്ചിടത്തോളം ഈ വാക്യങ്ങൾ അടിസ്ഥാന വാക്യങ്ങളായി മാറി–എന്റെ ഹൃദയത്തിൽ ഒരു പ്രത്യേക സ്ഥാനം ഉൾക്കൊള്ളുന്ന വാക്യങ്ങൾ. അവയുടെ അർത്ഥവും അവ എന്റെ ജീവിതത്തിൽ ബാധകമാകുന്ന രീതിയും ഞാൻ മനസ്സിലാക്കി.

ഈ വചനത്തിൽ വാഗ്ദാനമായി കർത്താവ് പറഞ്ഞു, അവൻ നമുക്ക് മുൻപായി പോയി വാതിലുകളെ തുറക്കും, ഇനി ഈ വാതിലുകൾ ആരും അടയ്ക്കുകയില്ല. അതിനുശേഷവും, അസാധ്യതകളുടേയും അടച്ച വാതിലുകളുടേയും മുൻപിൽ ഞാൻ മുഖാമുഖം നിന്ന നിരവധി അവസരങ്ങളുണ്ട്. യൂണിവേഴ്സിറ്റികളിലെ അഡ്മിഷൻ, പഠനത്തിനുള്ള സാമ്പത്തിക സഹായങ്ങൾ, മറ്റു രാജ്യങ്ങളിലേക്കുള്ള വിസ, ഉയർന്നുവരുന്ന സാമ്പത്തികാവശ്യങ്ങൾ തുടങ്ങി മറ്റെല്ലാ സാഹചര്യങ്ങളിലും ഞാൻ ഈ വാക്യങ്ങളിലേക്ക് മടങ്ങിവന്ന് ദൈവമുമ്പാകെ നിന്നു, താൻ വാഗ്ദാനം ചെയ്തത് അവൻ ചെയ്യും എന്ന ഉറപ്പോടെ. ഈ തിരുവെഴുത്തുകളിലെ വാക്യങ്ങളെ ക്രിസ്തുവിൽ നമുക്ക് നൽകിയിട്ടുള്ള അധികാരത്താൽ വിവിധ സാഹചര്യങ്ങളിലും പരിതഃസ്ഥിതികളിലും ഞാൻ നടപ്പിലാക്കുകയും സഹചര്യങ്ങൾ മാറുന്നത് കാണുകയും ചെയ്തിട്ടുണ്ട്. യുക്തിസഹമായ മനസ്സിന് യുക്തിരഹിതമെന്നും ഒരുപക്ഷെ വിഡ്ഢിത്തം എന്ന് തന്നെ തോന്നാവുന്ന രീതിയിൽ ഞാൻ ഈ വാക്യങ്ങളുടെ വിശുദ്ധിയിലും ശക്തിയിലും ആശ്രയിച്ചിട്ടുണ്ട്. ദൈവവചനം ഒരിക്കലും പരാജയപ്പെട്ടിട്ടില്ലെന്ന്

ഞാൻ സന്തോഷത്തോടെ സാക്ഷ്യപ്പെടുത്തുന്നു! അതുപോലെ, ലോകമെമ്പാടുമുള്ള അനേകരും അവർ നേരിട്ട അനവധി വെല്ലുവിളികളുടെ മധ്യത്തിൽ മാറ്റം വരാത്ത ദൈവവചനത്തിൽ മാത്രം ആശ്രയിക്കുകയും ദൈവം തന്റെ വചനത്തിന്റെ ശക്തിയാൽ അവരെ വിജയകരമായി നടത്തിയതെങ്ങനെയെന്ന സാക്ഷ്യം പങ്കിടാൻ കഴിയും.

നമുക്ക് വരാൻ കഴിയുന്ന ഒരിടം, ദൈവത്തിന്റെ വിലയേറിയ വചനത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരിടം; ദൈവവചനത്തിന്റെ സമഗ്രതയിലും ശക്തിയിലും ചോദ്യം ചെയ്യാനാകാത്ത ആത്മവിശ്വാസത്തോടെ നമ്മുടെ ഹൃദയത്തെ പിടിച്ചിരിക്കുന്ന ഒരു സ്ഥലം; മറ്റെന്തിനെക്കാളും ഉപരിയായി നാം അവന്റെ വചനത്തെ ബഹുമാനിക്കുന്ന ഒരിടം; വചനം നമ്മുടെ സ്വഭാവത്തെ രൂപാന്തരപ്പെടുത്തുകയും നമ്മുടെ ചിന്തയെ സ്വാധീനിക്കുകയും നമ്മുടെ പ്രവർത്തനങ്ങളെ നയിക്കുകയും ചെയ്യുന്ന ഒരിടം; വചനത്തിലൂടെ വരുന്ന ആത്മീയ വിവേകത്തിനായി നമ്മുടെ ഹൃദയം കൊതിക്കുന്നതും വിശക്കുന്നതുമായ ഒരിടം; തിരുവെഴുത്തുകളിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ അവന്റെ മഹിമ കൂടുതൽ കാണാൻ നാം ആഗ്രഹിക്കുന്ന ഒരിടം; ദൈവവചനത്തിലെ ശുദ്ധമായ ആനന്ദത്തിന്റെ ഒരിടം. ഈ സ്ഥലത്ത് നിരന്തരം വസിക്കുന്നതിന്റെ സന്തോഷം നാം ഓരോരുത്തരും അനുഭവിക്കണമെന്നാണ് ഞങ്ങളുടെ പ്രാർത്ഥന.

# ദൈവത്തിന്റെ പരമാധികാരം

**റോമർ 11:33**
**ഹാ, ദൈവത്തിന്റെ ജ്ഞാനത്തിന്റെയും, അറിവിന്റെയും ധനത്തിന്റെയും ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു.**

ദൈവത്തിന്റെ വഴികൾ “കണ്ടെത്താൻ കഴിയാത്തതും” അല്ലെങ്കിൽ മനുഷ്യന്റെ ധാരണയ്ക്ക് അതീതമാണ്. പലപ്പോഴും അപ്രധാനവും അവ്യക്തവുമാണെന്ന് തോന്നുന്ന രീതിയിലാണ് ദൈവത്തിന്റെ പരമാധികാര കരങ്ങൾ മനുഷ്യചരിത്രത്തിന്റെ ഗതി വിഗതിയിൽ തുടരുന്നത്. മിക്കപ്പോഴും ദൈവത്തിന്റെ പ്രവൃത്തികൾ വളരെ ലൗകികവും സാധാരണവുമാണ് എങ്കിലും അവ അത്ഭുതകരമായ ദൈവിക പ്രവൃത്തികളെക്കാൾ കുറഞ്ഞവയല്ല. മോശെ തന്റെ വടികൊണ്ട് അടിച്ചപ്പോൾ തൽക്ഷണം പാറയിൽ നിന്ന് വെള്ളം പുറപ്പെടുവിച്ച അതേ ദൈവം തന്നെയാണ് മരുഭൂമിയിലെ സമാഗമന കൂടാരത്തിന്റെ നിർമ്മാണത്തിൽ അധ്വാനിക്കുന്ന ബെസലേലിലൂടെയും സഹപ്രവർത്തകരിലൂടെയും പ്രവർത്തിച്ചത് (പുറപ്പാട് 31:1-11). മനുഷ്യ മനസ്സിന് പലപ്പോഴും ബെസലേലിന്റെയും അദ്ദേഹത്തിന്റെ കരകൗശലത്തൊഴിലാളികളുടെയും കഠിനാധ്വാനം ദൈവത്തിന്റെ

പ്രവൃത്തിയാണെന്ന് അംഗീകരിക്കാൻ പ്രയാസമാണ്. എന്നാൽ, സമാഗമന കൂടാരത്തിനായി സ്വർണ്ണം, വെള്ളി, വെങ്കലം എന്നിവകൊണ്ട് കലാസൃഷ്ടികൾ രൂപകൽപ്പന ചെയ്യാൻ ഈ കരകൗശലത്തൊഴിലാളികളെ ജ്ഞാനവും വിവേകവും അറിവും കൊണ്ട് നിറച്ചത് ദൈവാത്മാവാണ്.

ഈ ലളിതമായ ഉദാഹരണത്തിലൂടെ ദൈവം സാധാരണക്കാരായ വ്യക്തികളുടെ ജീവിതത്തിലൂടെ തന്റെ ദൈവിക ഉദ്ദേശങ്ങൾ നിറവേറ്റുന്നുവെന്ന് നമുക്ക് ആത്മവിശ്വാസത്തോടെ പറയാൻ കഴിയും. ക്രിസ്തീയ ബൈബിളിലെ 66 പുസ്തകങ്ങളുടെ സമാഹരണമാണത്. തിരുവെഴുത്തുകളുടെ സമാഹരണത്തിലും കാനോനൈസേഷനിലും ദൈവത്തിന്റെ പരമാധികാരം പ്രവർത്തിച്ചിരുന്നു. ചിലപ്പോൾ അത്തരമൊരു അവകാശവാദത്തിന്റെ സാധുതയെ മനുഷ്യ മനസ്സ് ചോദ്യം ചെയ്തേക്കാം. പക്ഷെ ഈ കാര്യങ്ങൾ മനസിലാക്കുന്നവർക്കു മനുഷ്യൻ തന്റെ ദൈനംദിന ജീവിതത്തിൽ ഏർപ്പെടുമ്പോൾ തന്നെ ദൈവം തന്റെ വേല നിശബ്ദമായി നിർവഹിക്കുന്നു എന്ന് അറിയാൻ കഴിയും. ഇതൊരു യാഥാർഥ്യമായ വസ്തുതയാണ്.

# അവന്റെ നാമത്തിന് മീതെ

**സങ്കീർത്തനം 138: 2**
**ഞാൻ നിന്റെ വിശുദ്ധമന്ദിരത്തെ നോക്കി നമസ്കരിച്ചു, നിന്റെ ദയയും വിശ്വസ്തതയും നിമിത്തം തിരുനാമത്തിന്നു സ്തോത്രം ചെയ്യും. നിന്റെ നാമത്തിന്നു മീതെ ഒക്കെയും നീ നിന്റെ വാഗ്ദാനം മഹിമപ്പെടുത്തിയിരിക്കുന്നു.**

ദൈവം തന്റെ വചനത്തിന് തന്റെ നാമത്തേക്കാൾ വലിയ പ്രാധാന്യം നൽകി, തന്റെ വചനത്തെ തന്റെ നാമത്തിനു മീതെ ഉയർത്തി. ദൈവത്തെ സംബന്ധിച്ചിടത്തോളം, അവന്റെ വചനത്തിന് അവന്റെ പ്രശസ്തിയെക്കാൾ പ്രാധാന്യമുണ്ട്. കാരണം അവന്റെ പേര്–അവന്റെ പ്രശസ്തി–അവന്റെ വചനം പോലെ ഉന്നതമാണ്! ഇതിനെക്കുറിച്ച് നാം കൂടുതൽ മനസിലാക്കേണ്ടതുണ്ട്. അവന്റെ മഹത്വം അവന്റെ വചനത്തെ ആശ്രയിച്ചിരിക്കുന്നു. ദൈവത്തിന്റെ വചനത്തിൽ നിന്നാണ് അവന്റെ നാമത്തിനു മഹത്വവും ബഹുമാനവും ഉണ്ടായിരിക്കുന്നത്. രണ്ട് പ്രധാന സൂചനകൾ ഉണ്ട്. ഒന്നാമതായി, ദൈവത്തിന്റെ ഭാഗത്തുനിന്ന്, കാരണം അവൻ തന്റെ വചനത്തെ തന്റെ നാമത്തിന് മുകളിൽ ഉയർത്തി, തനിക്ക് ഉള്ളതിനെക്കൊണ്ടെല്ലാം തൻ തന്റെ വചനത്തെ ഉയർത്തുന്നു. ദൈവത്തിന്റെ സർവ്വശക്തി, സർവ്വവ്യാപിത്വം, സർവജ്ഞാനം മാത്രമല്ല അവന്റെ മുഴു ആളത്വത്താൽ തന്റെ വചനത്തെ അവൻ ഉറപ്പാക്കുന്നു. എന്റെ വചനം നിവർത്തിക്കേണ്ടതിന്നു ഞാൻ ജാഗരിച്ചുകൊള്ളും എന്നു അരുളിച്ചെയ്തു (യിരെമ്യാവു 1:12, ആംപ്ലിഫൈഡ് ബൈബിൾ). രണ്ടാമതായി, നമ്മുടെ ഭാഗത്തുനിന്ന്, കർത്താവിന്റെ നാമത്തെ മാത്രമല്ല അവന്റെ വചനത്തെ കൂടി അറിയേണ്ടതിന്റെ പ്രാധാന്യം നാം മനസ്സിലാക്കേണ്ടതുണ്ട്, “കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും

രക്ഷിക്കപ്പെടും" (റോമർ 10:13). ഇപ്പോൾ നാം അവന്റെ വചനം അറിയുന്നത് തുടരേണ്ടതുണ്ട് കാരണം, ദൈവം തന്നെ തന്റെ വചനത്തിന് അവന്റെ നാമത്തേക്കാൾ വലിയ സ്ഥാനമാണ് നൽകിയിരിക്കുന്നത്.

## ദൈവവചനം അവന്റെ സ്വഭാവം പോലെ തന്നെ ശക്തമാണ്

**എബ്രായർ 6: 11-18**

**11 എന്നാൽ നിങ്ങൾ ഓരോരുത്തൻ പ്രത്യാശയുടെ പൂർണ്ണനിശ്ചയം പ്രാപിപ്പാൻ അവസാനത്തോളം ഒരുപോലെ ഉത്സാഹം കാണിക്കേണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു.**
**12 അങ്ങനെ നിങ്ങൾ മന്ദതയുള്ളവരാകാതെ വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികളായിത്തീരും.**
**13 ദൈവം അബ്രാഹാമിനോടു വാഗ്ദത്തം ചെയ്യുമ്പോൾ തന്നെക്കാൾ വലിയവനെക്കൊണ്ടു സത്യം ചെയ്‌വാൻ ഇല്ലാഞ്ഞിട്ടു തന്നെക്കൊണ്ടു തന്നേ സത്യം ചെയ്തു:**
**14 "ഞാൻ നിന്നെ അനുഗ്രഹിക്കയും നിന്നെ വർദ്ധിപ്പിക്കയും ചെയ്യും" എന്നു അരുളിച്ചെയ്തു.**
**15 അങ്ങനെ അവൻ ദീർഘക്ഷമയൊടിരുന്നു വാഗ്ദത്തവിഷയം പ്രാപിച്ചു.**
**16 തങ്ങളെക്കാൾ വലിയവനെക്കൊണ്ടല്ലോ മനുഷ്യർ സത്യം ചെയ്യുന്നതു; ആണ അവർക്കു ഉറപ്പിന്നായി സകലവാദത്തിന്റേയും തീർച്ചയാകുന്നു.**
**17 അതുകൊണ്ടു ദൈവം വാഗ്ദത്തത്തിന്റെ അവകാശികൾക്കു തന്റെ ആലോചന മാറാത്തതു എന്നു അധികം സ്പഷ്ടമായി കാണിപ്പാൻ ഇച്ഛിച്ചു ഒരു ആണയാലും ഉറപ്പുകൊടുത്തു.**
**18 അങ്ങനെ നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ള പ്രത്യാശ പിടിച്ചുകൊൾവാൻ ശരണത്തിന്നായി ഓടിവന്ന നാം മാറിപ്പോകാത്തതും ദൈവത്തിന്നു ഭോഷ്കുപറവാൻ കഴിയാത്തതുമായ രണ്ടു കാര്യങ്ങളാൽ ശക്തിയുള്ള പ്രബോധനം പ്രാപിപ്പാൻ ഇടവരുന്നു.**

അങ്ങനെ നിങ്ങൾ മന്ദതയുള്ളവരാകാതെ വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികളായിത്തീരും. ദൈവം അബ്രാഹാമിനോടു വാഗ്ദത്തം ചെയ്യുമ്പോൾ തന്നെക്കാൾ വലിയവനെക്കൊണ്ടു സത്യം ചെയ്‌വാൻ ഇല്ലാഞ്ഞിട്ടു തന്നെക്കൊണ്ടു തന്നേ സത്യ ചെയ്തു: "ഞാൻ നിന്നെ അനുഗ്രഹിക്കയും നിന്നെ വർദ്ധിപ്പിക്കയും ചെയ്യും" എന്നു അരുളിച്ചെയ്തു. അങ്ങനെ അവൻ ദീർഘക്ഷമയൊടിരുന്നു വാഗ്ദത്തവിഷയം പ്രാപിച്ചു. തങ്ങളെക്കാൾ വലിയവനെക്കൊണ്ടല്ലോ മനുഷ്യർ സത്യം ചെയ്യുന്നതു; ആണ അവർക്കും ഉറപ്പിന്നായി സകലവാദത്തിന്റെയും തീർച്ചയാകുന്നു. അതുകൊണ്ടു ദൈവം വാഗ്ദത്തത്തിന്റെ അവകാശികൾക്കു തന്റെ ആലോചന മാറാത്തതു എന്നു അധികം സ്പഷ്ടമായി കാണിപ്പാൻ ഇച്ഛിച്ചു ഒരു ആണയാലും ഉറപ്പുകൊടുത്തു. അങ്ങനെ നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ള പ്രത്യാശ പിടിച്ചുകൊൾവാൻ ശരണത്തിന്നായി ഓടിവന്ന നാം

മാറിപ്പോകാത്തതും ദൈവത്തിന്നു ഭോഷ്കുപറവാൻ കഴിയാത്തതുമായ രണ്ടു കാര്യങ്ങളാൽ ശക്തിയുള്ള പ്രബോധനം പ്രാപിപ്പാൻ ഇടവരുന്നു.

ദൈവം അബ്രഹാമിനോട് ഒരു വാഗ്ദത്വം ചെയ്തപ്പോൾ, തന്നെക്കൊണ്ട് തന്നെയാണ് അത് ഉറപ്പാക്കിയത്. "ഞാൻ നിന്നെ അനുഗ്രഹിക്കും" എന്നും "ഞാൻ നിന്നെ വർദ്ധിപ്പിക്കും" എന്നും അവൻ പറഞ്ഞു. ദൈവം അബ്രഹാമിന് "മാറ്റമില്ലാത്ത രണ്ട് കാര്യങ്ങൾ" നൽകി–അവന്റെ വാഗ്ദാനവും (വചനവും) പ്രതിജ്ഞയും. "ഞാൻ ചെയ്യും" എന്ന് ദൈവം പറയുമ്പോഴെല്ലാം, ആ വാഗ്ദത്വത്തെ ഉറപ്പാക്കുന്നതിനുള്ള മാറ്റാനാവാത്ത രണ്ട് കാര്യങ്ങൾ അവൻ നമുക്ക് നൽകുന്നു–അവന്റെ വാഗ്ദാനവും (വചനവും) പ്രതിജ്ഞയും (വാക്ക്, വാഗ്ദാനം). ദൈവത്തിന്റെ എല്ലാ വചനങ്ങളും (വാഗ്ദാനങ്ങൾ) ഒരു സത്യപ്രതിജ്ഞയും ബഹുമാനവാക്കുമാണ്, കാരണം ഇത് ഒരു വാഗ്ദാനവും പ്രതിജ്ഞയുമാണ്. "അവൻ സ്വയം സത്യം ചെയ്തു." ദൈവത്തിന്റെ സത്യപ്രതിജ്ഞ അവനെ തന്നെ അടിസ്ഥാനമാക്കിയുള്ളതാണ്. ദൈവത്തെപ്പോലെ മാറ്റമില്ലാത്ത മറ്റൊന്നില്ല, കാരണം അവൻ തന്റെ സ്വഭാവത്തെ ഒരുനാളിലും മാറ്റാത്ത ദൈവമാണ്. ദൈവം പറഞ്ഞു, യഹോവയായ ഞാൻ മാറാത്തവൻ; (മലാഖി 3:6എ)). അതിനാൽ, ഓരോ ദൈവവചനവും മാറ്റാനാവാത്ത ദൈവത്തിന്റെ സ്വഭാവത്താൽ ഉറപ്പാക്കപ്പെടുന്നു. ദൈവത്തിന്റെ സ്വഭാവത്തിന്റെ ഒരു സുപ്രധാന വശം, നുണ പറയുന്നത് ദൈവത്തിന് അസാധ്യമാണ് എന്നതാണ്.

അവനാണ് "ഭോഷ്കില്ലാത്ത ദൈവം" (തീത്തോസ് 1:2എ)). അവൻ സംസാരിക്കുന്ന ഓരോ വാക്കും സത്യമാണ്. യേശു പറഞ്ഞതുപോലെ, "നിന്റെ വചനം സത്യമാണ്" (യോഹന്നാൻ 17:17ബി). ദൈവത്തിന്റെ മാറ്റമില്ലാത്ത സ്വഭാവത്തിൽ നാം ആശ്രയിക്കേണ്ടതുണ്ട്. അവന് ഒരിക്കലും നുണ പറയാനാവില്ലെന്ന് നമുക്കറിയാം, അതിനാൽ അവൻ പറഞ്ഞ എല്ലാ വാക്കുകളും കേവല സത്യങ്ങളാണ്. "വ്യാജം പറവാൻ ദൈവം മനുഷ്യനല്ല; അനുതപിപ്പാൻ അവൻ മനുഷ്യപുത്രനുമല്ല; താൻ കല്പിച്ചതു ചെയ്യാതിരിക്കുമോ? താൻ അരുളിച്ചെയ്തതു നിവർത്തിക്കാതിരിക്കുമോ? (സംഖ്യാപുസ്തകം 23:19). നാമീ കാര്യങ്ങളെ ഉറപ്പാക്കുമ്പോളെല്ലാം, തിരുവെഴുത്ത് പറയുന്നതുപോലെ, നമുക്ക് "ശക്തമായ ആശ്വാസമുണ്ട്" അല്ലെങ്കിൽ ആംപ്ലിഫൈഡ് ബൈബിൾ വിശദീകരിക്കുന്നതുപോലെ, നമുക്ക് "ശക്തമായ വാസസ്ഥലവും ശക്തമായ പ്രോത്സാഹനവും" ഉണ്ട് (എബ്രായർ 6:18).

## ശുദ്ധമായ വചനം

**സങ്കീർത്തനം 12: 6**

**യഹോവയുടെ വചനങ്ങൾ നിർമ്മല വചനങ്ങൾ ആകുന്നു; നിലത്തു ഉലയിൽ ഉരുക്കി ഏഴുപ്രാവശ്യം ശുദ്ധിചെയ്ത വെള്ളിപോലെ തന്നേ.**

നമ്മുടെ ദൈവം സത്യത്തിന്റെ ദൈവമാണ്. അവന്റെ വാക്കുകൾ യഥാർത്ഥ വാക്കുകളാണ്, ശുദ്ധമായ വചനങ്ങൾ. ദൈവവചനം തെറ്റില്ലാത്തതാണ്. "നിന്റെ വചനത്തിന്റെ സാരം സത്യം തന്നേ" (സങ്കീർത്തനം 119:160എ)). "അവന്റെ നല്ല വാഗ്ദാനങ്ങളെല്ലാറ്റിലും വെച്ചു ഒന്നെങ്കിലും നിഷ്ഫലമായിട്ടില്ലല്ലോ..." (1 രാജാക്കന്മാർ 8:56ബി). ശക്തമായ ആത്മവിശ്വാസത്തോടെ തന്നെ നമുക്ക് അവയിൽ ആശ്രയിക്കാം. അവന്റെ വാഗ്ദാനങ്ങളിൽ അളവുകൂടാതെ നമുക്ക് വിശ്വസിക്കാൻ കഴിയും, അവന്റെ ഉപദേശങ്ങൾ പൂർണ്ണഹൃദയത്തോടെയാണ് ലഭിച്ചിട്ടുള്ളത്. ദൈവവചനം സ്വർഗത്തിൽ എന്നെക്കും സ്ഥിരമായിരിക്കുന്നു (സങ്കീർത്തനം 119:89). അവ ഒരിക്കലും മാറുകില്ല, കാരണം അവൻ ഒരിക്കലും തന്റെ ഉടമ്പടി ലംഘിക്കുകയോ അവൻ പറഞ്ഞ കാര്യങ്ങൾ പിൻവലിക്കുകയോ ചെയ്യില്ല (സങ്കീർത്തനം 89:34). അവന്റെ വചനം എന്നേക്കും നിലനിൽക്കുന്നു (1 പത്രോസ് 1:23). അവന്റെ വചനം ശക്തമായ സുരക്ഷയുടെ ഒരിടമാണ്, കാരണം വചനം പോലെ ശുദ്ധവും ഉറപ്പുള്ളതും നിലനിൽക്കുന്നതുമായ മറ്റൊന്നില്ല.

## ദൈവ വചനം ദൈവത്തിന്റെ ശക്തിയുടെ വാഹകനാണ്

**എബ്രായർ 11:3**
**ഈ കാണുന്ന ലോകത്തിന്നു ദൃശ്യമായതല്ല കാരണം എന്നു വരുമാറു ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്നു നാം വിശ്വാസത്താൽ അറിയുന്നു.**

**എബ്രായർ 1:3a**
**അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തേയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ടു.**

**എബ്രായർ 4:12**
**ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെ തുളെച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു.**

ബൈബിൾ നമ്മെ പഠിപ്പിക്കുന്നത് ഈ പ്രപഞ്ചം ദൈവത്തിന്റെ വചനത്താൽ ഉളവായി എന്നാണ്. "മഹാവിസ്ഫോടന" സിദ്ധാന്തത്തിന്റേയും മറ്റ് സിദ്ധാന്തങ്ങളുടെയും വക്താക്കൾ അവകാശപ്പെടുന്നതുപോലെ, കാലക്രമേണ, എല്ലാം ഒന്നിച്ചുചേർന്നുവെന്ന് വിശ്വസിക്കുന്നതിനേക്കാൾ ഇതാണ് യുക്തിസഹം. "പ്രപഞ്ചം ദൈവവചനത്താൽ രൂപപ്പെട്ടതാണെന്ന്" ഞങ്ങൾ മനസ്സിലാക്കുന്നു. ഈ പ്രപഞ്ചം രൂപപ്പെടുത്തിയതും നിർമ്മിച്ചതും രൂപകൽപ്പന

ചെയ്തതും ദൈവത്തിന്റെ വാക്കുകളാണ്. “ഈ കാണുന്ന ലോകത്തിന്നു ദൃശ്യമായതല്ല കാരണം എന്നു വരുമാറു ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു (എബ്രായർ 11:3). പ്രകൃതി ആത്മീയത്തിൽ നിന്നാണ് പുറത്തു വരുന്നത്. അത് നാം മനസ്സിലാക്കേണ്ടുന്ന ശക്തമായ ഒരു സത്യമാണ്. ദൈവ വചനമാണ് ദൃശ്യമായ ലോകത്തിന്റെ സൃഷ്ടിക്കു കാരണമായ അദൃശ്യവും ആത്മീകവുമായ വസ്തു. എല്ലാം ദൈവവചനത്താൽ സൃഷ്ടിക്കപ്പെട്ടവ മാത്രമല്ല, എബ്രായർ 1:3 അനുസരിച്ച് എല്ലാം വചനത്താൽ സ്ഥിരീകരിക്കപ്പെടുന്നു. ദൈവവചനത്താലാണ് ഈ പ്രപഞ്ചം മുഴുവനും നിലനിർത്തപ്പെടുന്നതും പരിപാലിക്കപ്പെടുന്നതും നിയന്ത്രിക്കപ്പെടുന്നതും ക്രമത്തിൽ സൂക്ഷിക്കപ്പെടുകയും ചെയ്യുന്നത്.

ദൈവവചനം ദൈവത്തിന്റെ ശക്തിയാൽ നിറഞ്ഞതാണെന്ന് തിരിച്ചറിയുമ്പോഴാണ് ഈ സത്യം നാം മനസ്സിലാക്കുന്നതു. ഭൗതികശാസ്ത്രത്തിൽ, പ്രകാശത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള ഒരു സിദ്ധാന്തം പ്രകാശത്തിൽ ഫോട്ടോണുകൾ ഉൾക്കൊള്ളുന്നുവെന്ന് വിശദീകരിക്കുന്നു. ഫോട്ടോണുകൾ എനർജി പാക്കറ്റുകളാണ്. ഈ ഫോട്ടോണുകൾ അനുയോജ്യമായ വസ്തുക്കളുമായി കൂട്ടിമുട്ടുമ്പോൾ, അവയുടെ ഊർജ്ജം പുറത്തുവിടുന്നു. സമാനമായി, നമ്മുടെ മനസ്സിൽ, ദൈവവചനത്തെ ഊർജ്ജ പാക്കറ്റുകളായി ചിത്രീകരിക്കാൻ കഴിയും, അവയിൽ സർവശക്തനായ ദൈവത്തിന്റെ സർവശക്തി ഉൾക്കൊള്ളുന്നു. ദൈവവചനം ഈ ദിവ്യശക്തിയെ പുറത്തുവിടുകയും ദൈവത്തിന്റെ സൃഷ്ടിപരമായ പ്രവർത്തനങ്ങൾ നടക്കുകയും ചെയ്യുന്നു.

ദൈവം ഈ പ്രപഞ്ചത്തെ മുഴുവൻ തന്റെ വചനത്തിന്റെ ശക്തിയാൽ സൃഷ്ടിച്ചുവെങ്കിൽ നമ്മുടെ ജീവിതത്തിൽ, ഇപ്പോൾ നിലവിലില്ലാത്ത കാര്യങ്ങൾ ഉണ്ടാക്കാൻ അവനു കഴിയില്ലേ? രോഗികൾക്ക്, ദൈവവചനത്തിന്റെ ശക്തിയാൽ രോഗശാന്തിയും ആരോഗ്യവും നൽകുവാൻ ദൈവത്തിന് കഴിയും. ആവശ്യങ്ങൾ ഉള്ളിടത്തു, തന്റെ വചനത്തിന്റെ ശക്തിയാൽ, ദൈവത്തിന് അവശ്യ സാധനങ്ങൾ വിതരണം ചെയ്യുവാൻ കഴിയും. ദൈവത്തിന്റെ സൃഷ്ടിപരമായ ശക്തി അവന്റെ വചനത്തിൽ വസിക്കുന്നു. അതിനാൽ, ദൈവം വാഗ്ദാനം ചെയ്ത കാര്യങ്ങൾ ഇപ്പോൾ നമ്മുടെ ജീവിതത്തിൽ ഇല്ലാത്തതാണെങ്കിലും ഉളവാക്കുവാൻ (നിലവിൽ വരാൻ) ദൈവവചനത്തിന് കഴിയും.

ഈ പ്രപഞ്ചത്തെ രൂപപ്പെടുത്തുന്നതിനും നിർമ്മിക്കുന്നതിനും ദൈവം തന്റെ വചനം ഉപയോഗിച്ചു. ദൈവത്തിന് അവന്റെ വചനത്താൽ നമ്മുടെ വർത്തമാനവും ഭാവിയും രൂപപ്പെടുത്താനും നിർമ്മിക്കാനും കഴിയില്ലേ? നമ്മുടെ വർത്തമാനകാലത്തെ മാറ്റാനും നമ്മുടെ ഭാവിയെ രൂപപ്പെടുത്താനും ദൈവവചനത്തിനു ശക്തിയുണ്ട്.

ഈ പ്രപഞ്ചം മുഴുവനും ദൈവവചനത്താൽ നിലനിൽക്കുകയും ക്രമീകരിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നു. ദൈവവചനത്തിന് നമ്മുടെ ജീവിതത്തെ നിലനിർത്താനും ക്രമീകരിക്കുവാനും നിയന്ത്രിക്കാനും കഴിയില്ലേ? ഈ ഭൂമിയിലെ നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള കാര്യങ്ങൾ നിലനിർത്താനും നിയന്ത്രിക്കാനും ക്രമീകരിക്കുവാനും ദൈവവചനം മതിയായതാണ്.

# വാഗ്ദാനങ്ങളിൽ നില നിൽക്കുക

**റോമർ 4:18**
**അബ്രഹാം (മാനുഷിക കാരണങ്ങളാൽ ആശ ഇല്ലാതായി) അവൻ ആശെക്കു വിരോധമായി ആശയോടെ വിശ്വസിച്ചു.**

വചനത്തിന്റെ വിശുദ്ധിയും ശക്തിയും മനസിലാക്കുന്നത് അതിൽ കൂടുതലായി ആശ്രയിക്കാൻ നമുക്ക് ശക്തമായ ആത്മവിശ്വാസം നൽകുന്നു. ദൈവവചനം സത്യമാണ്, അതിനാൽ ദൈവ വചനത്തിൽ നമുക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതൊക്കെയും ലഭിക്കുമെന്ന് പ്രതീക്ഷിക്കാം. ദൈവവചനം ശക്തിയുള്ളതാണ്, അതിനാൽ അവന്റെ വചനം നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുമെന്ന് നമുക്ക് ഉറപ്പോടെയായിരിക്കാം. ഏത് അർത്ഥത്തിലാണെങ്കിലും അബ്രഹാമിനെപ്പോലെ, പ്രത്യാശക്കെതിരായി അനേക കാരണങ്ങളുണ്ടെങ്കിലും, ദൈവം നാം ആയിത്തീരുമെന്ന് നമ്മോട് പറഞ്ഞതെല്ലാം നാം ആയിത്തീരുമെന്ന വിശ്വാസത്തിൽ പ്രത്യാശ വെക്കാം. ദൈവവചനത്തിന്റെ വിശുദ്ധിയും ശക്തിയും മനസിലാക്കിയതിനാലാണ് നാം ഇത് ചെയ്യുന്നത്. അവന്റെ വചനം പരാജയപ്പെടില്ലെന്നു നമുക്കറിയാം.

നമ്മിൽ ചിലർ സാമ്പത്തികമായി ബുദ്ധിമുട്ടേറിയ സമയങ്ങളെ അഭിമുഖീകരിക്കുന്നുണ്ടാകാം. നിങ്ങളുടെ ദൈനംദിന ആവശ്യങ്ങളിൽ വരുന്ന ബുദ്ധിമുട്ടുകൾ എപ്പോഴെങ്കിലും മാറുമോ എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടാകാം. നമ്മുടെ ഭൗതിക ആവശ്യങ്ങളെല്ലാം നിറവേറ്റിത്തരാമെന്നു ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്. “എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിന്നൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും (ഫിലിപ്പിയർ 4:19). “മുമ്പെ ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും” (മത്തായി 6:33). നമുക്കുള്ളതുകൊണ്ടു നാം ദൈവത്തെ ബഹുമാനിക്കുമ്പോൾ, അവൻ നിശ്ചയമായി നമ്മെ വർദ്ധിപ്പിക്കും (സദൃശവാക്യങ്ങൾ 3:9-10; മലാഖി 3:9-11). ഈ വാഗ്ദാനങ്ങൾ ഓരോന്നും വിശുദ്ധവും ദൈവികശക്തി നിറഞ്ഞതുമാണെന്ന് അറിഞ്ഞു ഞങ്ങൾ വിശ്വാസത്തിൽ അവയെ മുറുകെ പിടിക്കുന്നു. സാമ്പത്തിക അനുഗ്രഹങ്ങളിൽ സൃഷ്ടിപരമായ അത്ഭുതങ്ങൾ നമ്മുടെ ജീവിതത്തിലേക്ക് കൊണ്ടുവരുന്നതിനും സാഹചര്യങ്ങൾ മാറ്റുന്നതിനും

ഈ വാക്കുകൾക്ക് (വാഗ്ദാനങ്ങൾ) മതിയായ ശക്തിയുണ്ടെന്ന് നാമറിയുന്നു. നാം അവിടുത്തെ വാഗ്ദാനങ്ങളിൽ നിലകൊള്ളുന്നു.

ചിലർ തങ്ങളുടെ ഭാവിക്കായി ദൈവത്തെ നോക്കുന്നുണ്ടാകാം. കാര്യങ്ങൾ അവ്യക്തവും, ഉറപ്പില്ലാത്തതും, ഒരുപക്ഷേ പ്രതീക്ഷയില്ലാത്തതും, ഇരുണ്ടതുമാണെന്ന് തോന്നുമ്പോഴും, ദൈവവചനം നമ്മുടെ ജീവിതത്തിൽ ആത്മവിശ്വാസവും ഉറപ്പും നൽകുന്നു. എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കും, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കും തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു.(റോമ 8:28) നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മെക്കല്ല നന്മെക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാടു (യിരമ്യാ 29:11). നീതിമാന്മാരുടെ പാതയോ പ്രഭാതത്തിന്റെ വെളിച്ചംപോലെ; അതു നട്ടുച്ചവരെ അധികമധികം ശോഭിച്ചു വരുന്നു.(സദൃശവാക്യങ്ങൾ 4:18) ഒരു മനുഷ്യന്റെ വഴിയിൽ പ്രസാദം തോന്നിയാൽ യഹോവ അവന്റെ ഗമനം സ്ഥിരമാക്കുന്നു. അവൻ വീണാലും നിലംപരിചാകയില്ല; യഹോവ അവനെ കൈപിടിച്ചു താങ്ങുന്നു (സങ്കീ 37:23-24). ഇവയും മറ്റു പല തിരുവെഴുത്തുകളും നമുക്ക് ധൈര്യവും ആത്മവിശ്വാസവും നൽകുന്നു. അവിടുത്തെ വാഗ്ദാനങ്ങളിൽ നമുക്ക് തുടരുവാനും കഴിയുന്നു. സമാനമായ രീതിയിൽ, നമ്മുടെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ, കർത്താവിന്റെ വാഗ്ദാനങ്ങളും കൽപ്പനകളും നമുക്ക് തിരിച്ചറിയാൻ കഴിയുന്നു. നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും അവിടുത്തെ വചനം വിശുദ്ധവും ശക്തി നിറഞ്ഞതുമാണെന്ന് നമുക്ക് അംഗീകരിക്കാൻ കഴിയുന്നു.

ദൈവ വചനത്തിന്റെ പരിധിയില്ലാത്ത ശക്തിയും അത് നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കാനുള്ള സാധ്യതകളും മനസിലാക്കിയാൽ, നാം നമ്മുടെ ജീവിതത്തിൽ ദൈവവചനത്തിന്റെ ശക്തി അനുഭവിക്കാൻ എന്തുചെയ്യണം? എന്താണ് ഒരു വിശ്വാസിയുടെ ജീവിതത്തിൽ ദൈവവചനത്തിന്റെ അന്തർലീനമായ ശക്തി പുറത്തുവിടുന്നത്? ഇനിപ്പറയുന്ന അധ്യായങ്ങളിൽ ഇവ നമുക്ക് ചിന്തിക്കാം.

# 3. ദൈവത്തിന്റെ വചനം: അത്ഭുതകരമായ വിത്ത്

കർത്താവായ യേശു പലപ്പോഴും ഉപമകളിലൂടെയാണ് പഠിപ്പിച്ചത്. ദൈവരാജ്യത്തെക്കുറിച്ചുള്ള സത്യം മനസ്സിലാക്കാൻ സഹായിക്കുന്ന കഥകൾ അല്ലെങ്കിൽ ചിത്രീകരണങ്ങളാണ് ഉപമകൾ. ദൈവരാജ്യം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് ഉപമകൾ നമ്മെ പഠിപ്പിക്കുന്നു.

നമ്മിൽ പലർക്കും പരിചിതമായ ഉപമകളിലൊന്നാണ് വിതെക്കുന്നവന്റെ ഉപമ. അത് മൂന്ന് സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട് (മത്തായി 13:1-9; മത്തായി 18-23; മർക്കോസ് 4:1-10; മർക്കോസ് 13-20; ലൂക്കോസ് 8:4-8,9-15). ഈ ഉപമയെക്കുറിച്ചു മർക്കോസ് രേഖപ്പെടുത്തിയത് നമുക്ക് വായിക്കാം, അതോടൊപ്പം മൂന്ന് സുവിശേഷങ്ങളിലെയും വാക്യങ്ങളിൽ നിന്ന് ഉൾക്കാഴ്ചകൾ സ്വീകരിക്കുകയും ചെയ്യാം.

## വിതക്കാരന്റെ ഉപമ

**മർക്കോസ് 4: 1-10,13-20**

**1 അവൻ പിന്നെയും കടൽക്കരെവെച്ചു ഉപദേശിപ്പാൻ തുടങ്ങി. അപ്പോൾ ഏറ്റവും വലിയ പുരുഷാരം അവന്റെ അടുക്കൽ വന്നു കൂടുകകൊണ്ടു അവൻ പടകിൽ കയറി കടലിൽ ഇരുന്നു; പുരുഷാരം ഒക്കെയും കടലരികെ കരയിൽ ആയിരുന്നു.**
**2 അവൻ ഉപമകളാൽ അവരെ പലതും ഉപദേശിച്ചു, ഉപദേശത്തിൽ അവരോടു പറഞ്ഞതു:**
**3 "കേൾപ്പിൻ; വിതെക്കുന്നവൻ വിതെപ്പാൻ പുറപ്പെട്ടു.**
**4 വിതെക്കുമ്പോൾ ചിലതു വഴിയരികെ വീണു; പറവകൾ വന്നു അതു തിന്നുകളഞ്ഞു.**
**5 മറ്റു ചിലതു പാറസ്ഥലത്തു ഏറെ മണ്ണില്ലാത്തേടത്തു വീണു; മണ്ണിന്നു താഴ്ച ഇല്ലായ്കയാൽ ക്ഷണത്തിൽ മുളെച്ചുവന്നു.**
**6 സൂര്യൻ ഉദിച്ചാറെ ചൂടു തട്ടി, വേരില്ലായ്കകൊണ്ടു ഉണങ്ങിപ്പോയി.**
**7 മറ്റു ചിലതു മുള്ളിന്നിടയിൽ വീണു; മുള്ളു മുളെച്ചു വളർന്നു അതിനെ ഞെരുക്കിക്കളഞ്ഞു; അതു വിളഞ്ഞതുമില്ല.**
**8 മറ്റു ചിലതു നല്ലമണ്ണിൽ വീണിട്ടു മുളെച്ചു വളർന്നു ഫലം കൊടുത്തു; മുപ്പതും അറുപതും നൂറും മേനി വിളഞ്ഞു.**
**9 "കേൾപ്പാൻ ചെവി ഉള്ളവൻ കേൾക്കട്ടെ" എന്നും അവൻ പറഞ്ഞു.**
**10 അനന്തരം അവൻ തനിച്ചിരിക്കുമ്പോൾ അവനോടുകൂടെയുള്ളവൻ പന്തിരുവരുമായി ആ ഉപമകളെക്കുറിച്ചു ചോദിച്ചു.**

**13 പിന്നെ അവൻ അവരോടു പറഞ്ഞതു: "ഈ ഉപമ ഗ്രഹിക്കുന്നില്ലയോ? പിന്നെ മറ്റെ ഉപമകൾ ഒക്കെയും എങ്ങനെ ഗ്രഹിക്കും?"**
**14 "വിതെക്കുന്നവൻ വചനം വിതെക്കുന്നു.**
**15 വചനം വിതച്ചിട്ടു വഴിയരികെ വീണതു, കേട്ട ഉടനെ സാത്താൻ വന്നു ഹൃദയങ്ങളിൽ വിതെക്കപ്പെട്ട വചനം എടുത്തുകളയുന്നതാകുന്നു.**
**16 അങ്ങനെ തന്നേ പാറസ്ഥലത്തു വിതെച്ചതു വചനം കേട്ട ഉടനെ സന്തോഷത്തോടെ കൈക്കൊള്ളുന്നവർ;**
**17 എങ്കിലും അവർ ഉള്ളിൽ വേരില്ലാതെ ക്ഷണികന്മാർ ആകുന്നു; വചനം നിമിത്തം ഉപദ്രവമോ പീഡയോ ഉണ്ടായാൽ ക്ഷണത്തിൽ ഇടറിപ്പോകുന്നു.**
**18 മുള്ളിന്നിടയിൽ വിതെക്കപ്പെട്ടതോ വചനം കേട്ടിട്ടു**
**19 ഇഹലോകത്തിന്റെ ചിന്തകളും ധനത്തിന്റെ വഞ്ചനയും മറ്റുവിഷയ മോഹങ്ങളും അകത്തു കടന്നു, വചനത്തെ ഞെരുക്കി നഷ്ഫലമാക്കി തീർക്കുന്നതാകുന്നു.**
**20 നല്ലമണ്ണിൽ വിതെക്കപ്പെട്ടതോ വചനം കേൾക്കയും അംഗീകരിക്കയും ചെയ്യുന്നവർ തന്നേ; അവർ മുപ്പതും അറുപതും നൂറും മേനി വിളയുന്നു."**

വിതെക്കാരന്റെ ഉപമ ലളിതവും മനസ്സിലാക്കാൻ എളുപ്പവുമാണ്, പ്രത്യേകിച്ചും വിത്ത് വിതയ്ക്കുന്നതും സസ്യങ്ങളെയും വിളകളെയും പരിപോഷിപ്പിക്കുന്ന പ്രക്രിയയെക്കുറിച്ച് ഒന്നുകിൽ വായനയിലൂടെയോ അനുഭവത്തിലൂടെയോ പരിചയമുള്ളവർക്ക്. നമ്മുടെ ജീവിതത്തിൽ ദൈവവചനത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് ആഴമേറിയതും ശക്തവുമായ സത്യങ്ങൾ അറിയിക്കാൻ കർത്താവ് ഈ ലളിതമായ ഉപമ ഉപയോഗിക്കുന്നു. ദൈവവചനം ജീവനുള്ളതും സജീവമായതും ദൈവത്തിന്റെ ശക്തി നിറഞ്ഞതുമാണെന്ന് നമുക്കറിയാം (എബ്രായർ 4:12). ദൈവവചനത്തിലെ ജീവനും ശക്തിയും എങ്ങനെ നമ്മുടെ ജീവിതത്തിലേക്ക് പുറപ്പെടുവിക്കാമെന്ന് ഈ ഉപമ വെളിപ്പെടുത്തുന്നു. ദൈവവചനം ഉൽപ്പാദിപ്പിക്കുന്നതിന് തടസ്സമാകുന്ന കാര്യങ്ങളും ഇത് വെളിപ്പെടുത്തുന്നു.

മറ്റെല്ലാ ഉപമകളും മനസ്സിലാക്കുന്നതിനുള്ള പ്രധാന ഘടകമാണ് ഈ ഉപമ. യേശു പറഞ്ഞു: "ഈ ഉപമ ഗ്രഹിക്കുന്നില്ലയോ? പിന്നെ മറ്റെ ഉപമകൾ ഒക്കെയും എങ്ങനെ ഗ്രഹിക്കും?" (മർക്കോസ് 4:13). ഇതിനർത്ഥം രണ്ട് പ്രധാന കാര്യങ്ങളാണ്: ആദ്യം, ഈ ഉപമയിൽ നിന്ന് ആത്മീയ സത്യവും ഉൾക്കാഴ്ചകളും എങ്ങനെ കണ്ടെത്താമെന്നു മനസിലാക്കിയാൽ, മറ്റെല്ലാ ഉപമകളിൽ നിന്നും നമുക്ക് ഇത് കണ്ടെത്താൻ കഴിയും. രണ്ടാമതായി, ഈ ഉപമയിൽ വെളിപ്പെടുത്തിയിരിക്കുന്ന സത്യങ്ങൾ യേശുവിന്റെ മറ്റെല്ലാ ഉപമകളിലും അടങ്ങിയിരിക്കുന്നതും വെളിപ്പെടുത്തുന്നതുമായ സത്യങ്ങൾ മനസിലാക്കാനും അനുസരിക്കാനും നമ്മെ പ്രാപ്തരാക്കുന്ന താക്കോലുകളാണ്.

വിതെക്കുന്നവന്റെ ഉപമയിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രധാന ചിന്തകൾ നമുക്ക് നോക്കാം. ഈ സംഗ്രഹം രേഖപ്പെടുത്താൻ, മൂന്ന് സുവിശേഷങ്ങളിലെ സമാന്തര ഭാഗങ്ങളിൽ നിന്നും നാം എടുക്കുന്നു.

1. ദൈവവചനം വിത്തുപോലെയാണ് (മർക്കോസ് 4:14).
2. ദൈവവചനത്തിന്റെ വിത്ത് വിതയ്ക്കേണ്ട സ്ഥലമാണ് നമ്മുടെ ഹൃദയം (മർക്കോസ് 4:15).
3. ഫലം ഉൽപാദിപ്പിക്കണമെങ്കിൽ വിത്ത് സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും വേണം.
4. സാത്താൻ വചനം മോഷ്ടിക്കുന്നതിൽ നിന്ന് തടയാൻ നാം ദൈവ വചനം മനസ്സിലാക്കണം (ആത്മീയ സത്യത്തെക്കുറിച്ച് മനസ്സിലാക്കുക) (മത്തായി 13:19).
5. ലോകത്തിൽ നിന്നോ പിശാചിൽ നിന്നോ നാം എന്ത് കഷ്ടതകളോ പീഡനങ്ങളോ നേരിടുന്നുവെങ്കിലും, നാം വചനം മുറുകെ പിടിക്കുകയും അത് നമ്മുടെ ഹൃദയത്തിൽ വേരുറപ്പിക്കാൻ അനുവദിക്കുകയും വേണം, അപ്പോൾ അത് ഫലം പുറപ്പെടുവിക്കും (മർക്കോസ് 4:16-17).
6. ദൈവ വചനത്തെ ഞെരുക്കുന്ന കാര്യങ്ങളിൽ നിന്ന് നാം നമ്മുടെ ഹൃദയത്തെ കാത്തുസൂക്ഷിക്കണം: ഈ ലോകചിന്തകൾ, ധനത്തിന്റെ വഞ്ചന, മറ്റ് കാര്യങ്ങളോടുള്ള അതിരറ്റ ആഗ്രഹങ്ങൾ, ജീവിതത്തിന്റെ അഭിലാഷം (മർക്കോസ് 4:19).
7. നമ്മുടെ ഹൃദയത്തിൽ ഉള്ള വചനത്തെ നാം മനസ്സിലാക്കുമ്പോൾ (മത്തായി 13:23), സ്വീകരിക്കുമ്പോൾ (മർക്കോസ് 4:20), സൂക്ഷിക്കുമ്പോൾ (ലൂക്കോസ് 8:15), നാം നമ്മുടെ ജീവിതത്തിൽ ഫലം ഉള്ളവരാകും.

ഈ ഓരോ പ്രധാന ഉൾക്കാഴ്ചകളെയും നമുക്ക് വിശദീകരിക്കാം, ദൈവവചനത്തിന്റെ ധ്യാനത്തിലൂടെ ദൈവവചനത്തിന്റെ വിത്ത് നമ്മുടെ ഹൃദയങ്ങളിൽ വിതയ്ക്കുന്ന പ്രക്രിയയ്ക്ക് പ്രത്യേക ശ്രദ്ധ നൽകാം.

# 4. വിത്ത് ദൈവ വചനമാണ്

**ലൂക്കോസ് 8:11**
**ഉപമയുടെ പൊരുളോ: വിത്തു ദൈവവചനം;**

**1 പത്രോസ് 1:23**
**കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനിലക്കുന്നതുമായ ദൈവവചനത്താൽ തന്നേ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു.**

ഈ ഉപമയിൽ നാം ആദ്യം കാണുന്ന സത്യം ദൈവവചനം വിത്തുപോലെയാണ് എന്നതാണ്. നിങ്ങളുടെ കയ്യിലുള്ള ഒരു വിത്ത് നിസ്സാരവും നിർജീവവുമായി തോന്നാം. ഒരു ചെറിയ വിത്ത് നിലത്തു വിതയ്ക്കുമ്പോൾ അത് മുളച്ച് വേരുറപ്പിക്കുകയും ഒടുവിൽ ഒരു ചെടിയായി അല്ലെങ്കിൽ ഒരു വലിയ വൃക്ഷമായി വളരുകയും ചെയ്യുമെന്ന് നമുക്ക് പലപ്പോഴും ഊഹിക്കാനാവില്ല. വിത്തിന് അതിനുള്ളിൽ ഒരു പുതിയ ചെടിയോ വൃക്ഷമോ ഉത്പാദിപ്പിക്കാനുള്ള ശേഷിയുണ്ട്. ഒരർത്ഥത്തിൽ, ഒരു വിത്തിൽ സൃഷ്ടിപരമായ കഴിവുണ്ട്, കാരണം ഇത് മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു കാര്യത്തിന് കാരണമാകുന്നു. കൂടാതെ, വിത്ത് തനിയെ അവശേഷിക്കുന്നുവെങ്കിൽ, ഒരുപക്ഷെ വിത്ത് ബാഗിലോ, സ്റ്റോർ റൂമിലോ അതിന് അതിന്റെ കഴിവ് പുറത്തെടുക്കാൻ കഴിയില്ല. വിത്ത് വിതയ്ക്കുകയും ശരിയായി പരിപോഷിപ്പിക്കുകയും ചെയ്യുമ്പോൾ മാത്രമേ വിത്തിൽ അടങ്ങിയിട്ടുള്ള ശക്തി പുറത്തുവരികയുള്ളൂ.

ദൈവം നമ്മോടു പറഞ്ഞ ഓരോ വചനവും ഒരു വിത്താണ്. ഒരു വിത്ത് ബാഗ് അല്ലെങ്കിൽ വിത്തുകൾ നിറഞ്ഞ ഒരു സ്റ്റോർ റൂമാണ് ബൈബിൾ. ഓരോ വചനത്തെയോ ദൈവത്തിന്റെ വാഗ്ദാനത്തെയോ ഒരു അത്ഭുത വിത്ത് എന്ന് നമുക്ക് വിളിക്കാം. ദൈവം നമുക്ക് നൽകിയ ഈ വിത്തുകളിൽ സൃഷ്ടിപരമായ ശക്തിയുണ്ട്. ദൈവവചനത്തിന്റെ ഈ വിത്തുകൾ നമ്മുടെ ഹൃദയത്തിൽ വിതയ്ക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുമ്പോൾ, അവയിൽ അടങ്ങിയിരിക്കുന്ന അമാനുഷിക ശക്തി നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കും.

**ദൈവത്തിന്റെ വചനം ഒരു അത്ഭുത വിത്ത്**

1 പത്രോസ് 1:23-ൽ ദൈവവചനത്തെ "നീതിയുള്ള (നശിച്ചു പോകാത്ത) വിത്ത്" എന്ന് വിളിക്കുന്നു. ഇവിടെ വചനത്തിനു ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദം 'സ്പോറ'എന്നാണ്. ദൈവവചനം അത്ഭുത 'സ്പോറ'–അത്ഭുത വിത്ത്. ഇതിൽ അന്തർലീനമായ തത്വം എന്ന് പറയുന്നത്: ദൈവവചനത്തിന് അതിനുള്ളിൽ തന്നെ പ്രത്യുൽപ്പാദന ശേഷിയുണ്ട്. അതിനുള്ളിൽ ജീവൻ നൽകുന്ന, സൃഷ്ടിപരമായ, അത്ഭുതം പ്രവർത്തിക്കുന്ന ശക്തിയുണ്ട്. ദൈവം പറഞ്ഞ ഓരോ വാക്കും സൃഷ്ടിപരമായ കഴിവുള്ള ഒരു അത്ഭുത വിത്താണ്.

1 പത്രോസ് 1:23 ൽ പ്രസ്താവിക്കുന്നത് നാം ദൈവവചനത്താൽ വീണ്ടും ജനിച്ചു എന്നാണ്. "സത്യവചനത്താൽ" നാം വീണ്ടും ജനിച്ചുവെന്ന് യാക്കോബ് 1:18 ആവർത്തിക്കുന്നു. ദൈവവചനത്തിന്റെ (സുവിശേഷം) വിത്ത് നമ്മുടെ ഹൃദയങ്ങളിൽ വിതച്ചപ്പോൾ, നാമത് വിശ്വസിച്ചപ്പോൾ, അത് അതിന്റെ ജീവൻ നൽകുന്ന ശക്തി നമ്മിലേക്ക് പുറപ്പെടുവിച്ചു. ആ ഒരു നിമിഷത്തിൽ, ഒരു നിമിഷത്തിനുള്ളിൽ തന്നെ, നമ്മൾ വീണ്ടും ജനിച്ചു. നാം പുതിയ സൃഷ്ടികളായി. "ഒരുവൻ ക്രിസ്തുവിൽ ആയാൽ, അവൻ ഒരു പുതിയ സൃഷ്ടിയാകുന്നു; പഴയത് കഴിഞ്ഞുപോയി; ഇതാ, എല്ലാം പുതിയതായിരിക്കുന്നു" (2 കൊരിന്ത്യർ 5:17). ദൈവത്തിന്റെ സൃഷ്ടിപരമായ ഒരു പ്രവൃത്തി നമ്മുടെ ആത്മാവിൽ നടന്നു (എഫെസ്യർ 2:10). നമ്മിൽ നിർവഹിച്ച ഈ സൃഷ്ടിപരമായ പ്രവൃത്തി (രക്ഷിക്കപ്പെടുന്ന പലരുടെയും ഹൃദയത്തിൽ നിറവേറ്റപ്പെടുന്ന) നാം അനുഭവിക്കുന്ന ഏറ്റവും വലിയ അത്ഭുതമാണ്. ഇതാണ് പുതിയ ജനനത്തിന്റെ അത്ഭുതം–ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയായി മാറുന്നതിന്റെ. ഈ സൃഷ്ടിപരമായ അത്ഭുതം സംഭവിച്ചത് നീതിയായ വിത്തിന്റെ (സുവിശേഷം), അതായത് ദൈവവചനത്തിന്റെ ശക്തിയാലാണ്.

ക്രിസ്തുവിൽ പുതിയ സൃഷ്ടികളായിത്തീർന്നത് എത്ര വലിയ പ്രവൃത്തിയാണെന്ന് ചിന്തിക്കുക. സാത്താന്റെ ശക്തി നമ്മുടെ ജീവിതത്തിൽ നിന്ന് വിച്ഛേദിക്കപ്പെട്ടു. സാത്താന്റെ ആധിപത്യത്തിൽ നിന്ന് നമ്മെ ദൈവപുത്രന്റെ രാജ്യത്തിലേക്ക് പ്രവേശിപ്പിച്ചു (കൊലോസ്യർ 1:13). നമ്മെ ദൈവത്തിന്റെ കുടുംബത്തിലേക്ക് ദത്തെടുത്തു. നാം ദൈവത്തിൽനിന്നു ജനിക്കുകയും, ദൈവിക സ്വഭാവത്തിനു പങ്കാളികളായി തീരുകയും ചെയ്തു. നമ്മെ ക്രിസ്തുവിലേക്കു കൊണ്ടുവരികയും ക്രിസ്തുവിലുള്ള അത്ഭുതകരമായ എല്ലാ അനുഗ്രഹങ്ങളും നമ്മുടേതായിത്തീരുകയും ചെയ്തു. ദൈവവചനത്തിന്റെ വിത്ത് അതിന്റെ അത്ഭുതശക്തി നമ്മുടെ ജീവിതത്തിലേക്ക് പ്രവേശിപ്പിച്ച ഒരു നിമിഷാർത്ഥത്തിലാണ് ഇതൊക്കേയും സംഭവിച്ചത്.

ദൈവവചനമാകുന്ന വിത്തിന് നമ്മിൽ പ്രവർത്തിക്കാനുള്ള ശക്തിയോ കഴിവോ നഷ്ടപ്പെട്ടിട്ടുണ്ടോ? വചനമാകുന്ന അത്ഭുത വിത്തുകൾക്ക് ഇനിയും നമ്മുടെ ജീവിതത്തിൽ കൂടുതൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയില്ലേ? ഇല്ല

ഒരിക്കലും അങ്ങനെ അല്ല! ദൈവ വചനം കളങ്കമില്ലാത്ത വിത്താണ്. വചനം എന്നേക്കും ജീവിക്കുകയും നിലനിൽക്കുകയും ചെയ്യുന്നു. ദൈവം നമ്മോട് പറഞ്ഞ ഓരോ വചനത്തിനും നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കാനുള്ള കഴിവുണ്ട്.

# ദൈവ വചനം സൃഷ്ടി നടത്താൻ രൂപകൽപ്പന ചെയ്തിരിക്കുന്നു

**യെശയ്യാവു 55:10-11**
**10 മഴയും ഹിമവും ആകാശത്തുനിന്നു പെയ്യുകയും അവിടേക്കു മടങ്ങാതെ വിതെപ്പാൻ വിത്തും തിന്മാൻ ആഹാരവും നല്കത്തക്കവണ്ണം ഭൂമിയെ നനെച്ചു ഫലവത്താക്കി വിളയിക്കുന്നതുപോലെ**
**11 എന്റെ വായിൽ നിന്നു പുറപ്പെടുന്ന എന്റെ വചനം ആയിരിക്കും; അതു വെറുതെ എന്റെ അടുക്കലേക്കു മടങ്ങിവരാതെ എനിക്കു ഇഷ്ടമുള്ളതു നിവർത്തിക്കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കയും ചെയ്യും.**

തന്റെ വായിൽ നിന്ന് പുറപ്പെടുന്ന വചനം വെറുതെ അവനിലേക്ക് മടങ്ങിവരില്ലെന്ന് ദൈവം പറഞ്ഞു. മറിച്ച്, അവൻ ഇച്ഛിയ്ക്കുന്നതും ഉദ്ദേശിക്കുന്നതും അത് നിറവേറ്റും. യെശയ്യാവു 55:10-11 ൽ നിന്ന് ലളിതമായ നാല് ഉൾക്കാഴ്ചകളുണ്ട്.

1. ദൈവവചനം നിർമിക്കുന്നതിനായാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത് (അല്ലെങ്കിൽ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്).
2. ദൈവവചനം ദൈവം ഇച്ഛിക്കുന്നതും ഉദ്ദേശിക്കുന്നതും നിറവേറ്റും.
3. ദൈവം തന്റെ ലക്ഷ്യവും ഇഷ്ടവും നിറവേറ്റുന്നതിനായി വചനത്തിലൂടെ സംസാരിക്കും.
4. ദൈവത്തിന്റെ വചനം ദൈവത്തിന്റെ ഉദ്ദേശ്യവും ഇഷ്ടവും വെളിപ്പെടുത്തുന്നു.

ദൈവം സംസാരിക്കുന്ന വാക്കുകളും (അവൻ സംസാരിച്ച വാക്കുകളും) ശൂന്യമായ വാക്കുകളല്ല. ദൈവത്തിന്റെ സർവ്വശക്തി നിറഞ്ഞ വാക്കുകളാണ് അവ. അവ നിർമ്മിക്കാൻ രൂപകൽപ്പന ചെയ്യപ്പെട്ടവയാണ്. ഒരു വിത്തിനെപ്പോലെ, ദൈവം പറഞ്ഞ ഓരോ വചനവും അതിന്റെ പൂർത്തി കൈവരിക്കാനുള്ള അമാനുഷിക കഴിവുകളാൽ നിറഞ്ഞിരിക്കുന്നു.

തന്റെ ഉദ്ദേശവും ഇഷ്ടവും ഭൂമിയിൽ നിവർത്തിക്കുന്നതിനാണ് ദൈവം തന്റെ വചനം രൂപകൽപ്പന ചെയ്തിരിക്കുന്നത്. കാരണം, ദൈവം തന്റെ ജനത്തെ അനുഗ്രഹിക്കാൻ ആഗ്രഹിക്കുന്നു (സങ്കീ 3:8), അവന്റെ വചനം അത് നിറവേറ്റും. ജനത്തെ സുഖപ്പെടുത്താൻ ദൈവം ആഗ്രഹിക്കുന്നു (പുറപ്പാടു

15:26; പുറപ്പാടു 23:25). അതിനാൽ, അവന്റെ വചനം രോഗികൾക്ക് രോഗസൗഖ്യം നൽകും (സങ്കീ. 107:20). തന്റെ ജനത്തിന് അവരുടെ ജീവിതത്തിൽ ജ്ഞാനവും വിവേകവും മാർഗനിർദേശവും ലഭിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു (യെശയ്യാവു 48:17; സങ്കീർത്തനം 32:8) അതിനാൽ, അവന്റെ വചനം ഈ ലക്ഷ്യങ്ങൾ നിറവേറ്റും. അവിടുന്ന് ഉദ്ദേശിച്ചതും ആസൂത്രണം ചെയ്തതും വിചാരിക്കുന്നതും ആഗ്രഹിച്ചതുമായ എല്ലാം അവന്റെ വചനം നിറവേറ്റും.

കർത്താവായ ദൈവം സ്വർഗത്തിലാണ്. തന്റെ ഉദ്ദേശ്യവും ഇഷ്ടവും ഇവിടെ ഭൂമിയിൽ നടപ്പാക്കാൻ അവൻ ആഗ്രഹിക്കുമ്പോഴൊക്കെ, അവൻ തന്റെ വചനം അയക്കുന്നു. ഈ വചനം ഒരു അത്ഭുത വിത്താണ്. അത് ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റും. നാം, അവന്റെ ജനമായി ഇവിടെ ഭൂമിയിൽ ഉണ്ട്. അവിടുത്തെ മാറ്റം വരാത്ത വചനത്തിന്റെ ശക്തിയിലൂടെയും അവന്റെ ആത്മാവിന്റെ പ്രവർത്തനത്തിലൂടെയും ദൈവം നമ്മുടെ ജീവിതത്തിൽ ഉദ്ദേശിക്കുന്നതും ഇഷ്ടപ്പെടുന്നതും നിറവേറ്റുന്നു.

## വിശ്വസിക്കുന്ന നിങ്ങളിൽ വചനം ഫലപ്രദമായി പ്രവർത്തിക്കുന്നു

**1 തെസ്സലൊനീക്യർ 2:13**
**ഞങ്ങൾ പ്രസംഗിച്ച ദൈവവചനം നിങ്ങൾ കേട്ടു, മനുഷ്യന്റെ വചനമായിട്ടല്ല സാക്ഷാൽ ആകുന്നതുപോലെ ദൈവവചനമായിട്ടു തന്നേ കൈക്കൊണ്ടതിനാൽ ഞങ്ങൾ ദൈവത്തെ ഇടവിടാതെ സ്തുതിക്കുന്നു; വിശ്വസിക്കുന്ന നിങ്ങളിൽ അതു വ്യാപരിച്ചുകൊണ്ടിരിക്കുന്നു.**

മനുഷ്യ ജീവിതത്തിലേക്ക് തന്റെ ശക്തിയുടെ വാഹകനായി ദൈവം തന്റെ വചനം രൂപകൽപ്പന ചെയ്തിരിക്കുന്നു. ദൈവവചനം അതിന്റെ ദിവ്യശക്തി പുറത്തുവിടുകയും അത് വിശ്വസിക്കുന്നവരുടെ ജീവിതത്തിൽ ഫലപ്രദമായി പ്രവർത്തിക്കുകയും ചെയ്യുന്നുവെന്ന് അപ്പോസ്തലനായ പൗലോസ് തെസ്സലൊനീക്യർക്ക് എഴുതുന്നു. "ഫലപ്രദമായി പ്രവർത്തിക്കുന്നു" എന്ന വാക്ക് ഗ്രീക്കിൽ 'എനർജിയോ' ആണ്, അത് ദിവ്യശക്തിയെ അല്ലെങ്കിൽ അമാനുഷിക ശക്തിയെ സൂചിപ്പിക്കുന്നു. ആംപ്ലിഫൈഡ് ബൈബിളിൽ ഈ ആനുഷംഗികമായ കുറിപ്പ് ഉൾപ്പെടുന്നു: [വിശ്വാസികളിൽ അതിന്റെ അന്തർലീനവും അമാനുഷിക ശക്തിയും പ്രയോഗിക്കുന്നു]. ദൈവ വചനം നാം സ്വീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുമ്പോൾ ദൈവത്തിന്റെ അമാനുഷിക ശക്തി നമ്മുടെ ജീവിതത്തിലേക്ക് കടന്ന് വരുന്നു.

തിരുവെഴുത്തുകളിൽ അടങ്ങിയിരിക്കുന്ന ഓരോ ദൈവവചനവും ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ ദൈവത്തിന്റെ പ്രവർത്തികൾ ഉളവാക്കുവാൻ

കഴിവുള്ള ഒരു അത്ഭുത വിത്താണ്. ഓരോ വിത്തും അതാതു തരം ഫലം കായ്ക്കും (ഉല്പത്തി 1:11-12) ഓരോ ദൈവ വചനവും എന്താണോ ഉളവാക്കുവാൻ വേണ്ടി രൂപകൽപ്പന ചെയ്തിരിക്കുന്നത് അത് തന്നെ ഉളവാക്കും. രോഗശാന്തിയെക്കുറിച്ചുള്ള ദൈവവചനം രോഗശാന്തി ഉളവാക്കും. അനുഗ്രഹത്തെയും സമൃദ്ധിയെയും കുറിച്ചുള്ള ദൈവവചനം അനുഗ്രഹവും സമൃദ്ധിയും ഉളവാക്കും. ജീവിതത്തിന്റെ ഓരോ മേഖലയെയും സംബന്ധിച്ച ദൈവവചനം നമ്മുടെ ജീവിതത്തിന്റെ ആ മേഖലയിൽ തന്നെ പ്രവർത്തിക്കും.

വചനത്തിന്റെ വിത്തിനെക്കുറിച്ചുള്ള ഈ വസ്തുത പ്രസ്താവിക്കുമ്പോൾ തന്നെ, തിരഞ്ഞെടുത്ത വേദഗ്രന്ഥങ്ങൾ മാത്രമല്ല ദൈവവചനം മുഴുവനായും കേൾക്കുകയും അനുസരിക്കുകയും ചെയ്യുക എന്ന തത്വവുമുണ്ടെന്ന് ഞങ്ങൾ നിങ്ങളെ ഓർമ്മിപ്പിക്കുന്നു. ദൈവത്തിന്റെ മുഴുവൻ ഉപദേശവും ശ്രദ്ധിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർക്ക് ജീവൻ, ആരോഗ്യം, അനുഗ്രഹം, സമ്പൂർണ്ണ ക്ഷേമം എന്നിവ വാഗ്ദാനം ചെയ്യപ്പെടുന്നു. (സദൃശവാക്യങ്ങൾ 3:1-2,7-8; സദൃശവാക്യങ്ങൾ 4:20-22).

# 5. വിത്ത് ഹൃദയത്തിൽ വിതയ്ക്കണം

## ഹൃദയത്തിന്റെ മണ്ണ് / ഹൃദയമാകുന്ന മണ്ണ്

**മർക്കോസ് 4:14-15**
**14 വിതെക്കുന്നവൻ വചനം വിതെക്കുന്നു.**
**15 വചനം വിതച്ചിട്ടു വഴിയരികെ വീണതു, കേട്ട ഉടനെ സാത്താൻ വന്നു ഹൃദയങ്ങളിൽ വിതെക്കപ്പെട്ട വചനം എടുത്തുകളയുന്നതാകുന്നു.**

വിതക്കാരന്റെ ഉപമയെക്കുറിച്ചുള്ള മൂന്ന് സുവിശേഷ രേഖകളിലും, വചനത്തിന്റെ വിത്ത് ഹൃദയത്തിൽ വിതച്ചതായി വ്യക്തമായി പറയുന്നു (മത്തായി 13:19; മർക്കോസ് 4:15; ലൂക്കോസ് 8:12). ദൈവവചനത്തിന്റെ വിത്ത് വിതയ്ക്കേണ്ട സ്ഥലമാണ് ഹൃദയം.

വൈനിന്റെ സമ്പൂർണ്ണ എക്സ്പോസിറ്ററി നിഘണ്ടു പ്രകാരം ഹൃദയം, ധാർമ്മിക സ്വഭാവത്തിന്റേയും ആത്മീയ ജീവിതത്തിന്റേയും ഇരിപ്പിടം, ദുഃഖത്തിന്റെ ഇരിപ്പിടം, മോഹങ്ങൾ, വാത്സല്യങ്ങൾ, ധാരണകൾ, ചിന്തകൾ, മനസിലാക്കൽ, യുക്തിസഹമായ ചിന്തകൾ, ഭാവന, ഉദ്ദേശ്യങ്ങൾ, ഇച്ഛ, വിശ്വാസം ഇവയാണ്. വ്യക്തിയുടെ ധാർമ്മിക വ്യക്തിത്വത്തെ പരാമർശിച്ചുകൊണ്ട് പഴയനിയമത്തിൽ ഹൃദയം ഉപയോഗിക്കുന്നു, വികാരങ്ങൾ, യുക്തി, ഇച്ഛ എന്നിവയും ഇതിൽ ഉൾപ്പെടുന്നു. പുതിയനിയമം ആത്മാവിനെയും ('ന്യൂമാ') പ്രാണനേയും ('പ്യൂഷെ') തമ്മിൽ വേർതിരിക്കുന്നു, ആത്മാവും പ്രാണനും എന്ന അർത്ഥത്തിൽ ഹൃദയം എന്ന പദം ധാരാളമായി ഉപയോഗിച്ചിരിക്കുന്നു (എബ്രായർ 4:12). ഹൃദയം ആന്തരിക വ്യക്തിയെ അഥവാ മറഞ്ഞിരിക്കുന്ന മനുഷ്യനെ (1 പത്രോസ് 3:4) അല്ലെങ്കിൽ യഥാർത്ഥ മനുഷ്യനെ പ്രതിനിധീകരിക്കുന്നു. അതിനാൽ, വചനം ഹൃദയത്തിൽ വിതയ്ക്കപ്പെടുന്നു, അതിനർത്ഥം, വചനം ആന്തരിക വ്യക്തിയിലേക്ക്, വ്യക്തിയുടെ ആത്മാവ്, പ്രാണൻ, വ്യക്തിയുടെ അന്തർഭാഗം എന്നിവയിൽ സ്വീകരിക്കപ്പെടണം എന്നാണ്. ദൈവ വചനം നമ്മുടെ വിശ്വാസം, മോഹങ്ങൾ, വാത്സല്യങ്ങൾ, ധാരണകൾ, ചിന്തകൾ, യുക്തി, ഭാവന, ഉദ്ദേശ്യങ്ങൾ, തീരുമാനങ്ങൾ, ഇച്ഛാശക്തി എന്നിവയിൽ സ്വീകരിക്കപ്പെടണം.

## ഉൾനട്ടതായ വചനം

**യാക്കോബ് 1:21**
**ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൌമ്യതയോടെ കൈക്കൊൾവിൻ.**

യാക്കോബ് 1:21-ൽ കാണുന്ന ഉൾനട്ടത് എന്ന വാക്ക് വിത്ത് സ്വയം വേരൂന്നുക, വേരുറപ്പിക്കുക, ജൻമസിദ്ധമായ, നിലത്തു വേരൂന്നിയതായി മാറുക തുടങ്ങിയ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. നിലത്തു വിത്തുപോലെ വചനം ഹൃദയത്തിൽ പ്രവർത്തിക്കുന്നു. അത് ഹൃദയമാകുന്ന നിലത്തേക്ക് പോവുകയും ഹ്രദയത്തിൽ വേരുറപ്പിക്കുകയും പിന്നീട് മുളച്ചു ആത്മാവിനെ സ്പർശിക്കുകയും ചെയ്യുന്നു. ഒരു പ്രാവശ്യം കൂടി ഊന്നിപറയട്ടെ വചനം അകത്തെ മനുഷ്യൻ സ്വീകരിക്കുകയും ഉൾനടുകയും ആഴത്തിൽ വേരൂന്നുകയും ചെയ്യുന്ന പ്രക്രിയയിലൂടെ കടന്നുപോകാൻ അനുവദിക്കണം.

## നിന്റെ ഹൃദയത്തിൽ

**സദൃശവാക്യങ്ങൾ 4:20-23**
**20 മകനേ, എന്റെ വചനങ്ങൾക്കു ശ്രദ്ധതരിക; എന്റെ മൊഴികൾക്കു നിന്റെ ചെവി ചായിക്ക.**
**21 അവ നിന്റെ ദൃഷ്ടിയിൽനിന്നു മാറിപ്പോകരുതു; നിന്റെ ഹൃദയത്തിന്റെ നടുവിൽ അവയെ സൂക്ഷിച്ചുവെക്കുക.**
**22 അവയെ കിട്ടുന്നവർക്കും അവ ജീവനും അവരുടെ സർവ്വദേഹത്തിന്നും സൌഖ്യവും ആകുന്നു.**
**23 സകലജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽനിന്നല്ലോ ആകുന്നതു.**

ദൈവവചനം നമ്മുടെ ഹൃദയങ്ങളിൽ സ്വീകരിക്കുന്നത് ഒരു പുതിയ നിയമ വെളിപ്പാടല്ല. പഴയനിയമത്തിലും ദൈവം തന്റെ ജനത്തോട് തന്റെ വചനം അവരുടെ ഹൃദയത്തിൽ ആക്കി വെക്കാൻ നിർദ്ദേശിച്ച സംഭവങ്ങൾ നാം കാണുന്നു. "ഇന്ന് ഞാൻ നിങ്ങളോട് കൽപിക്കുന്ന ഈ വചനങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ ഇരിക്കേണം" (ആവർത്തനം 6:6; ആവർത്തനം 11:18 കൂടി കാണുക). സങ്കീർത്തനക്കാരൻ ഇപ്രകാരം പ്രസ്താവിച്ചു: “നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു” (സങ്കീർത്തനം 119:11b).

സദൃശവാക്യങ്ങൾ 4:20-23-ലെ ഭാഗം, ദൈവവചനത്തിന് നമ്മുടെ ഹൃദയത്തിൽ ശരിയായ സ്ഥാനം നൽകാനുള്ള ശക്തമായ ആഹ്വാനമാണ്.

**ദൈവത്തിന്റെ വചനം ഒരു അത്ഭുത വിത്ത്**

എന്റെ വചനത്തിനു ശ്രദ്ധ കൊടുക്കുക–നിങ്ങളുടെ ശ്രദ്ധയെ മാറ്റിക്കളയുന്ന എല്ലാറ്റിനേക്കാളും അധികമായി ദൈവ വചനത്തിനു ശ്രദ്ധ കൊടുക്കണം. നാം മനപ്പൂർവമായി ദൈവ വചനത്തിൽ ശ്രദ്ധ കൊടുക്കുന്നതിനു തയ്യാറാകണം. എല്ലാ സാഹചര്യങ്ങളിലും ദൈവവചനം ഈ വിഷയത്തെക്കുറിച്ച് എന്താണോ പറയുന്നത് എന്ന് നാം ശ്രദ്ധിക്കണം. ഞങ്ങൾ ദൈവവചനത്തിന് മുൻഗണന നൽകുന്നു.

അത് ദൈവവചനത്തിന് ശ്രദ്ധ നൽകലാണ്–എന്റെ വാക്കുകൾക്ക് നിങ്ങളുടെ ചെവി ചായ്ക്കുക- അസംഖ്യമായ അഭിപ്രായപ്രകടനങ്ങൾ കേൾക്കുമ്പോൾ തന്നെ നാം ദൈവത്തിന്റെ പക്ഷത്തേക്ക് ചായുകയും അവിടുന്ന് പറയുന്നത് ശ്രദ്ധിക്കുകയും ചെയ്യണം. നാം ദൈവവചനത്തിലേക്ക് ട്യൂൺ ചെയ്യുകയും നമ്മുടെ ശ്രദ്ധ ആകർഷിക്കുന്ന മറ്റ് ശബ്ദങ്ങൾ ഒഴിവാക്കുകയും ചെയ്യണം.

അവ നിങ്ങളുടെ കണ്ണിൽനിന്നു അകന്നു പോകരുതു–ദൈവവചനത്തിൽ നാം നിരന്തരം ശ്രദ്ധ കേന്ദ്രീകരിക്കണം. നാം ദൈവവചനത്തിന്റെ ചിത്രങ്ങൾ നമ്മുടെ മനസ്സിന്റെ കണ്ണിൽ വരയ്ക്കണം. നാം വചനം “കാണുന്നു”. നമ്മുടെ ഭാവനയെ നിറയ്ക്കാൻ നാം ദൈവവചനത്തെ അനുവദിക്കണം.

അവ നിങ്ങളുടെ ഹൃദയത്തിൽ സൂക്ഷിക്കുക–നമ്മുടെ ലക്ഷ്യം ദൈവവചനത്തിന്റെ സമൃദ്ധമായ നിക്ഷേപം ഹൃദയങ്ങളിൽ സൂക്ഷിക്കുക, നമ്മുടെ ഏറ്റവും ആന്തരികമായ വ്യക്തിയെ നിറയ്ക്കുക, നമ്മുടെ എല്ലാ ചിന്തകളും ഉദ്ദേശ്യങ്ങളും അഭിനിവേശങ്ങളും യുക്തിയും വ്യാപിപ്പിക്കുക എന്നതാകട്ടെ.

അതിന്റെ ഫലം വചനത്തിലൂടെ നമുക്ക് ലഭിക്കുന്ന ജീവിതവും ആരോഗ്യവും ആയിരിക്കും.

അവിടുത്തെ വചനം നമ്മുടെ ഹൃദയത്തിൽ നിറയ്ക്കുന്നത് വളരെ പ്രധാനമാണ്, കാരണം ഹൃദയമാണ് നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാറ്റിന്റേയും ഉറവിടം. വചനം നമ്മുടെ ഹൃദയത്തിൽ നിറയുന്നുവെങ്കിൽ, വചനം അതിന്റെ ജീവനും ശക്തിയും നമ്മുടെ ജീവിതത്തിലേക്ക് പ്രവേശിപ്പിക്കും. അങ്ങനെ, നമ്മുടെ ജീവിതത്തെ ദൈവവചനത്തിന്റെ ശക്തിയാൽ സ്വാധീനിക്കുകയും രൂപപ്പെടുത്തുകയും മോടിപിടിപ്പിക്കുകയും ചെയ്യുന്നു.

## വചനം നിങ്ങളുടെ അടുത്താണ്

**ആവർത്തനം 30: 11-14**
**11 ഞാൻ ഇന്നു നിന്നോടു ആജ്ഞാപിക്കുന്ന ഈ കല്പന നിനക്കു പ്രായസമുള്ളതല്ല, ദൂരമായുള്ളതുമല്ല.**
**12 ഞങ്ങൾ കേട്ടു അനുസരിക്കേണ്ടതിന്നു ആർ സ്വർഗ്ഗത്തിൽ കയറി കൊണ്ടുവന്നു തരും എന്നു പറയത്തക്കവണ്ണം അതു സ്വർഗ്ഗത്തിലല്ല;**
**13 ഞങ്ങൾ കേട്ടു അനുസരിക്കേണ്ടതിന്നു ആർ സമുദ്രം കടന്നു കൊണ്ടുവന്നു തരും എന്നു പറയത്തക്കവണ്ണം അതു സമുദ്രത്തിന്നക്കരെയുമല്ല;**
**14 നീ അനുസരിപ്പാൻ തക്കവണ്ണം, വചനം നിനക്കു ഏറ്റവും സമീപത്തു, നിന്റെ വായിലും നിന്റെ ഹൃദയത്തിലും തന്നേ ഇരിക്കുന്നു.**

ദൈവത്തിന്റെ വചനം നമ്മുടെ ഹൃദയത്തിൽ സ്ഥാപിക്കാൻ നാം പരിശ്രമിച്ചിട്ടുണ്ടെങ്കിൽ വചനം എല്ലായ്പ്പോഴും "വളരെ അടുത്താണ്". ദൈവവചനം സംഭരിക്കാൻ കഴിയുന്ന ഒരു വലിയ ഭണ്ഡാരം പോലെയാണ് നമ്മുടെ ഹൃദയം. നാം ഹൃദയത്തിൽ നിറയ്ക്കുന്നതാണ് വായിൽ നിന്ന് പുറത്തുവരുന്നന്നത്. വചനം നമ്മുടെ ഹൃദയത്തിലും വായിലും നിറയുമ്പോൾ, നാം ഒരിക്കലും നിരാശയോടെയൊ വിഷാദത്തോടെയോ സംസാരിക്കുകയില്ല. ദൈവവും അവന്റെ വചനവും അകലെയെവിടെയോ സ്വർഗത്തിലോ സമുദ്രത്തിന്റെ അറ്റത്തോ ആണെന്നതുപോലെ നമ്മുടെ സംസാരം നിരാശയെ ആശയവിനിമയം ചെയ്യുന്നതാവില്ല. ദൈവ വചനം നമ്മുടെ ഹൃദയത്തിലും വായിലും നിറയുമ്പോൾ നാം അതിനനുസരിച്ച് ജീവിക്കും, നാം അത് ചെയ്യും. വളരെ രസകരമായ കാര്യം, റോമർ 10:6-8-ൽ ആവർത്തനപുസ്തകം 31:11-14-ലെ ഭാഗം അപ്പൊസ്തലനായ പൗലോസ് ഉദ്ധരിക്കുന്നു, പുതിയനിയമ വിശ്വാസികളെ ഇത് അഭിസംബോധന ചെയ്യുന്നു. അതിനാൽ, ദൈവവചനം നമ്മുടെ ഹൃദയത്തിലും വായിലുമുണ്ടാകണമെന്ന അടിസ്ഥാന സത്യം പുതിയനിയമ വിശ്വാസികളായ നാമും പാലിക്കേണ്ട ഒന്നാണ്.

## ധ്യാനത്തിലൂടെ

അപ്പോൾ ഏറ്റവും വലിയ ചോദ്യം, ദൈവവചനത്തിന്റെ വിത്തിന്റെ സമൃദ്ധമായ നിക്ഷേപം നമ്മുടെ ഹൃദയത്തിൽ എങ്ങനെ ലഭിക്കും എന്നതാണ്. വിതെക്കുന്നവന്റെ ഉപമയിൽ, വിത്ത് വിതെക്കുന്നത് വചനം കേൾക്കുന്നതിന് സമാന്തരമാണ്. വിത്ത് വിതച്ചാൽ മാത്രം പോരാ അത് നിലത്തു വീഴുകയും മുളക്കുകയും വേണമെന്നു നമുക്കറിയാം. അതുപോലെ, വചനം നമ്മുടെ ഹൃദയത്തിൽ നട്ടുപിടിപ്പിക്കേണ്ടതാണെന്ന് നാം കാണുന്നു. ഇത് എങ്ങനെ സംഭവിക്കും?

വിതെക്കുന്നവന്റെ ഉപമയിൽ പറഞ്ഞിട്ടില്ലെങ്കിലും, ദൈവത്തിന്റെ വചനം നാം പഠിക്കുമ്പോൾ നമുക്ക് മനസിലാക്കാൻ കഴിയുന്ന കാര്യം വചന ധ്യാന പരിശീലനത്തിലൂടെ മാത്രമേ ഇത് സാധ്യമാകയുള്ളൂ എന്നാണ്.

ദൈവവചനത്തിലെ ധ്യാനം എന്നത് നമ്മുടെ ഹൃദയത്തിൽ വചനത്തിന്റെ സമൃദ്ധമായ നിക്ഷേപം ഉളവാക്കുന്ന പ്രക്രിയയാണ്. നാം വചനം കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുമ്പോൾ വചനം നമ്മിൽ വേരൂന്നുകയും പരിപോഷിപ്പിക്കപ്പെടുകയും നമ്മുടെ ജീവിതത്തിൽ ഫലം പുറപ്പെടുവിക്കുകയും ചെയ്യും.

വചനം ധ്യാനിക്കാനും അവിടുത്തെ വചനം നമ്മുടെ ഹൃദയത്തിൽ സ്വീകരിക്കാനും നാം നമ്മെത്തന്നെ ഒരുക്കുമ്പോൾ, എപ്പോഴും എവിടെയും അവിടുത്തെ വചനത്തിലേക്ക് പ്രവേശിക്കാൻ നമുക്ക് കഴിയും. നമ്മുടെ വായിലെ വാക്കുകളാൽ നമുക്ക് വചനം നമ്മുടെ ഹൃദയത്തിൽ നിക്ഷേപിക്കാം. നാം അവിടെ നിക്ഷേപിച്ച കാര്യങ്ങളാണ് നാം സംസാരിക്കുന്നത്. വചനം നമ്മുടെ വായിലും ഹൃദയത്തിലും വസിക്കുമ്പോൾ, അത് നമ്മുടെ അടുത്തായിത്തീരുന്നു. ചാക്രികമായ രീതിയിൽ, എവിടെയും ഏത് സമയത്തും വചനത്തിൽ ധ്യാനിക്കാൻ ഇത് നമ്മെ പ്രാപ്തരാക്കുന്നു. തുറന്ന ബൈബിളിമായി യാതൊരു ശല്യങ്ങളുമില്ലാതെ സ്വസ്ഥമായും ശാന്തമായും ഇരുന്നു വചനം ധ്യാനിക്കാൻ കഴിയുന്ന ഒരു സ്ഥലം നാം ആഗ്രഹിക്കാറുണ്ട്. എന്നിരുന്നാലും, നാം അവന്റെ വചനം നമ്മുടെ ഹൃദയത്തിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ, തിരക്കേറിയ ഒരു തെരുവിലൂടെ നടക്കുമ്പോഴോ ഹൈവേയിലൂടെ വാഹനമോടിക്കുമ്പോഴോ എവിടെയും വചനത്തിൽ ധ്യാനിക്കാൻ നമുക്ക് കഴിയും.

അടുത്ത അധ്യായത്തിൽ, ദൈവവചനത്തിൽ ധ്യാനിക്കുന്നതിനുള്ള വേദപുസ്തക പ്രക്രിയയെക്കുറിച്ച് ആഴത്തിൽ പഠിക്കാം.

## 6. ദൈവവചനത്തിൽ ധ്യാനിക്കുക

നമ്മുടെ വിശ്വാസത്തിന്റെ ഉറവിടവും അടിത്തറയും ദൈവവചനമാണെന്ന് മുൻ അധ്യായങ്ങളിൽ നാം ഊന്നിപ്പറഞ്ഞിട്ടുണ്ട്. ദൈവവചനത്തിന്റെ വിശുദ്ധിയും ശക്തിയും നമ്മൾ പരിശോധിച്ചു. ദൈവവചനം ദൈവത്തിന്റെ ശക്തിയാൽ നിറഞ്ഞിരിക്കുന്നുവെന്നും ഈ ശക്തി നമ്മുടെ ജീവിതത്തിലേക്ക് പുറപ്പെടുവിക്കാമെന്നും നാം മനസിലാക്കി. ദൈവവചനം ഒരു വിത്തുപോലെയാണെന്ന വസ്തുതയും നാം മനസ്സിലാക്കിയിട്ടുണ്ട്, അത് നമ്മുടെ ഹൃദയത്തിൽ വിതയ്ക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുമ്പോൾ, അതിന്റെ പരിവർത്തനശക്തി നമ്മുടെ ജീവിതത്തിലേക്ക് പുറപ്പെടുവിക്കും. ദൈവവചനത്തിലെ ധ്യാനത്തിന്റെ അച്ചടക്കം പര്യവേക്ഷണം ചെയ്യാൻ നാം ഇപ്പോൾ ഒരു പടി കൂടി കടക്കുന്നു. ദൈവവചനത്തിന്റെ വിത്ത് നമ്മുടെ ഹൃദയത്തിൽ വിതച്ച് പരിപോഷിപ്പിക്കുന്ന പ്രക്രിയയാണ് ധ്യാനം.

സാധാരണയായി, “ധ്യാനം” എന്ന വാക്ക് പരാമർശിക്കുമ്പോൾ ആളുകൾ സന്യാസത്തിനായുള്ള ചില നിഗൂഢ പരിശീലനങ്ങളെക്കുറിച്ച് ചിന്തിക്കുന്നു. ഒരുപക്ഷേ, ഇക്കാരണത്താലാണ് സഭ പൊതുവേ ധ്യാന പരിശീലനത്തിന് പ്രാധാന്യം നൽകാത്തത്. ലോകമെമ്പാടുമുള്ള പല സംസ്കാരങ്ങൾക്കും ധ്യാന പ്രക്രിയയിൽ അവരുടേതായ വ്യത്യാസങ്ങളുണ്ടെന്നത് ശരിയാണെങ്കിലും, ധ്യാനത്തോട് ഒരു തിരുവെഴുത്തു സമീപനം അവതരിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. വിശ്വാസികളെന്ന നിലയിൽ നാം അതിന്റെ പ്രാധാന്യം മനസ്സിലാക്കുകയും വിശ്വാസജീവിതത്തിൽ ഈ ശിക്ഷണം വളർത്തിയെടുക്കുകയും വേണം.

## ധ്യാനം–വേദപ്രമാണത്തിനനുസരണമായ ഒരു അച്ചടക്കം

**ഉല്പത്തി 24:63എ**
**വൈകുന്നേരത്തു യിസ്ഹാക്ക് ധ്യാനിപ്പാൻ വെളിപ്രദേശത്തു പോയിരുന്നു;**

ബൈബിളിലെ “ധ്യാനം” എന്ന വാക്കിന്റെ ആദ്യ പരാമർശം ഉല്പത്തി പുസ്തകത്തിലെ യിസ്ഹാക്കുമായി ബന്ധപ്പെട്ടതാണ്. അവൻ എങ്ങനെ അല്ലെങ്കിൽ എന്തിനെക്കുറിച്ചാണ് ധ്യാനിക്കുന്നതെന്ന് കൂടുതൽ വിവരങ്ങൾ ലഭ്യമല്ലെങ്കിലും, ആദ്യകാലങ്ങളിൽ തിരുവെഴുത്തുകളിൽ ധ്യാനം

പരിശീലിച്ചിരുന്നുവെന്നത് ശ്രദ്ധേയമാണ്. കൂടാതെ, ധ്യാനത്തിനായി ഐസക് വയലിലേക്ക് പോയി, ഇത് കാണിക്കുന്നത് ധ്യാനത്തിന് ശരിയായ അന്തരീക്ഷം സൃഷ്ടിക്കാൻ ആഗ്രഹിക്കുന്നവർ എല്ലാ തടസങ്ങളും ശല്യങ്ങളും ഒഴിവാക്കേണ്ടതുണ്ട് എന്നാണ്.

**യോശുവ 1:8**
**ഈ ന്യായപ്രാമണപുസ്തകത്തിലുള്ളതു നിന്റെ വായിൽനിന്നു നീങ്ങിപ്പോകരുതു; അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചുനടക്കേണ്ടതിന്നു നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കേണം; എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും; നീ കൃതാർത്ഥനായും ഇരിക്കും.**

ധ്യാനത്തെക്കുറിച്ചുള്ള പ്രസിദ്ധമായ ഒരു വാക്യം യോശുവ 1:8 ആണ്. കർത്താവ് തന്റെ ദാസനായ മോശയിലൂടെ അവന്റെ ജനമായ ഇസ്രായേലിനു ന്യായപ്രമാണം നൽകിയിരുന്നു. ദൈവത്തിന്റെ ന്യായപ്രമാണങ്ങൾ അവർക്ക് ലഭിക്കുന്നത് വലിയ പദവിയാണെന്ന് മോശെ ഇസ്രായേൽ ജനതയെ ബോധ്യപ്പെടുത്തിയിരുന്നു. മോശെ ഇസ്രായേലിനോട് പറഞ്ഞ ഈ വാക്കുകൾ ഉദാഹരണമായി, പരിഗണിക്കുക.

**ആവർത്തനം 4:5-8**
**5 നിങ്ങൾ കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്തു നിങ്ങൾ അനുസരിച്ചു നടപ്പാനായി എന്റെ ദൈവമായ യഹോവ എന്നോടു കല്പിച്ചതുപോലെ ഞാൻ നിങ്ങളോടു ചട്ടങ്ങളും വിധികളും ഉപദേശിച്ചിരിക്കുന്നു. അവയെ പ്രമാണിച്ചു നടപ്പിൻ;**
**6 ഇതു തന്നേയല്ലോ ജാതികളുടെ ദൃഷ്ടിയിൽ നിങ്ങളുടെ ജ്ഞാനവും വിവേകവും ആയിരിക്കുന്നതു. അവർ ഈ കല്പനകളൊക്കെയും കേട്ടിട്ടു: ഈ ശ്രേഷ്ഠജാതി ജ്ഞാനവും വിവേകവും ഉള്ള ജനം തന്നേ എന്നു പറയും.**
**7 നമ്മുടെ ദൈവമായ യഹോവയോടു നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെയും അവൻ നമുക്കു അടുത്തിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തിരിക്കുന്ന ശ്രേഷ്ഠജാതി ഏതുള്ളു?**
**8 ഞാൻ ഇന്നു നിങ്ങളുടെ മുമ്പിൽ വെക്കുന്ന ഈ സകലന്യായപ്രമാണവുംപോലെ ഇത്ര നീതിയുള്ള ചട്ടങ്ങളും വിധികളും ഉള്ള ശ്രേഷ്ഠജാതി ഏതുള്ളു?**

ഇതിനുപുറമെ, തന്റെ വചനം അവരുടെ ഹൃദയത്തിൽ സ്ഥാപിക്കാനും അനുസരിക്കാനും താൻ ആഗ്രഹിക്കുന്നുവെന്ന് ദൈവം തന്റെ ജനത്തെ നിരന്തരം ഓർമ്മിപ്പിച്ചു. "ഇന്നു ഞാൻ നിന്നോടു കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം" (ആവർത്തനം 6:6), "ആകയാൽ നിങ്ങൾ എന്റെ ഈ വചനങ്ങളെ നിങ്ങളുടെ ഹൃദയത്തിലും മനസ്സിലും സംഗ്രഹിച്ചു" (ആവർത്തനം 11:18എ)) എന്നിങ്ങനെയുള്ള പ്രസ്താവനകൾ നാം വീണ്ടും വീണ്ടും വായിക്കുന്നു. ഇസ്രായേലിന്റെ നേതൃത്വം വഹിക്കുന്ന യോശുവയോടും ഇതേ നിർദ്ദേശം താൻ ആവർത്തിച്ചു. കർത്താവു യോശുവയെ നിയോഗിക്കുകയായിരുന്നു, മോശ തന്നോട് കല്പിച്ചിട്ടുള്ള ന്യായപ്രമാണമൊക്കെയും അനുസരിച്ചു നടക്കേണ്ടതിനു ഉറപ്പും ധൈര്യവും ഉള്ളവനായിരിക്കാൻ തന്നോട് ദൈവം പറഞ്ഞു (യോശുവ 1:7). ഈ

ന്യായപ്രാമണപുസ്തകത്തിലുള്ളതു നിന്റെ വായിൽനിന്നു നീങ്ങിപ്പോകരുതു; അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചുനടക്കേണ്ടതിന്നു നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കേണം" (യോശുവ 1:8എ)).

രാവും പകലും തന്റെ വചനത്തിൽ ധ്യാനിക്കാൻ ദൈവം യോശുവയോട് നിർദ്ദേശിച്ചിരുന്നത് ശ്രദ്ധേയമാണ്. അതിനാൽ വചനത്തിലെ ധ്യാനം ദൈവം തന്നെ നിർദ്ദേശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു ശിക്ഷണമാണ്. നാം പരിശീലിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്ന ഒരു ശിക്ഷണമാണിത്.

ഈ പ്രക്രിയ ശ്രദ്ധിക്കുക:

1. ന്യായപ്രമാണപുസ്തകത്തിലെ വാക്കുകൾ അവന്റെ പ്രസംഗത്തിന്റെ ഭാഗമായിരുന്നു ("ന്യായപ്രമാണപുസ്തകം നിന്റെ വായിൽനിന്നു നീങ്ങിപ്പോകരുത്").
2. അവൻ നിരന്തരം വചനത്തിൽ ധ്യാനിക്കുകയായിരുന്നു. ("നിങ്ങൾ അതിൽ രാവും പകലും ധ്യാനിക്കണം").

ദൈവവചനം നമ്മുടെ ഹൃദയത്തിലും (ആത്മാവിലും) പ്രാണനിലും (മനസിൽ) നിക്ഷേപിക്കാൻ സഹായിക്കുന്ന ഒരു ശിക്ഷണമാണ് ധ്യാനം. ധ്യാനത്തെക്കുറിച്ച് മറ്റു പല പരാമർശങ്ങളും ഉണ്ട്, പ്രത്യേകിച്ച് സങ്കീർത്തനങ്ങളിൽ. സങ്കീർത്തനം 1 സങ്കീർത്തനം ഒരു നീതിമാന്റെ ശിക്ഷണത്തെക്കുറിച്ച് നമ്മെ പഠിപ്പിക്കുന്ന വേദപുസ്തകത്തിലെ അറിയപ്പെടുന്ന ഭാഗമാണ്. അത്തരമൊരു മനുഷ്യൻ ഭക്തികെട്ടവരുടെ ആലോചനയിൽ നടക്കുന്നില്ലെന്നും പാപികളുടെ പാത പിന്തുടരുന്നില്ലെന്നും പരിഹസിക്കുന്നവരുടെ പ്രവർത്തനത്തിൽ പങ്കാളികളാകുന്നില്ലെന്നും നമ്മോട് പറയുന്നു. "യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ" (സങ്കീ. 1:2). അവന്റെ നീതിയുടെ ശിക്ഷണവും വചനത്തിലെ നിരന്തരമായ ധ്യാനവും അവൻ ചെയ്യുന്ന എല്ലാ കാര്യങ്ങളും ഫലപ്രദവും, അഭിവൃദ്ധിയുള്ളതും, സമൃദ്ധമായതും ആക്കാൻ അവനെ പ്രാപ്തനാക്കുന്നു (സങ്കീ.1:3).

തിരുവെഴുത്തു ധ്യാനം ദൈവവചനത്തിൽ ധ്യാനിക്കുന്നതിൽ മാത്രം ഒതുങ്ങുന്നില്ല. നമുക്ക് ധ്യാനിക്കാവുന്ന മറ്റ് വിഷയങ്ങളോ തീമുകളോ കണ്ടെത്താം. ഉദാഹരണത്തിന്, നമുക്ക് കർത്താവിനെ ധ്യാനിക്കാം. കർത്താവും അവന്റെ സ്വഭാവവും ഗുണവിശേഷങ്ങളും നമ്മുടെ ധ്യാനത്തിന്റെ കേന്ദ്രമായി മാറുന്നു. ദാവീദ്: യിസ്രായേലിന്റെ മധുരഗായകൻ പറഞ്ഞു: "എന്റെ കിടക്കയിൽ നിന്നെ ഓർക്കയും ഞാൻ രാത്രിയാമങ്ങളിൽ നിന്നെ ധ്യാനിക്കയും ചെയ്യുമ്പോൾ" (സങ്കീർത്തനം 63:5). മറ്റൊരു സങ്കീർത്തനക്കാരൻ ഇങ്ങനെ

എഴുതി: "എന്റെ ധ്യാനം അവനു പ്രസാദകരമായിരിക്കട്ടെ; ഞാൻ യഹോവയിൽ സന്തോഷിക്കും" (സങ്കീർത്തനം 104:34, കിംഗ് ജെയിംസ് പതിപ്പ്)

നമ്മുടെ ജീവിതത്തിൽ കർത്താവ് ചെയ്ത അത്ഭുതകരമായ കാര്യങ്ങളെക്കുറിച്ചും ധ്യാനിക്കാം. ദാവീദ് പറഞ്ഞു: "ഞാൻ പണ്ടത്തെ നാളുകളെ ഓർക്കുന്നു; നിന്റെ സകലപ്രവൃത്തികളെയും ഞാൻ ധ്യാനിക്കുന്നു; നിന്റെ കൈകളുടെ പ്രവൃത്തിയെ ഞാൻ ചിന്തിക്കുന്നു" (സങ്കീ 143:5). ഇസ്രായേലിന്റെ മറ്റൊരു സങ്കീർത്തനക്കാരനായ ആസാഫ് എഴുതി, "ഞാൻ നിന്റെ സകലപ്രവൃത്തിയെയും കുറിച്ചു ധ്യാനിക്കും; നിന്റെ ക്രിയകളെക്കുറിച്ചു ഞാൻ ചിന്തിക്കും" (സങ്കീ. 77:12). ജ്ഞാനത്തിന്റേയും വിവേകത്തിന്റേയും കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്യാം. സങ്കീർത്തനക്കാരൻ എഴുതുന്നു, "സകല ജാതികളുമായുള്ളോരേ, ഇതു കേൾപ്പിൻ; സകലഭൂവാസികളുമായുള്ളോരേ, ചെവിക്കൊൾവിൻ. സാമാന്യജനവും ശ്രേഷ്ഠജനവും ധനവാന്മാരും ദരിദ്രന്മാരും തന്നേ. എന്റെ വായ് ജ്ഞാനം പ്രസ്താവിക്കും; എന്റെ ഹൃദയത്തിലെ ധ്യാനം വിവേകം തന്നേ ആയിരിക്കും" (സങ്കീർത്തനം 49:1-3, കെ.ജെ.വി).

## ധ്യാനം–വേദപുസ്തക സമീപനം

ധ്യാനം ഒരു തിരുവെഴുത്തു പരിശീലനമാണെന്നും അത് ദൈവം തന്നെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടെന്നും, ദൈവവചനം നമ്മുടെ ഹൃദയത്തിൽ സ്ഥാപിക്കാൻ കഴിയുന്ന രീതിയാണിതെന്നും മനസ്സിലാക്കിയ ശേഷം, നമ്മുടെ അടുത്ത ലക്ഷ്യം ധ്യാനിക്കുന്നതെങ്ങനെയെന്ന് പഠിക്കുക എന്നതാണ്.

പഴയനിയമത്തിൽ "ധ്യാനിക്കുക" എന്ന വാക്കിന് രണ്ട് പ്രധാന എബ്രായ പദങ്ങളുണ്ട്. 'ഹഗ' എന്ന എബ്രായ പദത്തിന്റെ അർത്ഥം "പ്രതിഫലിപ്പിക്കുക, സങ്കൽപ്പിക്കുക, ആലോചിക്കുക, വിലപിക്കുക, മുരളുക, പിറുപിറുക്കുക, നെടുവീർപ്പ് പോലുള്ള ശാന്തമായ ശബ്ദം പുറപ്പെടുവിക്കുക, ഒരാൾ വാക്കുകൾ ആവർത്തിക്കുമ്പോൾ എന്തെങ്കിലും ചിന്തിക്കുക." 119-സങ്കീർത്തനത്തിൽ പ്രധാനമായും ഉപയോഗിച്ചിരിക്കുന്ന സിയാച്ച് എന്ന മറ്റൊരു പദത്തിന്റെ അർത്ഥം "ആലോചിക്കുക, അതായത്, സംസാരിക്കുക (തന്നോടും, അതിനാൽ ഉറക്കെ), പൂർണമായും ആശയവിനിമയം നടത്തുക, പരാതിപ്പെടുക, പ്രഖ്യാപിക്കുക, ചിന്താമഗ്നനാകുക, പ്രാർത്ഥിക്കുക, സംസാരിക്കുക." സ്പിരിറ്റ്-ഫിൽഡ് ലൈഫ് ബൈബിൾ ആദ്യ വാക്കിൽ തന്നെ ഇനിപ്പറയുന്ന അഭിപ്രായങ്ങൾ ഉൾക്കൊള്ളുന്നു. അതിൽ ഇങ്ങനെ പറയുന്നു: "ഇംഗ്ലീഷ്" പദം "ധ്യാന" ത്തിന്റെ അർഥം മാനസിക വ്യായാമം എന്നാണ് എന്നാൽ ഹഗ അതിൽ നിന്നും വ്യത്യസ്തമായ അർഥം പ്രതിനിധീകരിക്കുന്നു. എബ്രായ ചിന്തയിൽ, തിരുവെഴുത്തുകളെ ധ്യാനിക്കുകയെന്നത് മൃദുവായതും പതിഞ്ഞതുമായ ശബ്ദത്തിൽ നിശബ്ദമായി ആവർത്തിക്കുക, അതേസമയം

പുറത്തുള്ള ശ്രദ്ധ പൂർണ്ണമായും ഉപേക്ഷിക്കുക എന്നാണ്. ഈ പാരമ്പര്യത്തിൽ നിന്ന് "ഡേവനിംഗ്" എന്ന ഒരു പ്രത്യേക തരം യഹൂദ പ്രാർത്ഥന വരുന്നു, അതായത് പാഠങ്ങൾ പാരായണം ചെയ്യുക, തീവ്രമായ പ്രാർത്ഥനകൾ നടത്തുക, കുനിയുകയോ അല്ലെങ്കിൽ മുന്നോട്ടും പുറകോട്ടും ശരീരം ചലിപ്പിച്ചുകൊണ്ടു ദൈവ സംസർഗ്ഗത്തിൽ ആയിത്തീരുക . ധ്യാന-പ്രാർത്ഥനയുടെ ഈ ചലനാത്മക രൂപം ദാവീദിന്റെ കാലത്തേക്കാണ് നമ്മെ കൊണ്ട് പോകുന്നത്" (പേജുകൾ 753-754, തോമസ് നെൽസൺ പബ്ലിഷേഴ്സ്, 1991).

ധ്യാനം അടിസ്ഥാനപരമായി പ്രാണനെ (അത് ചിന്തയുടെ, ബുദ്ധി, ഭാവന, വികാരം, ഇച്ഛ എന്നിവയുടെ ഇരിപ്പിടം) സന്ധിക്കുകയും അതിലൂടെ ഭൗതിക ശരീരത്തെ ബാധിക്കുകയും ചെയ്യുന്ന മനുഷ്യാത്മാവിന്റെ ഒരു പ്രവർത്തനമാണ്. പ്രബോധന ആവശ്യങ്ങൾക്കായി, ധ്യാന പ്രക്രിയയെ സംഗ്രഹിക്കാൻ മൂന്നു വാക്കുകൾ ഉപയോഗിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു– ധ്യാനം, ദൃശ്യവൽക്കരണം, ഏറ്റുപറച്ചിൽ. ഏത് സമയത്തും, ധ്യാനിക്കുമ്പോൾ, ഈ മൂന്ന് പ്രക്രിയകളിൽ ഒന്നോ അതിലധികമോ പ്രവർത്തനങ്ങളിൽ ഏർപ്പെടാം. ഒരാൾ ഒരു പ്രത്യേക പ്രമേയത്തെക്കുറിച്ചു ആഴത്തിൽ ആലോചിച്ചേക്കാം, അല്ലെങ്കിൽ ഒരു പ്രത്യേക വിഷയത്തെക്കുറിച്ച് ചിന്തിക്കുകയും ദൃശ്യവൽക്കരിക്കുകയും ചെയ്യാം, അല്ലെങ്കിൽ ഏറ്റുപറയാം. ഇവ ഓരോന്നും നമുക്ക് വിശദമായി പഠിക്കാം.

## ധ്യാനം–നിങ്ങളുടെ ഉള്ളിൽ തന്നെ ചിന്തിക്കുന്നു

**സങ്കീർത്തനം 143: 5**
**ഞാൻ പണ്ടത്തെ നാളുകളെ ഓർക്കുന്നു; നിന്റെ സകലപ്രവൃത്തികളെയും ഞാൻ ധ്യാനിക്കുന്നു; നിന്റെ കൈകളുടെ പ്രവൃത്തിയെ ഞാൻ ചിന്തിക്കുന്നു.**

ധ്യാനത്തിന്റെ ഈ വശം നമ്മുടെ ചിന്തയെയും ബുദ്ധിയെയും ഉൾക്കൊള്ളുന്നു. ഒരു പ്രത്യേക വിഷയത്തെക്കുറിച്ച് നമ്മൾ ചിന്താമഗ്നനാകുകയും ആലോചിക്കുകയും ആഴത്തിൽ ചിന്തിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, നാം വചനത്തിൽ നിന്ന് ദൈവിക രോഗശാന്തിയെന്ന ഒരു പ്രത്യേക വിഷയത്തെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ, യെശയ്യാവു 53:4 നെ തിരുവെഴുത്തിന്റെ വാക്യമായി നാം തിരഞ്ഞെടുത്തു, ധ്യാനസമയത്ത് ഈ വാക്യത്തിന്റെ അർത്ഥവും അതിന്റെ പ്രാധാന്യവും അതിന്റെ പ്രത്യാഘാതങ്ങളും നാം പരിഗണിക്കുന്നു. യേശു നമ്മുടെ എല്ലാ രോഗങ്ങളേയും എല്ലാ വേദനകളേയും വഹിച്ചുവെന്നും നാം മനസ്സിലാക്കുന്നു. നമ്മുടെ പകരക്കാരനായിട്ടാണ് അദ്ദേഹം ഇത് ചെയ്തത്, അതിനാൽ നാം ഇനി അവ സഹിക്കേണ്ടതില്ല. നാം നമ്മിൽത്തന്നെ മനസ്സിലാക്കുകയും ന്യായവാദം ചെയ്യുകയും ചെയ്യുന്നു. നമ്മുടെ ദൈനംദിന ജീവിതത്തിൽ അതിന്റെ പ്രയോഗത്തിലൂടെ നാം ചിന്തിക്കുന്നു. നമുക്ക് മുമ്പ് ഉണ്ടായിരിക്കാനിടയുള്ള

തെറ്റായ ധാരണകളും ആശയങ്ങളും നാം പരിശോധിക്കുകയും അവഗണിക്കുകയും ചെയ്യുന്നു.

ദൈവ വചനത്തിൽ ആഴമായി ധ്യാനിക്കാൻ നാം സമയം ചെലവഴിക്കുമ്പോൾ ദൈവാത്മാവ് നമ്മിൽ സന്തോഷിക്കുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. എല്ലായ്പ്പോഴും, പുറത്തുനിന്നുള്ള എല്ലാ ഇതരവിചാരങ്ങളിൽ നിന്നും നാം സ്വയം അകന്നു നിൽക്കുകയും നമ്മുടെ മനസ്സ് വചനത്തിൽ ശ്രദ്ധിക്കുമ്പോൾ അല്ലെങ്കിൽ ധ്യാനിക്കുമ്പോൾ, നമ്മുടെ ചിന്താ പ്രക്രിയയിൽ കർത്താവിന്റെ ആത്മാവ് സൗമ്യമായി നമ്മെ വഹിക്കുന്നു. നമ്മുടെ മനസ്സിൽ പുതിയ ആശയങ്ങളും ഉൾക്കാഴ്ചകളും നട്ടുപിടിപ്പിച്ച് അവൻ നമ്മുടെ ചിന്തകളെ പ്രചോദിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നു. തിരുവെഴുത്തുകൾ എഴുതുവാൻ പുരാതന മനുഷ്യർ പ്രചോദിതരായതെങ്ങനെയെന്ന് വിവരിക്കുമ്പോൾ, അപ്പൊസ്തലനായ പത്രോസ് പറയുന്നു: "പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ" (2 പത്രോസ് 1:21). "നീക്കി" എന്ന വാക്ക് ഗ്രീക്ക് പദമായ 'ഫെറോ' എന്നതിൽ നിന്നാണ് വന്നത്, അതിനർത്ഥം "സഹിക്കുക, ചുമക്കുക" എന്നാണ്. ഈ പഴയനിയമ പ്രവാചകന്മാരെക്കുറിച്ച് വൈനിന്റെ നിഘണ്ടുവിൽ ഇനിപ്പറയുന്ന അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ പറയുന്നു, "പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അവർ 'വഹിക്കപ്പെടുകയോ പ്രേരിപ്പിക്കപ്പെടുകയോ ചെയ്തു, സ്വന്തം ഇഷ്ടപ്രകാരം പ്രവർത്തിക്കുകയോ സ്വന്തം ചിന്തകൾ പ്രയോഗിക്കുകയോ ചെയ്തില്ല, മറിച്ച് ദൈവത്തിന്റെ മനസ്സിനെ അവൻ നൽകിയതും ശുശ്രൂഷിച്ചതുമായ വാക്കുകളിലൂടെ പ്രകടിപ്പിക്കുന്നു" (പേജ് 420, തോമസ് നെൽസൺ പബ്ലിഷേഴ്സ്, 1985).

പ്രവാചകൻമാർ അവരുടെ സ്വന്തം ഗ്രാഹ്യത്തിന് അതീതമായ കാര്യങ്ങളെക്കുറിച്ച് സംസാരിച്ചു, "അവരിലുള്ള ക്രിസ്തുവിൻ ആത്മാവു ക്രിസ്തുവിന്നു വരേണ്ടിയ കഷ്ടങ്ങളെയും പിൻ വരുന്ന മഹിമയെയും മുമ്പിൽകൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ എങ്ങിനെയുള്ളതോ എന്നു പ്രവാചകന്മാർ ആരാഞ്ഞുനോക്കി" (1 പത്രോസ് 1:11). സമാനമായ രീതിയിൽ, ദൈവ വചനത്തിൽ നാം ധ്യാനിക്കുന്ന സമയത്ത് പരിശുദ്ധാത്മാവ് നമ്മുടെ ചിന്തയിൽ നമ്മെ വഹിക്കുന്നു. പരിശുദ്ധാത്മാവാണു നമ്മുടെ ഗുരു. യേശു പറയുന്ന കാര്യങ്ങൾ പരിശുദ്ധാത്മാവ് നമ്മോട് സംസാരിക്കുമെന്ന് യേശു പറഞ്ഞു (യോഹന്നാൻ 16:12-15). നമ്മുടെ ശ്രദ്ധ തിരിക്കുന്ന എല്ലാറ്റിൽ നിന്നും നാം അകന്നു നിന്ന് ദൈവ വചനം ധ്യാനിക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത്. നാം ആഴമായി ദൈവ വചനം ധ്യാനിക്കുമ്പോൾ, ദൈവത്തിന്റെ കരമാകുന്ന പരിശുദ്ധാത്മാവ് സൗമ്യമായി നമ്മിൽ ആവസിക്കുകയും നമ്മുടെ ചിന്തകളെ വഹിക്കുകയും ചെയ്യുന്നത് എത്ര

അത്യതിസാധാരണമായ അനുഭവമാണ്. മിക്കപ്പോഴും, കർത്താവിന്റെ സാന്നിദ്ധ്യം ശക്തമാവുമ്പോൾ, അവൻ നൽകുന്ന അത്ഭുതകരമായ വെളിപ്പെടുത്തലിലും വിവേകത്തിലും സന്തോഷത്തിന്റേയും നന്ദിയുടെയും കണ്ണുനീർ ഒഴുകാൻ തുടങ്ങും.

ധ്യാനം നമ്മുടെ ചിന്തയെ സ്വാധീനിക്കുന്നു. അത് ദൈവവചനത്താൽ പുതുക്കപ്പെട്ട ഒരു മനസ്സിനെ ഉൽപാദിപ്പിക്കുന്നു. നമ്മുടെ മനസ് പുതുക്കുന്നതിനെക്കുറിച്ച് തിരുവെഴുത്തുകൾ നമ്മെ പഠിപ്പിക്കുന്നു (റോമർ 12:2 ബി). നമ്മുടെ മനസ്സിന്റെ ആത്മാവിൽ (മനോഭാവത്തിൽ) പുതുക്കപ്പെടാൻ നിർദ്ദേശിച്ചിരിക്കുന്നു (എഫെസ്യർ 4:23). ദൈവത്തിന്റെ മുഴുവൻ ഉപദേശത്തിലും (എല്ലാ ദൈവവചനത്തിനും) പുതുക്കിയ മനസ്സുള്ള ഒരു വ്യക്തിക്ക് "നന്മയും പ്രസാദവും പൂർണതയും ഉള്ള ദൈവഹിതം എന്തെന്ന് തിരിച്ചറിയാൻ" കഴിയും (റോമർ 12:2 ബി). ദൈവവചനത്തിലെ അച്ചടക്കമുള്ള ധ്യാനത്തിലൂടെ, "നന്മതിന്മകളെ തിരിച്ചറിയാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങൾ ഉള്ളവരാകാൻ" കഴിയും (എബ്രായർ 5:14 ബി).

## ദൃശ്യവൽക്കരണം–നിങ്ങളുടെ ഭാവനയ്ക്കൊപ്പമുള്ള ആലേഖനം

**ഉല്പത്തി 15: 1-6**
**1 അതിന്റെ ശേഷം അബ്രാമിന്നു ദർശനത്തിൽ യഹോവയുടെ അരുളപ്പാടു ഉണ്ടായതെന്തെന്നാൽ: അബ്രാമേ, ഭയപ്പെടേണ്ടാ; ഞാൻ നിന്റെ പരിചയും നിന്റെ അതി മഹത്തായ പ്രതിഫലവും ആകുന്നു.**
**2 അതിന്നു അബ്രാം: കർത്താവായ യഹോവേ, നീ എനിക്കു എന്തു തരും? ഞാൻ മക്കളില്ലാത്തവനായി നടക്കുന്നുവല്ലോ; എന്റെ അവകാശി ദമ്മേശെക്കുകാരനായ ഈ എല്യേസർ അത്രേ എന്നു പറഞ്ഞു.**
**3 നീ എനിക്കു സന്തതിയെ തന്നിട്ടില്ല, എന്റെ വീട്ടിൽ ജനിച്ച ദാസൻ എന്റെ അവകാശിയാകുന്നു എന്നും അബ്രാം പറഞ്ഞു.**
**4 അവൻ നിന്റെ അവകാശിയാകയില്ല; നിന്റെ ഉദരത്തിൽനിന്നുപുറപ്പെടുന്നവൻ തന്നേ നിന്റെ അവകാശിയാകും. എന്നു അവനു യഹോവയുടെ അരുളപ്പാടുണ്ടായി.**
**5 പിന്നെ അവൻ അവനെ പുറത്തു കൊണ്ടുചെന്നു: നീ ആകാശത്തേക്കു നോക്കുക; നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക എന്നു കല്പിച്ചു.**
**6 നിന്റെ സന്തതി ഇങ്ങനെ ആകും എന്നും അവനോടു കല്പിച്ചു. അവൻ യഹോവയിൽ വിശ്വസിച്ചു; അതു അവൻ അവനു നീതിയായി കണക്കിട്ടു.**

അബ്രാമിനെ ഒരു മഹത്തായ ജനതയുടെ പിതാവാക്കുമെന്ന് ദൈവം ആദ്യം വാഗ്ദാനം ചെയ്തിട്ടു നിരവധി വർഷങ്ങൾ കഴിഞ്ഞു. സാറയും അബ്രാമും അപ്പോഴും മക്കളില്ലാത്തവരായിരുന്നു, ഇത് അവർക്ക് ആശങ്കയുണ്ടാക്കുന്ന കാര്യമായിരുന്നു. ഈ സമയത്ത്, യഥാർത്ഥ വാഗ്ദാനത്തെക്കുറിച്ച് ഉറപ്പുനൽകാൻ ദൈവം അബ്രാമിനോട് സംസാരിച്ചു. ദൈവം ചെയ്ത

കാര്യങ്ങൾ ശ്രദ്ധാപൂർവ്വം നോക്കുക. ഒരു രാത്രിയിൽ ദൈവം അബ്രാമിനെ തന്റെ വീടിന് പുറത്തേക്ക് നയിച്ചു, നക്ഷത്രനിബിഡമായ ആകാശത്തേക്ക് നോക്കാനും നക്ഷത്രങ്ങളെ എണ്ണാനും കഴിയുമോ എന്ന് ചോദിച്ചു. അവൻ അബ്രാമിനോടു പറഞ്ഞു: നിന്റെ സന്തതിയും അങ്ങനെ തന്നേ ആകും. ഫലത്തിൽ, ദൈവം അബ്രാമിന് തന്റെ വാഗ്ദാനത്തിന്റെ ഒരു ദൃശ്യമോ ചിത്രമോ നൽകുകയായിരുന്നു. ദൈവത്തിന്റെ വാഗ്ദാനത്തിന്റെ പൂർത്തീകരണം എങ്ങനെയായിരിക്കുമെന്ന് ഭാവനയോടെ ഈ ചിത്രം ആവർത്തിച്ച് കാണാൻ അബ്രാമിന് കഴിഞ്ഞു. പിന്നീട്, കർത്താവ് അബ്രഹാമിനോട് പറഞ്ഞു, "...നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും കടൽക്കരയിലെ മണൽപോലെയും അത്യന്തം വർദ്ധിപ്പിക്കും" (ഉല്പത്തി 22:17).

ദൃശ്യവൽക്കരണം നമ്മൾ ധ്യാനത്തിൽ പരിശീലിക്കുന്ന ഒരു പ്രധാന പ്രക്രിയയാണ്. ദൈവവചനം നമ്മെ അറിയിക്കുന്നതെന്താണെന്ന് നമ്മുടെ ഭാവനയുടെ ശക്തിയോടെ നാം കാണുന്നു. ഉദാഹരണത്തിന്, നമ്മൾ രോഗികളാണെങ്കിൽ, നമ്മളെത്തന്നെ സൗഖ്യമുള്ളവരായി കാണുന്നു. ദൈവ വചനം നമ്മെക്കുറിച്ച് പറയുന്നപോലെയെല്ലാം നാം ആയിത്തീരുകയും അതുപോലെ നാം ചെയ്യുന്നതായും നാം കാണുന്നു. ധ്യാന പ്രക്രിയയിലെ ദൃശ്യവൽക്കരണം നമ്മുടെ ഭാവനയെ ഉൾക്കൊള്ളുന്നു.

ഭാവനയുടെ ശക്തി ഉപയോഗപ്പെടുത്തുന്നതിൽ സഭ പൊതുവെ ഉപേക്ഷ കാണിക്കുന്നു. മാധ്യമ പരസ്യങ്ങളിലൂടെയും അച്ചടിച്ച പരസ്യങ്ങളിലൂടെയും മറ്റും ലോകം നമ്മുടെ ഭാവനയെ നിരന്തരം സ്വാധീനിക്കുന്നു. ഭാവന നമ്മുടെ നിലനിൽപ്പിന്റെ ഒരു പ്രധാന ഭാഗമാണ്. ദൈവം ഇത് രൂപകൽപ്പന ചെയ്യുകയും ഉപയോഗിക്കാൻ ഈ കഴിവിനെ നൽകുകയും ചെയ്തു. നമ്മുടെ ഭാവന നമ്മുടെ സ്വഭാവത്തെയും തീരുമാനങ്ങളെയും സ്വാധീനിക്കുന്നു. അവ നമ്മുടെ ജീവിത വീക്ഷണത്തെ സ്വാധീനിക്കുകയും നമ്മുടെ ആത്മാഭിമാനം നിർണ്ണയിക്കുകയും ചെയ്യുന്നു. ഒരു മോശം സ്വയം-ഇമേജ് (അല്ലെങ്കിൽ ഒരു മോശം സ്വയം "ഭാവന") അല്ലെങ്കിൽ അജ്ഞാതമായ ഭയം, അപകടസാധ്യതകളുണ്ടാകുമോ എന്ന ഭയം, ആളുകളെ ഭയപ്പെടുന്ന ഒരു സ്വയം ഇമേജ്, അപകർഷതാബോധത്താൽ നിറയപ്പെട്ട ഒരു സ്വയം ഇമേജ് എന്നിവയാൽ പലരും കഷ്ടപ്പെടുന്നു. എന്നിരുന്നാലും, നാം ദൈവവചനം ധ്യാനിക്കുകയും ദൈവം നമ്മെക്കുറിച്ചു പറയുന്ന കാര്യങ്ങളെല്ലാം സ്വയം സങ്കൽപ്പിക്കാൻ തുടങ്ങുകയും ചെയ്യുമ്പോൾ (അല്ലെങ്കിൽ ഭാവനയിൽ) നമ്മുടെ സ്വരൂപം (ഇമേജ്) മാറാൻ തുടങ്ങുന്നു. വാസ്തവത്തിൽ, നമ്മുടെ സ്വരൂപം മാത്രമല്ല, ജീവിതത്തെക്കുറിച്ചുള്ള നമ്മുടെ മുഴുവൻ കാഴ്ചപ്പാടും നമുക്ക് ചുറ്റുമുള്ള സാഹചര്യങ്ങളും മാറാൻ തുടങ്ങുന്നു.

സംഖ്യ 13-ൽ കാണുന്ന പരിചിതമായ ഒരു പഴയ നിയമ സംഭവം ഇവിടെ ഒരു നല്ല ഉദാഹരണമായി വർത്തിക്കുന്നു. കനാൻ ദേശം അവകാശമായി

നൽകാമെന്ന വാഗ്ദാനവുമായി ദൈവം തന്റെ ജനത്തെ ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് കൊണ്ട് വന്നു. വാഗ്ദത്തദേശത്തേക്കു പോകാനുള്ള തയ്യാറെടുപ്പ് ആയി ദേശത്തെ ഒറ്റുനോക്കുവാൻ 12 പുരുഷന്മാരെ, ഓരോ 12 ഗോത്രങ്ങളിൽ നിന്നും ഒരു നേതാവ്, അയയ്ക്കാൻ മോശെയോട് യഹോവയായ ദൈവം കല്പിച്ചു. 12 പേർ 40 ദിവസം ദേശം ഉറ്റുനോക്കി. തുടർന്ന് അവർ മടങ്ങി റിപ്പോർട്ട് സമർപ്പിച്ചു. ദേശം ഫലപ്രദവും സമൃദ്ധവുമാണെന്ന് എല്ലാവരും സമ്മതിച്ചു. എന്നിരുന്നാലും, അവരിൽ 10 പേർ ദേശത്ത് വസിച്ചിരുന്ന രാക്ഷസന്മാരായ ജനങ്ങളെ ഭയപ്പെട്ടു. അവർ പറഞ്ഞു, "ആ ജനത്തിന്റെ നേരെ ചെല്ലുവാൻ നമുക്കു കഴികയില്ല; അവർ നമ്മിലും ബലവാന്മാർ ആകുന്നു എന്നു പറഞ്ഞു. തങ്ങൾ ഒറ്റു നോക്കിയ ദേശത്തെക്കുറിച്ചു അവർ യിസ്രായേൽമക്കളോടു ദുർവ്വർത്തമാനമായി പറഞ്ഞതെന്തെന്നാൽ: ഞങ്ങൾ സഞ്ചരിച്ചു ഒറ്റുനോക്കിയ ദേശം നിവാസികളെ തിന്നുകളയുന്ന ദേശം ആകുന്നു; ഞങ്ങൾ അവിടെ കണ്ട ജനം ഒക്കെയും അതികായന്മാർ ;അവിടെ ഞങ്ങൾ മല്ലന്മാരുടെ സന്തികളായ അനാക്യമല്ലന്മാരെയും കണ്ടു; ഞങ്ങൾക്കു തന്നേ ഞങ്ങൾ വെട്ടുക്കിളികളെപ്പോലെ തോന്നി; അവരുടെ കാഴ്ചെക്കും ഞങ്ങൾ അങ്ങനെ തന്നേ ആയിരുന്നു" (സംഖ്യാപുസ്തകം 13:31-33). അവരിൽ രണ്ടുപേർ മാത്രമേ ക്രിയാത്മകമായ ഒരു റിപ്പോർട്ട് കൊണ്ടുവന്നിട്ടുള്ളൂ, "നാം ചെന്നു അതു കൈവശമാക്കുക; അതു ജയിപ്പാൻ നമുക്കു കഴിയും എന്നു പറഞ്ഞു" (സംഖ്യാപുസ്തകം 13:30ബി). ഈ 12 പുരുഷന്മാരും ഒരേ രാക്ഷസന്മാരെ കണ്ടിരിക്കണം, പക്ഷേ അവർ പ്രതികരിച്ച രീതി വ്യത്യസ്തമായിരുന്നു. ദൈവം തങ്ങളോടൊപ്പമുണ്ടെന്ന് ഓർമ്മിച്ചതിനാൽ അവരിൽ രണ്ടുപേർക്ക് ആത്മവിശ്വാസമുണ്ടായിരുന്നു (സംഖ്യാപുസ്തകം 14:6-9). എന്നാൽ മറ്റ് 10 പേർ അവരുടെ നെഗറ്റീവ് ഭാവനയെ മികച്ചതാക്കാൻ അനുവദിക്കുകയായിരുന്നു. മനസ്സിന്റെ കണ്ണുകൊണ്ട് അവർ കണ്ടതാണ് അവരെ ദുർബലപ്പെടുത്തിയത്. രാക്ഷസന്മാരുടെ മുമ്പിലുള്ള ചെറിയ വെട്ടുകിളികളെപ്പോലെയാണെന്ന് അവർ സ്വയം ചിത്രീകരിച്ചു. ഇത് അവരെ ഭയത്താൽ നിറയ്ക്കുകയും ദൈവത്തിലുള്ള അവരുടെ വിശ്വാസം കവർന്നെടുക്കുകയും ചെയ്തു. സങ്കടകരമെന്നു പറയട്ടെ, പല ക്രിസ്ത്യാനികളും ഈ 10 പുരുഷന്മാരെപ്പോലെ ജീവിത സാഹചര്യങ്ങളിലൂടെ കടന്നുപോകുന്നു. അവരുടെ മനസ്സിന്റെ കണ്ണുകൊണ്ട് കാണുന്നത്–അവരുടെ ഭാവന–വിശ്വാസ ജീവിതം നയിക്കുന്നതിനും കർത്താവിന്റെ സമൃദ്ധമായ അനുഗ്രഹങ്ങൾ ആസ്വദിക്കുന്നതിനും തടസ്സമാകുന്നു. എന്നാൽ, ധ്യാനത്തിന്റെ അച്ചടക്കത്തിലൂടെ, നമ്മുടെ ഭാവനയുടെ ചുമരുകളിൽ പുതിയ ചിത്രങ്ങൾ വരയ്ക്കാൻ കഴിയും.

വേദപുസ്തകത്തിലെ പല സ്ഥലങ്ങളിലും, പ്രത്യേകിച്ച് പഴയനിയമത്തിൽ, നാം കാണുന്ന കാര്യങ്ങളുമായി ദൈവം ഇടപെടുന്നുവെന്നത് ശ്രദ്ധേയമാണ്. അവൻ തന്റെ ഉടമ്പടിയുടെ ജനതയ്ക്ക് പഴയനിയമത്തിൽ ഒരു നിയമം നൽകി, "ആകയാൽ നിങ്ങൾ എന്റെ ഈ വചനങ്ങളെ നിങ്ങളുടെ ഹൃദയത്തിലും മനസ്സിലും സംഗ്രഹിച്ചു നിങ്ങളുടെ കൈമേൽ അടയാളമായി കെട്ടുകയും അവ

നിങ്ങളുടെ കണ്ണുകൾക്കു മദ്ധ്യേ പട്ടമായിരിക്കയും വേണം."(ആവർത്തനം 11:18; ആവർത്തനം 6:8; പുറപ്പാടു 13:9,16 കൂടി കാണുക). ഒരു ഘട്ടത്തിൽ, ആളുകൾ തിരുവെഴുത്തിന്റെ ഭാഗങ്ങൾ ഇടതു കൈയിലും നെറ്റിയിലും കെട്ടിക്കൊണ്ട് ഇത് പരിശീലിച്ചു. "ചിഹ്നം" എന്ന വാക്കിന്റെ അർത്ഥങ്ങളിലൊന്ന് "ദൃശ്യമായ ദൃഷ്ടാന്തം" എന്നതാണ്. തന്റെ ജനത്തിന് തന്റെ വചനത്തെക്കുറിച്ചും അവർക്കുവേണ്ടി ചെയ്ത കാര്യങ്ങളെക്കുറിച്ചും വ്യക്തമായ ഓർമ്മപ്പെടുത്തൽ ഉണ്ടാകണമെന്ന് ദൈവം ആഗ്രഹിച്ചു. അവർ കണ്ടതിനെ സ്വാധീനിക്കാൻ ദൈവം ആഗ്രഹിച്ചു, കാരണം അവർ കാണുന്നത് ദൈവത്തിന്റെ പ്രവൃത്തികളെ ഓർമ്മിക്കാൻ അവരെ പ്രേരിപ്പിക്കും. പുതിയനിയമത്തിൽ അത്തരമൊരു സമ്പ്രദായം നമുക്കില്ലെങ്കിലും, നമ്മുടെ ഭാവനകളുടെ ചുമരുകളിൽ ദൈവവചനം വരച്ചിരിക്കണമെന്ന് ഞങ്ങൾക്ക് വ്യക്തിപരമായി തോന്നുന്നു, അതുവഴി നമുക്ക് നിരന്തരം "കാണാനും" ദൈവത്തിന്റെ സമ്പന്നമായ വാഗ്ദാനങ്ങളെക്കുറിച്ച് ഓർമിക്കാനും കഴിയും. പരിചിതമായ പഴയനിയമ ഭാഗത്തിൽ ദൈവം പറയുന്നു, "മകനേ, എന്റെ വചനങ്ങൾക്കു ശ്രദ്ധതരിക; എന്റെ മൊഴികൾക്കു നിന്റെ ചെവി ചായിക്ക. അവ നിന്റെ ദൃഷ്ടിയിൽനിന്നു മാറിപ്പോകരുതു" (സദൃശവാക്യങ്ങൾ 4:20-21 എ)). വചനം നിരന്തരം "കാണുന്ന" പ്രാധാന്യത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരു നിർദ്ദേശം ഒരിക്കൽ കൂടി നമുക്ക് കാണാം. ഒരർത്ഥത്തിൽ, ഇത് നമ്മുടെ മനസ്സിൽ സങ്കൽപ്പിക്കുന്നതും ദൃശ്യവൽക്കരിക്കുന്നതും ചിത്രീകരിക്കുന്നതും കൈകാര്യം ചെയ്യുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

## ഏറ്റുപറച്ചിൽ – ദൈവം പറഞ്ഞത് പറയുന്നു

**യോശുവ 1: 8**
**ഈ ന്യായപ്രാമണപുസ്തകത്തിലുള്ളതു നിന്റെ വായിൽനിന്നു നീങ്ങിപ്പോകരുതു; അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചുനടക്കേണ്ടതിന്നു നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കേണം; എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും; നീ കൃതാർത്ഥനായും ഇരിക്കും.**

ഇവിടെ, "രാവും പകലും" ധ്യാനിക്കാൻ ദൈവം യോശുവയോട് നിർദ്ദേശിക്കുകയായിരുന്നു. "ന്യായപ്രമാണപുസ്തകം നിന്റെ വായിൽനിന്നു നീങ്ങിപ്പോകരുതു" എന്നു പറഞ്ഞുകൊണ്ടാണ് അവൻ തുടങ്ങിയതെന്ന് ശ്രദ്ധിക്കുക. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ന്യായപ്രമാണപുസ്തകത്തിൽ അടങ്ങിയിരിക്കുന്ന വാക്കുകൾ നിരന്തരം തന്റെ സംസാരത്തിന്റെ ഭാഗമാകണമെന്ന് കർത്താവ് യോശുവയോട് പറയുകയായിരുന്നു. അതിനാൽ, ധ്യാന പ്രക്രിയയുടെ ഭാഗമായി, തിരുവെഴുത്തുകളുടെ വാക്കുകൾ നമ്മുടെ വായിൽ വയ്ക്കണം, അതായത്, തിരുവെഴുത്തുകൾ സംസാരിക്കുക / ആവർത്തിക്കുക / പാരായണം ചെയ്യുക. നേരത്തെ വിശദീകരിച്ചതുപോലെ, ഇതാണ് എബ്രായ ജനതയുടെ രീതി. ധ്യാനസമയത്ത്, അവർ നിശബ്ദമായി പുറമെനിന്നുള്ള എല്ലാ ശല്യങ്ങളെയും അവഗണിച്ചുകൊണ്ട് കുനിയുകയോ

മുമ്പോട്ടും പുറകോട്ടും ശരീരം ചലിപ്പിക്കുകയോ ചെയ്തുകൊണ്ട് തിരുവെഴുത്തുകൾ മൃദുവായതും പതിഞ്ഞതുമായ ശബ്ദത്തിൽ ആവർത്തിച്ചു കൊണ്ടിരിക്കും.

പുതിയനിയമത്തിൽ, "കുറ്റസമ്മതം," "ഏറ്റുപറച്ചിൽ" എന്നീ വാക്കുകൾ നമുക്ക് പരിചയപ്പെടുത്തിയിരിക്കുന്നു. ക്രിസ്തീയ വിശ്വാസത്തിലെ പ്രധാന പദങ്ങളാണിവ. കർത്താവായ യേശുവിനെ വാകൊണ്ടു ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചുവെന്ന് നമ്മുടെ ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്യുമ്പോൾ നാം രക്ഷിക്കപ്പെടും (റോമർ 10:9). കൂടാതെ, നമ്മുടെ പാപങ്ങളുടെ ഏറ്റുപറച്ചിലിനെക്കുറിച്ചും (1 യോഹന്നാൻ 1:9) നമ്മുടെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലിനെക്കുറിച്ചും പുതിയ നിയമം നമ്മെ പഠിപ്പിക്കുന്നു (എബ്രായർ 3:1). "കുറ്റസമ്മതം" അല്ലെങ്കിൽ "ഏറ്റുപറച്ചിൽ" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന രണ്ട് ഗ്രീക്ക് പദങ്ങളിൽ, 'ഹോമോലോജിയോ' എന്ന പദം സാധാരണയായി ഉപയോഗിക്കാറുണ്ട്, അതിന്റെ അർത്ഥം "ഒരേ കാര്യം സംസാരിക്കുക, സമ്മതിക്കുക, യോജിക്കുക, അംഗീകരിക്കുക" എന്നാണ്. ധ്യാനത്തിന്റെ ഈ മൂന്നാമത്തെ വശത്തെ വിവരിക്കാൻ "ഏറ്റുപറച്ചിൽ" എന്ന പദം ഉപയോഗിക്കാൻ ഞങ്ങൾ തീരുമാനിച്ചു, കാരണം തന്റെ വചനം ആവർത്തിക്കാനും/പാരായണം ചെയ്യാനും/സംസാരിക്കാനും കർത്താവ് നിർദ്ദേശിക്കുമ്പോൾ, ഫലത്തിൽ അവിടുത്തെ വചനം "ഏറ്റുപറയാനാണ്" അവൻ നമ്മോട് നിർദ്ദേശിക്കുന്നത്. അവന്റെ വചനത്തിൽ പറയുന്ന കാര്യങ്ങൾ തന്നെ പറയണമെന്നും നമ്മുടെ വക്കിൽ പറഞ്ഞാൽ അവന്റെ വചനത്തോട് യോജിക്കണമെന്നും ആവശ്യപ്പെടുന്നു.

ഉദാഹരണമായി, നാം വചനത്തിൽ ധ്യാനിക്കുന്നുവെന്ന് പറയാം, പ്രത്യേകിച്ചും യെശയ്യാവു 53:4, മത്തായി 8:17 എന്നിവയിൽ കാണുന്ന തിരുവെഴുത്തുകളെക്കുറിച്ച്. ക്രൂശിലെ പകരം യാഗമായ പ്രവർത്തനത്തിലൂടെ ക്രിസ്തു നമ്മുടെ രോഗശാന്തിക്കായി തന്നെത്തന്നെ നൽകിയതെങ്ങനെയെന്ന് ഈ വാക്യങ്ങൾ വിവരിക്കുന്നു. ഈ വാക്യങ്ങൾ എന്താണ് അർത്ഥമാക്കുന്നതെന്നും അവ നമുക്ക് എങ്ങനെ ബാധകമാകുമെന്നും നമുക്ക് ചിന്തിക്കാം. ഈ തിരുവെഴുത്തുകൾ നമ്മുടെ ജീവിതത്തിൽ സത്യമാണെന്ന് നമുക്ക് കാണാൻ കഴിയുന്നു. അസുഖത്തിൽ നിന്ന് മുക്തനായി, എല്ലാ വേദനകളിൽ നിന്നും സുഖം പ്രാപിച്ച്, പൂർണ്ണമായും ആരോഗ്യവാനായി നാം സ്വയം സങ്കൽപ്പിക്കുകയും കാണുകയും ചെയ്യുന്നു. നമ്മുടെ ധ്യാനത്തിന്റെ ഭാഗമായി, നാം ഈ വാക്യങ്ങൾ ഉൾക്കൊള്ളുന്നു. മൃദുവായതും കേൾക്കാവുന്നതുമായ ശബ്ദത്തിൽ നാം പറയുന്നു: "തീർച്ചയായും അവൻ എന്റെ രോഗങ്ങൾ വഹിക്കുകയും എന്റെ വേദനകൾ വഹിക്കുകയും ചെയ്തു. യേശു തന്നെ എന്റെ ബലഹീനതകൾ എടുക്കുകയും എന്റെ രോഗങ്ങൾ വഹിക്കുകയും ചെയ്തു." നാം ഇവ പല തവണ ആവർത്തിക്കുന്നു. അല്ലെങ്കിൽ ഈ

തിരുവെഴുത്തുകളുടെ അർത്ഥത്തെക്കുറിച്ച് നമ്മോട് തന്നെ സംസാരിക്കാൻ നാം ആഗ്രഹിച്ചേക്കാം. എന്റെ സ്വന്തം ധ്യാന സമയങ്ങളിൽ, ചിലപ്പോൾ ഞാൻ എന്നോട് വചനം പ്രസംഗിച്ചേക്കാം. മറ്റു ചിലപ്പോൾ, ദൈവത്തോടുള്ള പ്രാർത്ഥനയിൽ ഞാൻ തിരുവെഴുത്തുകളുടെ വാക്കുകൾ ഏറ്റുപറയുന്നു. ഉദാഹരണത്തിന്, നാം ഈ വാക്യങ്ങളെക്കുറിച്ച് ധ്യാനിക്കുമ്പോൾ, നാം പ്രാർത്ഥിക്കുകയും പറയുകയും ചെയ്യുന്നു, "പിതാവേ, അങ്ങയുടെ വചനത്തിന് ഞാൻ നന്ദി പറയുന്നു. പിതാവേ, ഈ വാക്യങ്ങൾ അനുസരിച്ച്, യേശു തീർച്ചയായും എന്റെ രോഗങ്ങൾ വഹിക്കുകയും എന്റെ വേദനകൾ വഹിക്കുകയും ചെയ്തതിന് നന്ദി. അവൻ എന്റെ എല്ലാ ബലഹീനതകളും എടുത്തു എന്റെ രോഗങ്ങൾ സഹിച്ചു. പിതാവേ, അതിനാൽ എന്റെ ശരീരത്തിൽ ഞാൻ ഇനി രോഗവും വേദനകളും സഹിക്കേണ്ടാത്തതിന് നന്ദി."

ഈ രീതിയിൽ വചനം ഏറ്റുപറയുന്നത് നമ്മുടെ ജീവിതത്തെ വളരെയധികം സ്വാധീനിക്കുന്നു. ഇത് നമ്മുടെ ആന്തരിക മനുഷ്യനിൽ ദൈവവചനത്തെ ശക്തിപ്പെടുത്തുന്നു. ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു. (റോമർ 10:17). ഈ രീതിയിൽ നാം വചനം ഏറ്റുപറയുമ്പോൾ, ഫലത്തിൽ നാം വചനം കേൾക്കുന്നു. വചനം ഏറ്റുപറയുന്ന സ്ഥിരമായ പരിശീലനം തീർച്ചയായും നാം സംസാരിക്കുന്ന രീതിയെ മാറ്റും. വാസ്തവത്തിൽ, തന്റെ വചനം നിരന്തരം നമ്മുടെ വായിൽ സൂക്ഷിക്കാൻ കർത്താവ് നിർദ്ദേശിക്കുമ്പോൾ, അവന്റെ വചനം പറയുന്നതിനോട് വിരുദ്ധമായ എന്തും നമ്മുടെ സംസാരത്തിന്റെ ഭാഗമാകരുതെന്ന് ഇത് സൂചിപ്പിക്കുന്നു.

## അവന്റെ വചന ധ്യാനത്തിലൂടെ ദൈവവുമായി കണ്ടുമുട്ടുകയും ആശയവിനിമയം നടത്തുകയും ചെയ്യുക

**സങ്കീർത്തനം 63: 1-6**

**1 ദൈവമേ, നീ എന്റെ ദൈവം; അതികാലത്തേ ഞാൻ നിന്നെ അന്വേഷിക്കും; വെള്ളമില്ലാതെ ഉണങ്ങി വരണ്ട ദേശത്തു എന്റെ ഉള്ളം നിനക്കായി ദാഹിക്കുന്നു; എന്റെ ദേഹം നിനക്കായി കാംക്ഷിക്കുന്നു.**
**2 അങ്ങനെ നിന്റെ ബലവും മഹത്വവും കാണേണ്ടതിന്നു ഞാൻ വിശുദ്ധമന്ദിരത്തിൽ നിന്നെ നോക്കിയിരിക്കുന്നു.**
**3 നിന്റെ ദയ ജീവനെക്കാൾ നല്ലതാകുന്നു; എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.**
**4 എന്റെ ജീവകാലം ഒക്കെയും ഞാൻ അങ്ങനെ നിന്നെ വാഴ്ത്തും; നിന്റെ നാമത്തിൽ ഞാൻ എന്റെ കൈകളെ മലർത്തും.**
**5 എന്റെ കിടക്കയിൽ നിന്നെ ഓർക്കയും ഞാൻ രാത്രിയാമങ്ങളിൽ നിന്നെ ധ്യാനിക്കയും ചെയ്യുമ്പോൾ**
**6 എന്റെ പ്രാണന്നു മജ്ജയും മേദസ്സുംകൊണ്ടു എന്നപോലെ തൃപ്തിവരുന്നു; എന്റെ വായ് സന്തോഷമുള്ള അധരങ്ങളാൽ നിന്നെ സ്തുതിക്കുന്നു.**

തിരുവെഴുത്തു ധ്യാനം പ്രാഥമികമായി കർത്താവുമായി അടുത്ത ബന്ധം പുലർത്തുന്ന സമയമാണ്. മുകളിൽ ഉദ്ധരിച്ച ഭാഗത്തിൽ സങ്കീർത്തനക്കാരൻ ദൈവത്തോടുള്ള തീവ്രമായ ആഗ്രഹം പ്രകടിപ്പിക്കുന്നു. ദൈവത്തോടുള്ള അവന്റെ ആഗ്രഹം വിശുദ്ധമന്ദിരത്തിൽ ദൈവത്തെ അന്വേഷിക്കാൻ അവനെ പ്രേരിപ്പിക്കുകയും ഉയർത്തപ്പെട്ട കൈകളും സന്തോഷകരമായ അധരങ്ങളും കൊണ്ട് ദൈവത്തെ സ്തുതിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. രാത്രിയുടെ ശാന്തതയിലൂടെ കർത്താവിൽ ധ്യാനിക്കാൻ അത് അവനെ പ്രേരിപ്പിക്കുന്നു. അതുപോലെ, ദൈവവുമായുള്ള അടുപ്പത്തിനായുള്ള നമ്മുടെ ഹൃദയത്തിന്റെ തീവ്രമായ ആഗ്രഹത്തിൽ നിന്ന്, നമ്മുടെ ചിന്തകളും സംസാരവും പൂർണ്ണമായും കർത്താവിൽ കേന്ദ്രീകരിക്കാൻ നാം അനുവദിക്കണം. വചനത്തിലെ ആഴത്തിലുള്ള ധ്യാനത്തിലേക്ക് നാം നീങ്ങുമ്പോൾ, നമ്മുടെ ബുദ്ധി ഉപയോഗിച്ച് വചനം വിശകലനം ചെയ്യുന്നതിൽ നിന്ന് നാം അകന്നുപോകുന്നു, ദൈവവുമായി കണ്ടുമുട്ടുകയും ആശയവിനിമയം നടത്തുകയും ചെയ്യുന്ന ഒരു സമയത്തിലേക്കു നാം വരുന്നു. വർത്തമാനകാലത്ത് ദൈവം നമ്മോട് നേരിട്ട് സംസാരിക്കുന്ന വചനമായി ഇത് മാറുന്നു. ദൈവത്തിന്റെ നിശ്ച്ചലവും ശാന്തവുമായ ശബ്ദം കുറേക്കൂടെ വ്യക്തവും ഉയർന്നതുമായി ഈ ശാന്ത നിമിഷത്തിൽ നമുക്കനുഭവപ്പെടും. ദൈവസാന്നിദ്ധ്യം നമ്മെ കീഴടക്കും. കർത്താവ് നമ്മിൽ ആഴത്തിലുള്ള ഒരു പ്രവൃത്തി ചെയ്യുന്ന സമയമായി അത് മാറുന്നു, അവന്റെ ഊർജ്ജസ്വലമായ വചനത്തിലൂടെ നമ്മുടെ ആന്തരികാവസ്ഥയിൽ നമ്മെ അവൻ മാറ്റുന്നു. ഈ സമയത്ത്, കർത്താവ് നമ്മുടെ ഹൃദയത്തിൽ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിനോട് പ്രതികരിക്കാൻ നമുക്ക് കഴിയും. ദൈവവചനത്തെ അടിസ്ഥാനമാക്കി നമുക്ക് മാനസാന്തരവും വിശ്വാസവും സന്തോഷവും സ്തുതിയും നന്ദിയും പ്രകടിപ്പിക്കാൻ കഴിയും. ഒന്നുകിൽ ആഴത്തിലുള്ള ആന്തരിക പ്രാർത്ഥനകളിലൂടെയോ, മന്ത്രിച്ച വാക്കുകളിലൂടെയോ, അല്ലെങ്കിൽ ഏറ്റുപറച്ചിലിലൂടെയോ നാം നമ്മുടെ ചിന്തകൾ, വികാരങ്ങൾ, മോഹങ്ങൾ, ബോധ്യങ്ങൾ എന്നിവ കർത്താവിന് വിട്ടുകൊടുക്കുന്നു. സത്യത്തിന്റെ വെളിപ്പെടുത്തൽ നമ്മുടെ ഉള്ളിൽ നന്നായി ആരംഭിക്കുന്നു. അവിടുത്തെ രാജ്യത്തിന്റെ രഹസ്യങ്ങൾ കാണാനും മനസ്സിലാക്കാനും നമ്മുടെ ആത്മീയ കണ്ണുകൾ തുറക്കപ്പെടുന്നു. നമ്മുടെ ആന്തരിക വ്യക്തിയിൽ സത്യം ശക്തിപ്പെടുകയും ഏകീകരിക്കപ്പെടുകയും ചെയ്യുന്നു. നമ്മുടെ മനസ്സിലെ നുണകളും വഞ്ചനകളും സ്വയ ശക്തികേന്ദ്രങ്ങളും വലിച്ചെറിയപ്പെടുന്നു. ദൈവത്തിന്റെ വിശുദ്ധ വചനത്തിൽ നാം ധ്യാനിക്കുമ്പോൾ അത് വ്യക്തിപരമായി അടുപ്പമുള്ളതും മധുരമുള്ളതുമായ ഒരു കൂട്ടായ്മയുടെ സമയമായിത്തീരുന്നു.

# ധ്യാനത്തിന്റെ വിഭവങ്ങൾ

**2 കൊരിന്ത്യർ 10: 3-5**
**3 ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ**
**4 എങ്കിലും ജഡപ്രകാരം പോരാടുന്നില്ല. ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നേ.**
**5 അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിന്നു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞു, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിന്നായിട്ടു പിടിച്ചടക്കി,**

വിശ്വാസികൾ നേരിടുന്ന നിരവധി വെല്ലുവിളികൾ മുകളിലുള്ള തിരുവെഴുത്തുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ "ശക്തികേന്ദ്രങ്ങൾ, "വാദങ്ങൾ, "ദൈവത്തിന്റെ പരിജ്ഞാനത്തിന്നു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും," "എല്ലാ ചിന്തകളും" എന്നിവയാണ്. ഇവയെല്ലാം വിശ്വാസിയുടെ മനസ്സുമായി ബന്ധപ്പെട്ടിരിക്കുന്നു. മനസ്സ് ഒരു യുദ്ധക്കളമാണ്. വിജയകരമായ ഒരു യുദ്ധം നടത്താൻ ദൈവം നമുക്ക് ആയുധങ്ങൾ നൽകിയിട്ടുണ്ട്, അങ്ങനെ ഈ പോരാട്ട മേഖലകളിൽ ഓരോന്നിലും നമുക്ക് വിജയം അനുഭവിക്കാൻ കഴിയും. എന്നിരുന്നാലും, വിശ്വാസികളായ അനേകർ ഇപ്പോഴും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന ശക്തികേന്ദ്രങ്ങൾ, ഭാവനകൾ, യുക്തി, ചിന്തകൾ എന്നിവയുമായി തുടരുന്നു എന്നതാണ് (ദൈവത്തിന്റെ ലിഖിത വചനത്തിൽ നമുക്ക് നൽകിയിട്ടുള്ളത്). തന്മൂലം, പലരും അവരുടെ ജീവിതത്തിന്റെ പല മേഖലകളിലും പരാജയപ്പെടുകയും അടിമത്തത്തിൽ കഴിയുകയും ചെയ്യുന്നു.

നമ്മുടെ മനസ്സിലുള്ള ഈ വെല്ലുവിളികളെ നേരിടാൻ സഹായിക്കുന്ന ഒരു പ്രധാന ശിക്ഷണമാണ് വചന ധ്യാനം. ദൈവ വചനത്തിലെ അച്ചടക്കമുള്ള ധ്യാന പരിശീലനത്തിലൂടെ കോട്ടകൾ തകർക്കാം. ദൈവവചനത്തിൽ ധ്യാനിക്കുന്ന ഒരു വ്യക്തിക്ക് ഭാവനകളും യുക്തിയും ചിന്തകളും ദൈവ വചനത്തിന്റെ പരിജ്ഞാനത്തിൽ (ദൈവവചനം) പിടിച്ചടക്കുന്നതു എളുപ്പമായിരിക്കും.

ദൈവ വചനത്തിലെ നിരന്തരമായ ധ്യാനത്തിന്റെ ഫലം ഒരു പുതിയ മനസ്, പുതുക്കിയ സംസാരം, പുതുക്കിയ വിശ്വാസം എന്നിവയാണ്. നമ്മുടെ ചിന്താ രീതികൾ, നമ്മുടെ സ്വരൂപം, നമ്മുടെ ആത്മാഭിമാനം, നമ്മുടെ മനസ്സിന്റെ അവസ്ഥയെ ആശ്രയിച്ചിരിക്കുന്ന നമ്മുടെ വ്യക്തിത്വത്തിന്റെ മറ്റ് വശങ്ങൾ എന്നിവ മാറാൻ തുടങ്ങുന്നു. നാം നമ്മുടെ ജീവിതത്തെക്കുറിച്ചും ഭാവിയെക്കുറിച്ചും സകാരാത്മകമായും ആത്മവിശ്വാസത്തോടെയും പ്രത്യാശയോടെയും കാണാൻ തുടങ്ങും. ദർശനമില്ലാത്ത ആളുകൾ എന്ന നിലയിൽ നിന്നും നാം ധീരരും ആക്രമണാത്മകവുമായ സ്വപ്നം കാണുന്നവരിലേക്ക് ഉയർത്തപ്പെടും. നാം പുതുക്കപ്പെട്ട പദാവലി ഉപയോഗിച്ച്

സംസാരിക്കാൻ തുടങ്ങും. ദാരിദ്ര്യം, തോൽവി, സ്വയം സഹതാപം എന്നിവയുടെ സംഭാഷണങ്ങളിൽ ബന്ധിക്കപ്പെടുന്നതിനുപകരം, ദൈവത്തിലുള്ള ശക്തമായ വിശ്വാസത്തിൽ നിന്നാകും നാം സംസാരിക്കുന്നത്. ധ്യാനത്തിലൂടെ വചനം തുടർച്ചയായി വിതയ്ക്കുകയും നനയ്ക്കുകയും ചെയ്യുന്നത് ദൈവത്തിലുള്ള ഊർജ്ജസ്വലമായ വിശ്വാസം നമ്മിൽ ഉളവാക്കും.

# ധ്യാനത്തിന്റെ ഫലങ്ങൾ

**സങ്കീർത്തനം 1: 1-3**
**1 ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും**
**2 യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ.**
**3 അവൻ ആറ്ററികത്തു നട്ടിരിക്കുന്നതും തക്കകാലത്തു ഫലം കായ്ക്കുന്നതും ഇലവാടാത്തതുമായ വൃക്ഷംപോലെ ഇരിക്കും; അവൻ ചെയ്യുന്നതൊക്കെയും സാധിക്കും.**

ദൈവവചനം അത്ഭുത വിത്താണ്. ഇതിന് ഉത്പാദിപ്പിക്കാനുള്ള കഴിവുണ്ട്. വചനത്തിന്റെ വിത്ത് നമ്മുടെ ഹൃദയത്തിൽ വിതയ്ക്കുമ്പോൾ ദൈവത്തിന്റെ ഉത്തമമായ സന്തോഷം നമ്മുടെ ജീവിതത്തിൽ നിറവേറും. ധ്യാന പ്രക്രിയയിലൂടെയാണ് നാം ദൈവവചനത്തിന്റെ വിത്ത് നമ്മുടെ ഹൃദയത്തിൽ വിതയ്ക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നത്. വിത്ത് മുളച്ച് തക്കസമയത്ത് ഫലം പുറപ്പെടുവിക്കും. അതിനാൽ, ദൈവത്തിന്റെ വാഗ്ദാനങ്ങൾ പ്രകടമായ യാഥാർത്ഥ്യമാക്കുന്ന പ്രക്രിയയിലെ ഒരു പ്രധാന കണ്ണിയാണ് ധ്യാനത്തിന്റെ സ്ഥിരമായ പരിശീലനം.

ദൈവവചനത്തിന് നമ്മുടെ ജീവിതത്തിൽ ഉൽപാദിപ്പിക്കാൻ കഴിയുന്ന ചില ഫലങ്ങൾ കാണുക. ആത്മാവിന്റെ പ്രവർത്തനത്തോടൊപ്പം നമ്മുടെ ജീവിതത്തിൽ പുതിയ ജന്മത്തിന് കാരണമാകുന്ന അദൃശ്യമായ വിത്താണ് വചനം (1 പത്രോസ് 1:23). വചനം നമ്മുടെ ശരീരത്തിന്റെ എല്ലാ ഭാഗങ്ങൾക്കും രോഗശാന്തി നൽകുന്ന മരുന്ന് പോലെയാണ് (സദൃശവാക്യങ്ങൾ 4:20-22; സങ്കീർത്തനം 107:20). ദൈവവചനത്തിന്റെ പ്രവേശനം ഉൾക്കാഴ്ചയും വിവേകവും ജ്ഞാനവും നൽകുന്നു (സങ്കീർത്തനം 119:98-100,130). വചനം സമൃദ്ധിക്കും വിജയത്തിനും കാരണമാകുന്നു (യോശുവ 1:8; സങ്കീർത്തനം 1:3). വചനം ആത്മീയ വളർച്ചയ്ക്കും പക്വതയ്ക്കും കാരണമാകുന്നു (പ്രവൃ. 20:32). ദൈവത്തിന്റെ വചനത്തിൽ ദൈവം നമുക്ക് നൽകിയിട്ടുള്ള അനേകം അനുഗ്രഹങ്ങളുണ്ട്. വചനത്തിലെ ധ്യാനത്തിലൂടെ ഈ വിത്തുകൾ വിതയ്ക്കുകയും പരിപോഷിപ്പിക്കുകയും ചെയ്താൽ ഇവയെല്ലാം നമ്മുടെ ജീവിതത്തിൽ ഉൽപാദിപ്പിക്കാനാകും.

ദൈവിക ജീവിതം നയിക്കുകയും ദൈവവചനത്തിൽ സ്ഥിരമായി ധ്യാനിക്കുകയും ചെയ്യുന്ന ഒരു മനുഷ്യൻ നന്നായി നനവുള്ള വൃക്ഷം പോലെയാണ്. അദ്ദേഹത്തിന്റെ വേരുകൾ നിരന്തരമായ പോഷണവും ഉന്മേഷവും നൽകുന്നു. നാം സ്ഥിരമായി വചനത്തിൽ ധ്യാനിക്കുമ്പോൾ സംഭവിക്കുന്നത് ഇതാണ്. അകത്തെ മനുഷ്യന് അനന്തമായ പോഷണവും ഉന്മേഷവും ലഭിക്കുന്നു. നമ്മുടെ ജീവിതം ഫലപ്രദവും സമൃദ്ധമായതുമായിത്തീരുന്നു.

# ധ്യാനത്തിന്റെ അച്ചടക്കം വളർത്തിയെടുക്കുക

## ഒരു ദൈനംദിന അച്ചടക്കം

**സങ്കീർത്തനം 119: 97**
**നിന്റെ ന്യായപ്രമാണം എനിക്കു എത്രയോ പ്രിയം; ഇടവിടാതെ അതു എന്റെ ധ്യാനമാകുന്നു.**

ദൈവവചനത്തിൽ ധ്യാനത്തിന്റെ ദൈനംദിന ശിക്ഷണം വളർത്തിയെടുക്കാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതൊരു ശീലമായിരിക്കട്ടെ, ദൈവിക ആസക്തി പോലെയാകട്ടെ. വചനത്തിൽ ധ്യാനിക്കുന്നത് ഒരു ശിക്ഷണമാണ്, ഇത് നമുക്ക് തോന്നാത്തപ്പോൾ പോലും അല്ലെങ്കിൽ നാം വലിയ തിരക്കിലായിരിക്കുമ്പോൾ പോലും നാം ഇത് ചെയ്യണമെന്ന് സൂചിപ്പിക്കുന്നു, മറുവശത്ത്, ദൈവവചനത്തിലെ പൂർണ്ണമായ ആനന്ദത്തിലായിരിക്കണം നാം ഇത് ചെയ്യേണ്ടത്. നാം കർത്താവിനെ സ്നേഹിക്കുന്നു, അതിനാൽ നാം അവന്റെ വചനം വിലമതിക്കുന്നു. ധ്യാനത്തിലൂടെ ദൈവ വചനത്തിനു പങ്കു വെക്കാനില്ലാത്ത സമയം നല്കുന്നതിലേക്കു ഇത് നമ്മെ എത്തിക്കുന്നു.

## പ്രത്യേക ആവശ്യങ്ങളുടെ സമയത്ത്

**സങ്കീർത്തനം 119: 23-24,78**
**23 പ്രഭുക്കന്മാരും ഇരുന്നു എനിക്കു വിരോധമായി സംഭാഷിക്കുന്നു; എങ്കിലും അടിയൻ നിന്റെ ചട്ടങ്ങളെ ധ്യാനിക്കുന്നു.**
**24 നിന്റെ സാക്ഷ്യങ്ങൾ എന്റെ പ്രമോദവും എന്റെ ആലോചനക്കാരും ആകുന്നു.**
**78 അഹങ്കാരികൾ എന്നെ വെറുതെ മറിച്ചിട്ടിരിക്കയാൽ ലജ്ജിച്ചുപോകട്ടെ; ഞാനോ നിന്റെ കല്പനകളെ ധ്യാനിക്കുന്നു.**

വ്യത്യസ്ത പോരാട്ടങ്ങൾ, വെല്ലുവിളികൾ, ചോദ്യങ്ങൾ, ആശങ്കകൾ എന്നിവ നേരിടേണ്ടി വന്ന നിരവധി അനുഭവങ്ങൾ എനിക്ക് ഉണ്ടായിട്ടുണ്ട്. അത്തരം സമയങ്ങളിൽ, ആത്മാവിൽ പ്രാർത്ഥിക്കുന്നതിനു പുറമേ, ഞാൻ നേരിടുന്ന

വെല്ലുവിളിയെ അഭിമുഖീകരിക്കാൻ കഴിയുന്ന തിരുവെഴുത്തുകളിൽ ധ്യാനിക്കാനും ഞാൻ ശ്രമിക്കുന്നു. എന്റെ മനസ്സ് ആശയക്കുഴപ്പത്തിലായേക്കാം, ചോദ്യങ്ങൾ നിറഞ്ഞതും ഉറപ്പില്ലാത്തതുമാകാം. എന്നാൽ ഈ വിഷയത്തെക്കുറിച്ചുള്ള ദൈവത്തിന്റെ ചിന്തകൾ വെളിപ്പെടുത്തുന്ന തിരുവെഴുത്തുകളിലേക്ക് ഞാൻ പോകുന്നു. ഞാൻ അവയെ ധ്യാനിക്കുന്നു. ഇവ എന്റെ ഹൃദയത്തിൽ സമാധാനവും ശാന്തതയും ഉറപ്പും നൽകുന്നു. ഞാൻ പ്രത്യേക വെല്ലുവിളികൾ ഏറ്റെടുക്കേണ്ടി വരുന്ന സമയങ്ങളിൽ എനിക്ക്, കർത്താവിൽ നിന്ന് അധിക ശക്തിയും പ്രോത്സാഹനവും സമാഹരിക്കേണ്ടി വരുമെന്ന് എനിക്കറിയാം. അത്തരം സമയങ്ങളിൽ, ഞാൻ വീണ്ടും സാഹചര്യത്തിന് പ്രസക്തമായ തിരുവെഴുത്തുകളിലേക്ക് തിരിയുകയും അവയെക്കുറിച്ച് ധ്യാനിക്കുകയും ചെയ്യുന്നു. തിരുവെഴുത്തുകൾ ആത്മവിശ്വാസത്തിന്റേയും ശക്തിയുടെയും ഉറവിടമായി മാറുന്നു. നമുക്കെല്ലാവർക്കും അത്തരം അനുഗ്രഹങ്ങൾ പ്രയോജനപ്പെടുത്താം.

## ലക്ഷ്യബോധമുള്ള വ്യായാമം

**സങ്കീർത്തനം 119:148**
**തിരുവചനം ധ്യാനിക്കേണ്ടതിന്നു എന്റെ കണ്ണു യാമങ്ങളെ നോക്കിക്കൊണ്ടിരിക്കുന്നു.**

വചനത്തിലെ ധ്യാനം അർത്ഥശൂന്യമായ ഒരു വ്യായാമമല്ല, ആഴത്തിലുള്ള ആത്മീയതയ്ക്ക് മാത്രമുള്ളതുമല്ല. നമുക്കെല്ലാവർക്കും പരിശീലിക്കാവുന്നതാണ്. പെട്ടെന്നുള്ള പരിഹാരങ്ങളും തൽക്ഷണ അത്ഭുതങ്ങളും ഇഷ്ടപ്പെടുന്ന ഒരു ലോകത്ത് (ക്രിസ്ത്യൻ ലോകം പോലും), ആത്മീയ ശിക്ഷണം വളർത്തിയെടുക്കുന്ന വിഷയം ജനപ്രിയമായിരിക്കില്ല. എന്നിരുന്നാലും, ആത്മീയ കാര്യങ്ങളിൽ സ്വയം പ്രവർത്തിക്കാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നു (1 തിമോത്തി 4:7). വ്യായാമം ഒരു ശിക്ഷണമാണ്. അച്ചടക്കം (സ്വയം അച്ചടക്കം) എളുപ്പമുള്ള കാര്യമായിരിക്കില്ല. ഇതിന് കുറച്ച് ത്യാഗം ആവശ്യമായി വന്നേക്കാം. എന്നിരുന്നാലും, അച്ചടക്കത്തിന്റെ പ്രതിഫലം സമ്പന്നവും നിലനിൽക്കുന്നതുമാണ്. വചനത്തിൽ ധ്യാനിക്കുന്നത് ആസ്വദിക്കുകയും അങ്ങനെ ചെയ്യുന്നതിന്റെ സമൃദ്ധമായ പ്രതിഫലം കൊയ്യുകയും ചെയ്യുന്നവരിൽ ഒരാളായിരിക്കാൻ കഴിയട്ടെ!

## പ്രായോഗിക ആശയങ്ങൾ

ദൈവവചനത്തിൽ ധ്യാനിക്കുന്നതിന്റെ അച്ചടക്കം വളർത്തിയെടുക്കാൻ സഹായിക്കുന്ന ചില പ്രായോഗിക നുറുങ്ങുകൾ ഞാൻ ഇപ്പോൾ പങ്കിടുന്നു. ഇവ നിയമങ്ങളോ പ്രമാണങ്ങളോ അല്ല, മാത്രമല്ല ചില പ്രക്രിയകളിലേക്കോ രീതിശാസ്ത്രത്തിലേക്കോ വ്യവസ്ഥതിക്കോ നാം

സ്വയം അടിമകളാകരുത്. എന്റെ ജീവിതത്തിൽ ഉപയോഗപ്രദമെന്ന് ഞാൻ കണ്ടെത്തിയ കാര്യങ്ങൾ ഞാൻ പങ്കിടുന്നു, എന്റെ കൗമാരപ്രായത്തിൽ തന്നെ ഞാൻ ഇത് ചെയ്യാൻ തുടങ്ങി. ഈ നുറുങ്ങുകളിൽ ഉപയോഗപ്രദവും നിങ്ങളുടെ ആത്മീയ ജീവിതവുമായി പൊരുത്തപ്പെടാൻ കഴിയുന്നതുമായ എന്തെങ്കിലും നിങ്ങൾക്ക് കണ്ടെത്താൻ കഴിയും. തന്റെ വചനത്തിൽ നിങ്ങൾക്ക് എങ്ങനെ ധ്യാനിക്കാൻ കഴിയും എന്നതിനെക്കുറിച്ചുള്ള മറ്റ് ആശയങ്ങൾ കർത്താവ് നിങ്ങൾക്ക് നൽകിയേക്കാം, അത് നിങ്ങൾക്ക് കൂടുതൽ അനുയോജ്യമാകും.

ഞാൻ മൂന്ന് പ്രായോഗിക ആശയങ്ങൾ പങ്കിടുന്നു:

1. വചന വിത്തുകൾ
2. എല്ലാ ദിവസവുമുള്ള ധ്യാന ശീലം
3. ധ്യാനാത്മക ബൈബിൾ വായന

## ദൈവ വചന വിത്തുകൾ

എന്റെ ആത്മീയ യാത്രയുടെ തുടക്കത്തിൽ, എന്റെ കൗമാരപ്രായത്തിൽ, തിരുവെഴുത്തിലെ വാക്യങ്ങളെ തീമുകളായോ വിഷയങ്ങളായോ തരം തിരിക്കാൻ ഞാൻ പഠിച്ചു. ഒരു ലൈബ്രറിയിലെ പുസ്തകങ്ങൾ വർഗ്ഗീകരിച്ച് അലമാരയിൽ വെക്കുന്ന രീതി പോലെയാണ് ഇത്. അത്തരം വിഷയങ്ങളുടെ/തീമുകളുടെ ഒരു സാമ്പിൾ ഈ പുസ്തകത്തിലെ അവസാന അധ്യായത്തിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്. ഒരു നിർദ്ദിഷ്ട വിഷയത്തെക്കുറിച്ചോ തീമിനെക്കുറിച്ചോ ദൈവവചനത്തിൽ ധ്യാനിക്കാൻ ഞാൻ ആഗ്രഹിക്കുമ്പോൾ, എനിക്ക് എളുപ്പത്തിൽ ഓർമ്മിക്കാനും പ്രസക്തമായ തിരുവെഴുത്തുകളിലൂടെ പോകാനും കഴിയും. അതിനാൽ, വിശ്വാസവിഷയത്തെക്കുറിച്ച് ധ്യാനിക്കേണ്ടതുണ്ടെന്ന് എനിക്ക് തോന്നിയാൽ, വിശ്വാസവിഷയത്തെക്കുറിച്ച് ഞാൻ ശേഖരിച്ച തിരുവെഴുത്തുകളിലൂടെ ഞാൻ കടന്നുപോകും. ഇത് വിത്ത് വിതയ്ക്കുന്നതിന് തുല്യമാണ്. ഓരോ വിത്തും അതിന്റേതായ രീതിയിൽ ഉത്പാദിപ്പിക്കുമെന്ന് നമുക്കറിയാമെന്നതിനാൽ നാം ആഗ്രഹിക്കുന്ന വിളവെടുപ്പിനനുസരിച്ച് വിത്ത് വിതയ്ക്കണമെന്നു പ്രകൃതി നമ്മെ പഠിപ്പിക്കുന്നു. അതുപോലെ, നിർദ്ദിഷ്ട വിഷയങ്ങളെക്കുറിച്ചോ തീമുകളെക്കുറിച്ചോ തിരുവെഴുത്തുകളിൽ ധ്യാനിക്കുന്നതിലൂടെ, നമ്മുടെ ആവശ്യത്തിനനുസരിച്ച് നാം വിത്ത് വിതയ്ക്കുന്നു. ഇത് മനപാഠമാക്കൽ പ്രക്രിയയെ സഹായിക്കുന്നു, കാരണം, നിങ്ങൾ ഈ തിരുവെഴുത്തുകളിൽ ആവർത്തിച്ച് ധ്യാനിക്കുമ്പോൾ അവ നിങ്ങളുടെ മെമ്മറിയിൽ പതിക്കുന്നു.

ഒരു നിർദ്ദിഷ്ട ലക്ഷ്യത്തിനായി ഒരു മീറ്റിങ്ങിൽ ശുശ്രൂഷിക്കാൻ തയ്യാറാകുമ്പോൾ ഞാൻ ഇത് ഉപയോഗിക്കുന്നു. ഞങ്ങൾ വചനത്തെ ശുശ്രൂഷിക്കുമ്പോഴെല്ലാം അടയാളങ്ങൾ, അത്ഭുതങ്ങൾ, രോഗശാന്തികൾ എന്നിവയിലൂടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തികൾ പ്രകടമാകാൻ ഞങ്ങൾ ആഗ്രഹിക്കുന്നുണ്ട്, അതുപോലെ അമാനുഷിക ദൈവിക പ്രവർത്തികൾ പ്രതീക്ഷിച്ചുകൊണ്ടു പ്രത്യേകമായി സജ്ജീകരിച്ചിരിക്കുന്ന മീറ്റിങ്ങുകളും ഞങ്ങൾക്കുണ്ട്. ഞങ്ങൾ സുവിശേഷ യോഗങ്ങൾ, പ്രത്യേക രോഗശാന്തി, അത്ഭുത പ്രവർത്തികളുടെ യോഗങ്ങൾ എന്നിവ ക്രിമീകരിക്കാറുണ്ട്, അവിടെ ആളുകൾക്ക് അത്ഭുതങ്ങളും രോഗശാന്തിയും ലഭിക്കാൻ ശുശ്രൂഷിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. അത്തരം സേവനങ്ങളിൽ ശുശ്രൂഷിക്കാനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി, അന്യഭാഷകളിൽ വളരെയധികം പ്രാർത്ഥിക്കുന്നതിനൊപ്പം, അനുബന്ധ വിഷയങ്ങളെക്കുറിച്ച് തിരുവെഴുത്തുകളിൽ ധ്യാനിക്കാനും ഞാൻ സമയമെടുക്കുന്നു: ആത്മാവിന്റെ അഭിഷേകം, വിശ്വാസിയുടെ അധികാരം, ആത്മാവിന്റെ ദാനങ്ങൾ, രോഗശാന്തി, യേശുവിന്റെ അത്ഭുതങ്ങൾ, വിശ്വാസം, പ്രാവചനികം മുതലായവ. ഇത് എന്റെ ആത്മാവിനെ മൂർച്ച കൂട്ടുകയും രൂപപ്പെടുത്തുകയും ശുശ്രൂഷിക്കാൻ എന്നെ തയ്യാറാക്കുകയും ചെയ്യുന്നു.

## ദിനം തോറുമുള്ള വചന ധ്യാന ശീലം

ഒരു നിർദ്ദിഷ്ട കായിക വിനോദത്തിനായി പരിശീലിപ്പിക്കുന്ന അത്‌ലറ്റുകൾക്ക് സാധാരണയായി ആഴ്ചതോറുമുള്ള ദിനചര്യയുണ്ട്. ഒരേ വ്യായാമ ദിനചര്യകളിലൂടെ അവർ ആവർത്തിച്ച് കടന്നുപോകുന്നു, ഓരോ തവണയും കുറച്ചുകൂടി മുന്നോട്ട് പോകുന്നു. എന്റെ ആത്മീയ യാത്രയുടെ ആദ്യ വർഷങ്ങളിൽ ഞാൻ ഒരു ദൈനംദിന വചന ധ്യാന ദിനചര്യകൾ ഒരുമിച്ച് ചേർത്തു. ഓരോ ദിവസവും നിർദ്ദിഷ്ട വിഷയങ്ങൾ/തീമുകൾ ധ്യാനിക്കാൻ ഞാൻ തീരുമാനിച്ചു. എന്റെ പക്കലുള്ള വേദ വിത്തുകളിൽ നിന്നുള്ള തിരുവെഴുത്തുകൾ ഞാൻ ഉപയോഗിക്കുകയും അവയിലൂടെ കടന്നുപോകുകയും ഓരോ തിരുവെഴുത്ത് വാക്യത്തെക്കുറിച്ചും ഒരു നിമിഷം ധ്യാനിക്കുകയും ചെയ്തു–അത് വായിക്കുക, ഏറ്റുപറയുക, ദൈവത്തെ ആരാധിക്കുക. തുടർന്ന് ഞാൻ കൂടുതൽ സ്വതസിദ്ധമായ ഒരു കാര്യത്തിലേക്ക് മാറി, അവിടെ ആവശ്യാനുസരണം തീമുകൾ/വിഷയങ്ങൾ ധ്യാനിക്കുന്നു. നിങ്ങളുടെ നിലവിലെ സാഹചര്യങ്ങൾ/ആവശ്യങ്ങൾ അനുസരിച്ച് സമാനമായ ഒരു ദിനചര്യ സൃഷ്ടിക്കാൻ നിങ്ങൾ ആഗ്രഹിച്ചേക്കാം.

ഒരു നിശ്ചിത കാലയളവിൽ ഞാൻ ഉപയോഗിച്ച ദൈനംദിന വചന ധ്യാന ദിനചര്യയുടെ ഒരു ഉദാഹരണം:

| ഞായറാഴ്ച | തിങ്കളാഴ്ച | ചൊവ്വാഴ്ച | ബുധനാഴ്ച | വ്യാഴാഴ്ച | വെള്ളിയാഴ്ച | ശനിയാഴ്ച |
|---|---|---|---|---|---|---|
| പ്രാർത്ഥന ഔദാര്യം | വിശ്വാസം | ദിവ്യ ആരോഗ്യം | കുടുംബം | പരിജ്ഞാനവും വിവേകവും | വിജയവും സമൃദ്ധിയും | ശുശ്രൂക്ഷയും അത്ഭുതങ്ങളും |

## ധ്യാനാത്മകമായ ബൈബിൾ വായന

എന്റെ ആത്മീയ യാത്രയിലുടനീളം എന്നെ വളരെയധികം സഹായിച്ച ഒരു സമ്പ്രദായമാണ് ധ്യാനാത്മക ബൈബിൾ വായന. പല ബൈബിൾ വായനാ പദ്ധതികളും ഒരു നിശ്ചിത കാലയളവിനുള്ളിൽ ഒരു നിശ്ചിത എണ്ണം അധ്യായങ്ങളും പുസ്തകങ്ങളും പൂർത്തിയാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അത് നല്ലതും അതിന്റേതായ ഗുണങ്ങളുമുണ്ടെങ്കിലും, വായിക്കുന്നതിലും ധ്യാനിക്കുന്നതിലും എന്റെ സമയം ചെലവഴിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനാൽ, വചനത്തിലെ എന്റെ പതിവ് സമയം നിശ്ചിത എണ്ണം അധ്യായങ്ങൾ പൂർത്തിയാക്കുന്നതിനല്ല, മറിച്ച് വചനത്തിൽ നിന്ന് കാര്യങ്ങൾ മനസിലാക്കുന്നതിലാണ്. അതിനാൽ ഞാൻ ഒരു അധ്യായത്തിലെ കുറച്ച് വാക്യങ്ങൾ വായിക്കുകയും ആ ഏതാനും വാക്യങ്ങളെക്കുറിച്ച് ധ്യാനിക്കുകയും ദൈവത്തെ കണ്ടുമുട്ടുകയും വെളിപ്പാട് സ്വീകരിക്കുകയും ഹ്രദയത്തിൽ ആക്കുകയും തുടർന്ന് എപ്പോഴാണോ എനിക്ക് മുന്നോട്ട് പോകാനുള്ള പ്രേരണ ഉണ്ടാകുന്നതു അപ്പോൾ അടുത്ത വാക്യങ്ങളിലേക്ക് നീങ്ങുകയും ചെയ്യുന്നു. മിക്കപ്പോഴും, ഒരേ വാക്യങ്ങളുടെ കൂട്ടത്തിൽ ഞാൻ കുറച്ച് ദിവസങ്ങൾ ചെലവഴിച്ചേക്കാം, 30 മിനിറ്റോ അതിൽ കൂടുതലോ വായനയിൽ ചെലവഴിക്കുക, ധ്യാനിക്കുക, ചിന്തിക്കുക ആ വാക്യങ്ങളിലൂടെ ദൈവത്തെ കണ്ടുമുട്ടുക. മിക്കപ്പോഴും ദൈവസാന്നിദ്ധ്യം എന്നെ കീഴടക്കും, വെളിപ്പാട് പ്രാപിക്കുകയും ചെയ്യും, ഞാൻ കാണുകയും മനസ്സിലാക്കുകയും ചെയ്യുന്ന കാര്യങ്ങൾ ഞാൻ എഴുതി വെക്കും. എന്റെ ജീവിതം രൂപാന്തരപ്പെട്ടിരിക്കുന്നു. തീർച്ചയായും, അത്തരം സമയങ്ങളിൽ നിന്ന് പല അനേകം പ്രഭാഷണങ്ങൾ രൂപപ്പെട്ടിട്ടുണ്ട്.

ഉദാഹരണത്തിന്, 2019 സെപ്റ്റംബറിൽ, എന്റെ ദൈനംദിന ധ്യാനത്തിന്റെ ഭാഗമായി ഞാൻ മർക്കോസിന്റെ സുവിശേഷം വീണ്ടും വായിക്കാൻ തുടങ്ങി. മർക്കോസ് 1:1 “ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം” ഞാൻ വായിച്ചു, ആ ഒരു വാക്യം മറികടക്കാൻ എനിക്ക് കഴിഞ്ഞില്ല. ഞാൻ മർക്കോസ് 1:1-ൽ നാലുദിവസം തുടർന്നു, ഓരോ ദിവസവും ഏകദേശം 30 മിനിറ്റോ അതിൽ കൂടുതലോ, അതിൽ മുഴുകി, ആ

വാക്യത്തിൽ മുഴുകി. ആ വാക്യം വായിക്കുമ്പോഴെല്ലാം ദൈവത്തിന്റെ സാന്നിധ്യം എന്നെ കീഴടക്കി. "ദൈവപുത്രൻ" എന്ന വാക്കുകൾ പേജിൽ നിന്ന് മാറി നിന്നു. മർക്കോസ് 1:1 ന്റെ ആ ഭാഗത്തെക്കുറിച്ച് ഞാൻ ധ്യാനിക്കുമ്പോൾ,എന്റെ ഭാവനയിൽ ഞാൻ യാത്ര ചെയ്ത് കഴിഞ്ഞകാല നിത്യതയിലേക്ക് സമയത്തിന്റെ ആരംഭത്തിനു മുമ്പുള്ള കാലത്തേക്ക് പിതാവിനോടും പരിശുദ്ധ ആത്മാവിനോടും ഒപ്പം ആയിരുന്ന നിത്യ വചനത്തെ കാണുന്നതിനായി പോയി. തുടർന്ന് കാലത്തിലൂടെ സഞ്ചരിച്ചു നിത്യ വചനം ദൈവപുത്രനായ അവതാരവചനമായി സ്വയം വെളിപ്പെടുത്തുകയും അവന്റെ മരണം, ശവസംസ്കാരം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, മാഹാത്മ്യമം എന്നിവയിലൂടെ സഞ്ചരിച്ചു. അനുബന്ധ തിരുവെഴുത്തുകൾ ബൈബിളിന്റെ പേജുകളിൽ നിന്ന് വരുന്നതായി തോന്നി. ഈ ദൈവപുത്രന്റെ സുവിശേഷമാണ് നാം പ്രസംഗിക്കുന്ന സുവിശേഷം എന്ന സത്യം മനസിലാക്കുന്നത് അത്യധികമായ അനുഭവമായിരുന്നു. മർക്കോസ് 1:1-ലെ ആ നാലുദിവസവും ദൈവപുത്രനെ കണ്ടുമുട്ടിയതിന്റെ സമൃദ്ധമായ അനുഭവമായിരുന്നു. എനിക്ക് കഴിയുന്നതെല്ലാം ഞാൻ എഴുതി. ഞാൻ ആ വചനം എന്റെ ആത്മാവിൽ മുറുകെപ്പിടിച്ചു. ഒടുവിൽ ഞാൻ 2019 ക്രിസ്മസ് ദിനത്തിൽ കൂടിയിരുന്നവരുടെ മധ്യത്തിൽ ഞാനതു പ്രസംഗിച്ചു, (apcwo.org/sermons- ൽ "ദൈവപുത്രൻ" എന്ന പേരിൽ ആ പ്രഭാഷണം ലഭ്യമാണ്).

ഈ പരിശീലനം വികസിപ്പിക്കാനും ദൈവവചനത്തിൽ ധ്യാനിക്കാനും നിങ്ങൾക്ക് കഴിയട്ടെ!

# 7. വിത്ത് സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും വേണം

## സാത്താൻ വചനത്തിനു പുറകെയുണ്ട്

**മത്തായി 13:19**
**ഒരുത്തൻ രാജ്യത്തിന്റെ വചനം കേട്ടിട്ടു ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്നു അവന്റെ ഹൃദയത്തിൽ വിതെക്കപ്പെട്ടതു എടുത്തുകളയുന്നു; ഇതത്രെ വഴിയരികെ വിതെക്കപ്പെട്ടതു.**

**മർക്കോസ് 4:14-15**
**14 വിതെക്കുന്നവൻ വചനം വിതെക്കുന്നു.**
**15 വചനം വിതച്ചിട്ടു വഴിയരികെ വീണതു, കേട്ട ഉടനെ സാത്താൻ വന്നു ഹൃദയങ്ങളിൽ വിതെക്കപ്പെട്ട വചനം എടുത്തുകളയുന്നതാകുന്നു.**
**ലൂക്കോസ് 8: 11-12**
**11 ഉപമയുടെ പൊരുളോ: വിത്തു ദൈവവചനം;**
**12 വഴിയരികെയുള്ളവർ കേൾക്കുന്നവർ എങ്കിലും അവർ വിശ്വസിച്ചു രക്ഷിക്കപ്പെടാതിരിപ്പാൻ പിശാചു വന്നു അവരുടെ ഹൃദയത്തിൽ നിന്നു വചനം എടുത്തുകളയുന്നു.**

വിതെക്കുന്നവന്റെ ഉപമ നമുക്ക് ഒരു പ്രധാന ആത്മീയ ഉൾക്കാഴ്ച നൽകുന്നു– സാത്താൻ വചനത്തിനു പുറകെയാണ്. ദൈവവചനം നമ്മുടെ ഹൃദയത്തിൽ കേൾക്കുന്നതും സ്വീകരിക്കുന്നതും പരിപോഷിപ്പിക്കുന്നതും എത്ര പ്രധാനമാണെന്ന് ഇത് കാണിക്കുന്നു! നാം വചനം സ്വീകരിച്ചാൽ അത് നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുമെന്നും വിജയം, അധികാരം, ആധിപത്യം എന്നിവയിൽ നടക്കാൻ കഴിയുമെന്നും സാത്താന് അറിയാം. 1 യോഹന്നാൻ 2:14-ൽ അപ്പൊസ്തലനായ യോഹന്നാൻ എഴുതിയതുപോലെ "....പിതാക്കന്മാരേ, ആദിമുതലുള്ളവനെ നിങ്ങൾ അറിഞ്ഞിരിക്കയാൽ ഞാൻ നിങ്ങൾക്കു എഴുതിയിരിക്കുന്നു. ബാല്യക്കാരേ, നിങ്ങൾ ശക്തരാകയാലും ദൈവവചനം നിങ്ങളിൽ വസിക്കയാലും നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാലും ഞാൻ നിങ്ങൾക്കു എഴുതിയിരിക്കുന്നു."

അതിനാൽ, ദൈവവചനത്തിൽ നിന്ന് നമ്മെ അകറ്റാനുള്ള ശ്രമത്തിൽ, സാത്താൻ തന്റെ ഊർജ്ജം ചിലവഴിക്കും. (എ) താൽപര്യമില്ലായ്മ, അലസത, മുൻവിധി,

തിരക്ക്, അശ്രദ്ധ മുതലായവയിലൂടെ വചനം കേൾക്കുന്നതിൽ നിന്ന് നമ്മെ തടയുക, (ബി) ആശയക്കുഴപ്പങ്ങൾ, നുണകൾ, വഞ്ചനകൾ മുതലായവയിലൂടെ വചനം മനസിലാക്കുന്നതിൽ നിന്ന് നമ്മെ തടയുക, (സി) സംശയങ്ങൾ, അവിശ്വാസം, ഭയം മുതലായവയിലൂടെ വിശ്വസിക്കുന്നതിൽ നിന്ന് നമ്മെ തടയുക. എന്നിരുന്നാലും, കർത്താവായ യേശു നമുക്കായി സാത്താന്റെ തന്ത്രങ്ങൾ തുറന്നുകാട്ടിയതിനാൽ നമുക്ക് എതിർ നടപടികൾ കൈക്കൊള്ളാനും നമ്മുടെ കാര്യം ഉറപ്പാക്കാനും, ദൈവവചനത്തിന്റെ സമൃദ്ധമായ നിക്ഷേപം നമ്മുടെ ഹൃദയത്തിൽ ഉണ്ടാക്കാനും കഴിയും. ദൈവവചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ!

## വിത്ത് സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക

വിതെക്കുന്നവന്റെ ഉപമയിൽ നിന്ന് നാം മനസ്സിലാക്കുന്ന മറ്റൊരു പ്രധാന ഉൾക്കാഴ്ച, വിത്ത് ഫലം പുറപ്പെടുവിക്കണമെങ്കിൽ അതിനെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും വേണം എന്നതാണ്. പൂന്തോട്ടപരിപാലനത്തെക്കുറിച്ചോ കൃഷിയെക്കുറിച്ചോ ഉള്ള നമ്മുടെ അറിവിൽ നിന്ന് നമുക്ക് ഇത് എളുപ്പത്തിൽ മനസ്സിലാക്കാം.

വിത്തു ഉൽപാദിപ്പിക്കുന്നതിൽ നിന്നും തടയുന്നതോ കൊയ്ത്തു കവർന്നെടുക്കുന്നതോ ആയ രണ്ടു പ്രധാന ഭീഷണിയുടെ മേഖലകളെ കർത്താവായ യേശുക്രിസ്തു എടുത്തുകാട്ടി. (എ) വചനത്തിനെതിരായ പീഡനങ്ങളും കഷ്ടപ്പാടുകളും (ബി) ഈ ലോകത്തോടുള്ള ആസക്തി, സമ്പത്തിന്റെ വഞ്ചന, മറ്റ് കാര്യങ്ങളോടുള്ള ആഗ്രഹം, ജീവിതത്തിന്റെ ആനന്ദങ്ങൾ എന്നിവ. വിളവെടുപ്പ് തടയുന്ന ഈ രണ്ട് കാര്യങ്ങളും നാം പ്രത്യേക അധ്യായങ്ങളായി പഠിക്കും.

മറ്റൊരു പ്രധാന കാര്യം വിത്ത് പരിപോഷിപ്പിക്കുക എന്നതാണ്. സ്വാഭാവികമായും, വിത്തിന് ആവശ്യമായ സൂര്യപ്രകാശം, വെള്ളം, പോഷകങ്ങൾ എന്നിവ ലഭിക്കുന്നുവെന്ന് ഉറപ്പാക്കണം, അങ്ങനെ അത് മുളയ്ക്കാനും വളരാനും ഫലം കായ്ക്കാനും കഴിയും. അതുപോലെ, വചനത്തിന്റെ വിത്ത് പരിപോഷിപ്പിക്കാൻ കഴിയുന്ന അനുയോജ്യമായ അന്തരീക്ഷം നമ്മുടെ ഹൃദയത്തിൽ നിലനിർത്തേണ്ടതുണ്ട്. ദൈവവചനത്തെ വെള്ളം (എഫെസ്യർ 5:26), വെളിച്ചം (സങ്കീർത്തനം 119:105) എന്നും വിളിക്കുന്നു. അതിനാൽ, വചനത്തിൽ നിരന്തരം ധ്യാനിച്ചും (വെള്ളവും വെളിച്ചവും നൽകിക്കൊണ്ടും), നിരന്തരമായി വെളിപ്പാട് പ്രാപിക്കുന്നതിലൂടെ (ഒരുപക്ഷേ പോഷകങ്ങൾ പോലെ), ആത്മാവിൽ നിറഞ്ഞു നടക്കുന്നതിലൂടെയും നാം വചനത്തിന്റെ വിത്തിനെ പരിപോഷിപ്പിക്കുന്നു (കൊലോസ്യർ 3:15; എഫെസ്യർ 5:18-19).

# വിത്ത്- ദൈവരാജ്യത്തിന്റെ തത്വം

**മർക്കോസ് 4: 26-29**
**26 പിന്നെ അവൻ പറഞ്ഞതു: ദൈവരാജ്യം ഒരു മനുഷ്യൻ മണ്ണിൽ വിത്തു എറിഞ്ഞശേഷം**
**27 രാവും പകലും ഉറങ്ങിയും എഴുന്നേറ്റും ഇരിക്കെ അവൻ അറിയാതെ വിത്തു മുളെച്ചു വളരുന്നതുപോലെ ആകുന്നു.**
**28 ഭൂമി സ്വയമായി മുമ്പെ ഞാറും പിന്നെ കതിരും പിന്നെ കതിരിൽ നിറഞ്ഞ മണിയും ഇങ്ങനെ വിളയുന്നു.**
**29 ധാന്യം വിളയുമ്പോൾ കൊയ്ത്തായതുകൊണ്ടു അവൻ ഉടനെ അരിവാൾ വെക്കുന്നു.**

വിത്ത് മുളക്കുന്ന പ്രക്രിയ സാധാരണയായി മണ്ണിനടിയിലാണ് നടക്കുന്നത്. നാമത് കാണുന്നില്ലെങ്കിലും അത് സംഭവിക്കുന്നുവെന്ന് നമുക്കറിയാം. അതിന് സമയമെടുക്കും. കാലക്രമേണ, മുളകൾ മണ്ണിനു മുകളിൽ പ്രത്യക്ഷപ്പെടുമ്പോൾ വളർച്ചയുടെ അടയാളങ്ങൾ നാം കാണുന്നു. ചെടിയോ മരമോ വളർന്ന് ഫലം പുറപ്പെടുവിക്കുന്നതിനു കൂടുതൽ സമയം ആവശ്യമാണ്.

വിത്ത് വിതെക്കുന്നവന്റെ ഉപമക്ക് ശേഷം, കർത്താവായ യേശു ദൈവരാജ്യത്തെക്കുറിച്ചു (മർക്കോസ് 4:26-29) നമ്മെ പഠിപ്പിക്കാൻ, വിത്ത് ദൃഷ്ടാന്തം ഉപയോഗിച്ച് മറ്റൊരു ഉപമ പറഞ്ഞു. ഈ ഉപമയിൽ, ദൈവരാജ്യത്തിൽ പ്രവർത്തിക്കുന്ന ഒരു പൊതു വിത്ത് തത്ത്വം കർത്താവായ യേശു നമുക്ക് വെളിപ്പെടുത്തി. ദൈവരാജ്യത്തിലെ നമ്മുടെ ജീവിതത്തിന്റെ വിവിധ വശങ്ങൾക്ക് ഈ വിത്ത് തത്വം ബാധകമാണ്. ദൈവവചനം–അത്ഭുത വിത്ത് നമ്മുടെ ജീവിതത്തിൽ ഉത്പാദിപ്പിക്കുന്ന പ്രക്രിയയ്ക്കും നിശ്ചയമായി വിത്ത് തത്വം ബാധകമാണ്.

ദൈവരാജ്യത്തിന്റെ വിത്ത് തത്വത്തെക്കുറിച്ചുള്ള പ്രധാന ഉൾക്കാഴ്ചകൾ ഇവയാണ്:

1. വിത്ത് വിതയ്ക്കണം.
2. വളർച്ചയുടെ ഏതെങ്കിലും ലക്ഷണങ്ങൾ പ്രകടമാകുന്നതിനു സമയം ആവശ്യമാണ്.
3. എങ്ങനെയെന്ന് നമുക്കറിയില്ലെങ്കിലും വിത്ത് ഉത്പാദിപ്പിക്കപ്പെടും.
4. വിളവെടുപ്പ് വരുമ്പോൾ, നാം അരിവാളുമായി ശേഖരിക്കണം (മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വിളവെടുപ്പ് ശേഖരിക്കുന്നതിൽ നമുക്കും ഒരു പങ്കുണ്ട്).

മനസിലാക്കേണ്ട പ്രധാന സത്യം, വിത്ത് ഉൽപാദിപ്പിക്കുന്നതിന് മുമ്പായി കാലം കടന്നുപോകുന്നു എന്നതാണ്. ദൈവവചനത്തിന്റെ ഈ വിത്തുകൾ

**ദൈവത്തിന്റെ വചനം ഒരു അത്ഭുത വിത്ത്**

നമ്മുടെ ഹൃദയത്തിൽ വിതയ്ക്കപ്പെടുന്നു (വിതയ്ക്കുന്നു) ഒറ്റരാത്രികൊണ്ട് ഒരു ബമ്പർ വിളവെടുപ്പ് ഉണ്ടാകില്ല. സാധാരണഗതിയിൽ, സമയം കടന്നുപോകുമ്പോഴാണ് നാം നമ്മുടെ ഹൃദയത്തിൽ വിതച്ച വിത്തുകൾ ഫലം പുറപ്പെടുവിക്കുന്നത് കാണാൻ കഴിയുക.

തുടക്കത്തിൽ നമുക്ക് മുപ്പത് മടങ്ങ് വിളവെടുപ്പ് മാത്രമേ ലഭിക്കുകയുള്ളൂ. എന്നാൽ വിത്ത് മുളച്ച് വളരാൻ ആവശ്യമായ ഒരു കാലഘട്ടം ഉണ്ടെന്ന് നമുക്കറിയാം. വിളവെടുപ്പ് സമയം ഉടൻ വരുമെന്ന് അറിഞ്ഞുകൊണ്ട് നാം വചനം നമ്മുടെ ഹൃദയത്തിൽ ധാരാളമായി വിതയ്ക്കുന്നു. തുടർന്നും നാം വചനത്തിന്റെ വിത്ത് ധാരാളമായി വിതയ്ക്കുമ്പോൾ, വചനം ഉൽപാദിപ്പിക്കുന്നതിന്റെ സന്തോഷവും സമൃദ്ധവുമായ വിളവെടുപ്പും നമുക്ക് ആസ്വദിക്കാൻ കഴിയും.

ദൈവവചനത്തിന്റെ വിത്ത് നമ്മുടെ ഹൃദയത്തിൽ വിതയ്ക്കുന്നത് ആ വചനം നമ്മുടെ ജീവിതത്തിൽ ഉൽപാദിപ്പിക്കുന്നതിന് കാരണമാകുമെന്നത് നമുക്ക് പൂർണ്ണമായി വിശദീകരിക്കാൻ കഴിഞ്ഞേക്കില്ല. ഉദാഹരണത്തിന്, ഒരു വ്യക്തി വിജയത്തെയും സമൃദ്ധിയെയും കുറിച്ചുള്ള വചനത്തിന്റെ വിത്ത് വിതച്ചാൽ, അവർ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും വിജയവും സമൃദ്ധിയും അനുഭവിക്കാൻ ഈ വചനം അവരെ പ്രേരിപ്പിക്കുന്നത് എങ്ങനെയെന്ന് നമുക്ക് പൂർണ്ണമായി വിശദീകരിക്കാൻ കഴിയില്ല. അതുപോലെ, രോഗശാന്തിക്കും ആരോഗ്യത്തിനുമായി ആരെങ്കിലും ദൈവവചനത്തിന്റെ വിത്ത് വിതയ്ക്കുമ്പോൾ, രോഗം ഭേദമാകുകയും നല്ല ആരോഗ്യത്തോടെ നിലനിർത്തുകയും ചെയ്യുന്ന ദൈവത്തിന്റെ ശക്തി അവർക്ക് എങ്ങനെ അനുഭവിക്കാമെന്നതും നമുക്ക് പൂർണ്ണമായി വിശദീകരിക്കാൻ കഴിയില്ല. വചനം ഒരു വിത്തുപോലെയാണെന്ന് മാത്രമേ നമുക്ക് പറയാൻ കഴിയൂ, എങ്ങനെയെന്ന് അറിയാത്തപ്പോൾ പോലും വിത്ത് ഫലം പുറപ്പെടുവിക്കും. വചനം നല്ല നിലത്തു വിതയ്ക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുമ്പോൾ, അത് എന്ത് ഉൽപാദിപ്പിക്കാൻ രൂപകൽപ്പന ചെയ്തുവോ അത് ഉൽപാദിപ്പിക്കും.

# 8. വെളിപ്പാട്: സ്വീകരിക്കുന്ന ആത്മീയ അറിവ്

## നാം വചനം മനസ്സിലാക്കാത്തപ്പോൾ

**മത്തായി 13:19**
**ഒരുത്തൻ രാജ്യത്തിന്റെ വചനം കേട്ടിട്ടു ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്നു അവന്റെ ഹൃദയത്തിൽ വിതെക്കപ്പെട്ടതു എടുത്തുകളയുന്നു; ഇതത്രെ വഴിയരികെ വിതെക്കപ്പെട്ടതു.**

കർത്താവായ യേശു പ്രസ്താവിച്ചത്, നാം വചനം മനസ്സിലാക്കാതിരിക്കുമ്പോൾ, സാത്താൻ വിത്ത് തട്ടിയെടുക്കുകയും, അങ്ങനെ അത് നമ്മുടെ ജീവിതത്തിൽ വേരുറപ്പിക്കുന്നതും ഉൽപാദിപ്പിക്കുന്നതും തടയാൻ കഴിയുന്നു. വചനം മോഷ്ടിക്കുന്നതിൽ നിന്ന് സാത്താനെ തടയാൻ നാം വചനം മനസ്സിലാക്കണം (ആത്മീയ സത്യത്തെക്കുറിച്ച് മനസ്സിലാക്കുക). വാദങ്ങൾ, ആശയക്കുഴപ്പങ്ങൾ, നുണകൾ, വഞ്ചനകൾ എന്നിവയിലൂടെ വചനം മനസ്സിലാക്കുന്നതിൽ നിന്ന് നമ്മെ തടയാൻ സാത്താൻ പരമാവധി ശ്രമിക്കും.

“മനസ്സിലാക്കുക” എന്ന വാക്കിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം “ഒരുമിച്ച് ചേർക്കുക, ഗ്രഹിക്കുക, ഉൾക്കൊള്ളുക” എന്നൊക്കെയാണ്. നാം വചനത്തെ ബുദ്ധിപരമായും വകതിരിവോടെയും മനസ്സിലാക്കേണ്ടതുണ്ടെങ്കിലും ആത്മീയസത്യത്തെക്കുറിച്ചുള്ള ഗ്രാഹ്യം സ്വീകരിക്കുന്ന മറ്റൊരുവശമുണ്ട്, നാം അതിനെ വെളിപ്പാട് എന്ന് വിളിക്കുന്നു.

**ലൂക്ക് 8:12**
**വഴിയരികെയുള്ളവർ കേൾക്കുന്നവർ എങ്കിലും അവർ വിശ്വസിച്ചു രക്ഷിക്കപ്പെടാതിരിപ്പാൻ പിശാചു വന്നു അവരുടെ ഹൃദയത്തിൽ നിന്നു വചനം എടുത്തുകളയുന്നു.**

നാം വചനം വിശ്വസിക്കുന്നത് കാണാൻ സാത്താൻ ആഗ്രഹിക്കുന്നില്ല. അതിനാൽ, നാം വചനത്തിന്റെ വെളിപ്പാട് പ്രാപിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നതിനുമുമ്പ് അവൻ നമ്മിൽ നിന്ന് വചനം അകറ്റാൻ ശ്രമിക്കുന്നു. എന്നിരുന്നാലും, ഒരിക്കൽ നാം വചനത്തിന്റെ വെളിപ്പാട് മനസ്സിലാക്കുകയോ സ്വീകരിക്കുകയോ ചെയ്താൽ, നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുന്ന വചനത്തിന്റെ ശക്തി അനുഭവിക്കാനും വിശ്വസിക്കാനും കഴിയും.

# തിരുവെഴുത്തുകളും മനുഷ്യ ബുദ്ധിയും

**1 കൊരിന്ത്യർ 2:14**
**എന്നാൽ പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല; അതു അവനു ഭോഷത്വം ആകുന്നു. ആത്മികമായി വിവേചിക്കേണ്ടതാകയാൽ അതു അവനു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല.**

നമ്മുടെ ബുദ്ധിയുടെ കഴിവിലാണ് നാം വേദപുസ്തകത്തിന്റെ അർത്ഥം വായിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നത്. തിരുവെഴുത്തുകൾ എഴുതിയ ചരിത്ര പശ്ചാത്തലവും സന്ദർഭവും എബ്രായ, ഗ്രീക്ക് ഭാഷകളും പഠിക്കാൻ നാം നമ്മുടെ ബുദ്ധി ഉപയോഗിക്കുന്നു. ദൈവം നമുക്ക് നൽകിയ, ബുദ്ധി നാം അതിനായി ഉപയോഗപ്പെടുത്തണം.

എന്നിരുന്നാലും, ദൈവത്തിന്റെ ആത്മാവ് വചനത്തിലൂടെ അറിയിക്കുന്ന ദിവ്യസത്യങ്ങൾ തിരിച്ചറിയാൻ സാധാരണ മനസുള്ള സ്വാഭാവിക മനുഷ്യന് കഴിയില്ല. ആത്മാവിന്റെ കാര്യങ്ങൾ സ്വീകരിക്കാൻ ആത്മീയ വിവേചനാധികാരം (അല്ലെങ്കിൽ ആത്മീയ ഉൾക്കാഴ്ച) ആവശ്യമാണ്. ഇവിടെയാണ് മനുഷ്യന്റെ ബുദ്ധിയുടെ കഴിവ് അവസാനിക്കുകയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ ആശ്രയിക്കുകയും ചെയ്യുന്നത്.

**1 കൊരിന്ത്യർ 2: 9-12**
**9 "ദൈവം തന്നെ സ്നേഹിക്കുന്നവർക്കും ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല."**
**10 എന്നു എഴുതിയിരിക്കുന്നതുപോലെ തന്നേ. നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു; ആത്മാവു സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു.**
**11 മനുഷ്യനിലുള്ളതു അവനിലെ മാനുഷാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയും? അവ്വണ്ണം തന്നേ ദൈവത്തിലുള്ളതു ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല.**
**12 നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്കു നല്കിയതു അറിവാനായി ദൈവത്തിൽനിന്നുള്ള ആത്മാവിനെ അത്രേ പ്രാപിച്ചതു.**

ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ ആത്മീയ സത്യവും യാഥാർത്ഥ്യങ്ങളും വെളിപ്പെടുത്തുന്നു (അനാവരണം ചെയ്യുന്നു, മറ നീക്കുന്നു). ദൈവം നമുക്ക് സൗജന്യമായി നൽകിയിട്ടുള്ള കാര്യങ്ങൾ അറിയാനും (മനസിലാക്കാനും, ഉറപ്പാക്കാൻ, കാണാനും, അറിയാൻ) ഇത് നമ്മെ പ്രാപ്തരാക്കുന്നു.

വെളിപാടിന്റെ ആത്മാവാണ് പരിശുദ്ധാത്മാവ്. തിരുവെഴുത്തുകളിൽ അടങ്ങിയിരിക്കുന്ന ദിവ്യസത്യങ്ങൾ കാണാൻ അവിടുന്ന് നമ്മെ പ്രാപ്തനാക്കുന്നു. പുരാതന മനുഷ്യർ എഴുതിയ വാക്കുകളിൽ നിന്നും ദൈവം പ്രകടിപ്പിച്ച യഥാർത്ഥ ചിന്തകളിലേക്കും അവൻ നമ്മെ കൊണ്ടുപോകുന്നു.

യഹോവയായ കർത്താവ് പറഞ്ഞു ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു (യെശയ്യാവു 55:9).

വെളിപ്പാട് ബുദ്ധിപരമായ അറിവിൽ നിന്ന് ആത്മീയ അറിവിലേക്ക് നീങ്ങുന്നു. വെളിപ്പാടിലൂടെയാണ് നാം ആത്മീയ സത്യം മനസ്സിലാക്കുന്നത്. ഒരു വ്യക്തിക്ക് ആത്മീയ സത്യത്തിന്റെ വെളിപ്പെടുത്തൽ ലഭിക്കാത്തപ്പോൾ (അതായത്, വചനത്തെക്കുറിച്ച് ആത്മീയ ഗ്രാഹ്യം ലഭിക്കുന്നില്ല), യേശു പറഞ്ഞു, "ഒരുത്തൻ രാജ്യത്തിന്റെ വചനം കേട്ടിട്ടു ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്നു അവന്റെ ഹൃദയത്തിൽ വിതെക്കപ്പെട്ടതു എടുത്തുകളയുന്നു; ഇതത്രെ വഴിയരികെ വിതെക്കപ്പെട്ടതു..." (മത്തായി 13:19).

## വെളിപ്പാടിനായി പ്രാർത്ഥിക്കുക

**എഫെസ്യർ 1: 17-19**
**17 നിങ്ങളെ ഓർത്തുംകൊണ്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വമുള്ള പിതാവുമായവൻ നിങ്ങൾക്കു തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവിനെ തരേണ്ടതിന്നും നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ടു**
**18 അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന**
**19 നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിന്നും പ്രാർത്ഥിക്കുന്നു.**

എഫെസൊസിലെ വിശ്വാസികൾക്കുവേണ്ടിയുള്ള പൗലോസിന്റെ പ്രാർത്ഥനയിൽ, അവൻ പ്രത്യേകമായി ജ്ഞാനത്തിന്റേയും വെളിപ്പാടിന്റേയും ആത്മാവിനേയും അവരുടെ പ്രബോധോദയത്തേയും (ജ്ഞാനോദയം) ആവശ്യപ്പെടുന്നു, അങ്ങനെ അവർ ദൈവത്തെ അറിയുകയും ദൈവത്തിന്റെ വിളിയുടെ ഉദ്ദേശ്യം അറിയുകയും ദൈവത്തിലുള്ള മഹത്തായ അവകാശം അറിയുകയും, തന്റെ ജനത്തിനു വേണ്ടി ദൈവം ലഭ്യമാക്കിയിട്ടുള്ള ശക്തിയുടെ മഹത്വം അറിയുകയും ചെയ്യും. അതിനാൽ, അത്തരം ആത്മീയ സത്യത്തെക്കുറിച്ചുള്ള അറിവും ഗ്രാഹ്യവും പരിശുദ്ധാത്മാവിന്റെ വെളിപ്പെടുത്തലിലൂടെയും ജ്ഞാനോദയത്തിലൂടെയും ലഭിക്കുന്നു. ആത്മീയ സത്യം അറിയാൻ പരിശുദ്ധാത്മാവ് നമ്മുടെ ഗ്രാഹ്യത്തിന്റെ കണ്ണുകളെ പ്രകാശിപ്പിക്കുകയോ പരിജ്ഞാനം നൽകുകയോ ചെയ്യുന്നു.

വെളിപ്പെടുത്തൽ പ്രക്രിയയിലൂടെ നമുക്ക് ആത്മീയ അറിവ് ലഭിക്കുന്നു, സ്വാഭാവിക തല അറിവിൽ നിന്ന് നമ്മുടെ ആത്മാവിൽ അറിയുന്നതിലേക്ക്

നാം പോകുന്നു. സ്വാഭാവിക അറിവും ആത്മീയ പരിജ്ഞാനവും അല്ലെങ്കിൽ തല അറിവും ഹൃദയ പരിജ്ഞാനവും തമ്മിലുള്ള വ്യത്യാസം ഇതാണ്. നമ്മുടെ ഹൃദയത്തിൽ (ആത്മാവിൽ) എന്തെങ്കിലും അറിവ് ലഭിക്കുമ്പോൾ, അതിനർത്ഥം അത് അറിയുവാൻ നമ്മുടെ ഹൃദയത്തിന്റെ കണ്ണുകൾ പ്രകാശിച്ചു എന്നാണ്. അതിനാൽ, ഉള്ളിൽ നിന്ന് നമ്മൾ അത് അറിയുകയും വിശ്വസിക്കുകയും ചെയ്യുന്നു. നമ്മൾ ആത്മീയ സത്യം സ്വീകരിക്കുന്നു, വിശ്വസിക്കുന്നു, അതിൽ നടക്കുന്നു, അത് അനുഭവിക്കുന്നു.

അതിനാൽ, നാം വചനം കേൾക്കുമ്പോഴോ വചനം വായിക്കുമ്പോഴോ ആത്മീയസത്യത്തിന്റെ വെളിപ്പെടുത്തലിനും ഗ്രാഹ്യത്തിനും വേണ്ടി പ്രാർത്ഥിക്കണം. വചനത്തിന്റെ ഒരു വെളിപ്പെടുത്തൽ ലഭിക്കുകയും നാമത് വിശ്വസിക്കുകയും ചെയ്യുമ്പോൾ, ആ വചനം നമ്മിൽ നിന്ന് അകറ്റാനോ തട്ടിയെടുക്കാനോ സാത്താന് കഴിയില്ല. നമ്മൾ അത് കാണുന്നു. നമ്മൾ അത് വിശ്വസിക്കുന്നു. ഇത് ഇപ്പോൾ നമ്മുടേതാണ്!.

# 9. കൊയ്ത്തിനുള്ള തടസ്സങ്ങൾ: വചനത്തോടുള്ള എതിർപ്പ്

**മത്തായി 13: 20-21**
**20 പാറസ്ഥലത്തു വിതെക്കപ്പെട്ടതോ, ഒരുത്തൻ വചനം കേട്ടിട്ടു ഉടനെ സന്തോഷത്തോടെ കൈകൊള്ളുന്നതു ആകുന്നു എങ്കിലും വേരില്ലാതിരിക്കയാൽ അവൻ ക്ഷണികനത്രേ.**
**21 വചനംനിമിത്തം ഞെരുക്കമോ ഉപദ്രവമോ നേരിട്ടാൽ അവൻ ക്ഷണത്തിൽ ഇടറിപ്പോകുന്നു.**

**മർക്കോസ് 4: 16-17**
**16 അങ്ങനെ തന്നേ പാറസ്ഥലത്തു വിതെച്ചതു വചനം കേട്ട ഉടനെ സന്തോഷത്തോടെ കൈക്കൊള്ളുന്നവർ**
**17 എങ്കിലും അവർ ഉള്ളിൽ വേരില്ലാതെ ക്ഷണികൻമാർ ആകുന്നു; വചനം നിമിത്തം ഉപദ്രവമോ പീഡയോ ഉണ്ടായാൽ ക്ഷണത്തിൽ ഇടറിപ്പോകുന്നു.**

**ലൂക്കോസ് 8:13**
**പാറമേലുള്ളവരോ കേൾക്കുമ്പോൾ വചനം സന്തോഷത്തോടെ കൈക്കൊള്ളുന്നവർ എങ്കിലും അവർക്കും വേരില്ല; അവർ തൽക്കാലം വിശ്വസിക്കയും പരീക്ഷാസമയത്തു പിൻവാങ്ങിപ്പോകയും ചെയ്യുന്നു.**

വിത്ത് ഫലം പുറപ്പെടുവിക്കുന്നതിൽ നിന്ന് തടയുന്ന ഘടകങ്ങളായി യേശു ചൂണ്ടിക്കാണിച്ച കാര്യങ്ങൾ നമുക്ക് ഇപ്പോൾ പരിശോധിക്കാം. വിത്തിൽ തെറ്റൊന്നുമില്ല. വിത്ത് ദൈവവചനമാണ്, അതിനാൽ തികഞ്ഞതാണ്. എന്നാൽ വചനത്തിന്റെ വിത്ത് ഫലം കായ്ക്കുന്നതിൽ നിന്ന് തടയുന്ന ബാഹ്യ ഘടകങ്ങളുണ്ട്.

വിളവെടുപ്പിനെ തടയാൻ കഴിയുന്ന ഒരു കൂട്ടം ബാഹ്യ ഘടകങ്ങളുണ്ട്, വചനം കാരണം വരുന്ന കഷ്ടതയോ പീഡനമോ, പ്രലോഭനമോ ആണതെന്നാണ് യേശു പറഞ്ഞത്.

## വചനത്തിനെതിരായ പ്രതികൂലങ്ങളിലും നിലനിൽക്കുക

നാം ദൈവവചനം കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുമ്പോൾ, അനർത്ഥം (കഷ്ടത, സമ്മർദ്ദം), പീഡനം (മനുഷ്യ എതിർപ്പ്), പ്രലോഭനം (ബുദ്ധിമുട്ടുകൾ, പാപത്തിലേക്കുള്ള പ്രേരണകൾ) എന്നിവ ഉണ്ടാകും. ഈ എതിർപ്പുകൾ പലപ്പോഴും നാം വചനം കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന

മേഖലകളിലാണ് ഉണ്ടാകുന്നതു. ചിലപ്പോൾ സാത്താന്റെ പ്രലോഭനങ്ങൾ വചനത്തിന്റെ സത്യത്തെ സംശയിക്കാനും ചോദ്യം ചെയ്യാനും യുക്തിസഹമാക്കാനും ഭയത്തിന്റേയോ അവിശ്വാസത്തിന്റേയോ മേഖലയിൽ നമ്മെ എത്തിക്കാനുള്ള പ്രേരണയാണ്. കഷ്ടത, പീഡനം, പ്രലോഭനം എന്നിങ്ങനെയുള്ള എതിർപ്പിന്റെ സ്വഭാവവും ഉറവിടവും പരിഗണിക്കാതെ, നമുക്ക് ലഭിച്ച വചനത്തിൽ വിശ്വസിച്ച് ഉറച്ചുനിൽക്കണം. നാം വചനം മുറുകെ പിടിക്കുകയും അത് നമ്മുടെ ഹൃദയത്തിൽ വേരുറപ്പിക്കാൻ അനുവദിക്കുകയും വേണം, അങ്ങനെ അത് നമ്മുടെ ജീവിതത്തിൽ ഫലം പുറപ്പെടുവിക്കും.

ഉദാഹരണത്തിന്, ദൈവിക രോഗശാന്തിയെക്കുറിച്ചുള്ള വചനം നാം കേൾക്കുന്നുവെന്ന് ചിന്തിക്കുക. ദൈവിക രോഗശാന്തിയുടെ വെളിപ്പെടുത്തൽ സന്തോഷവും വലിയ ആവേശവും നമ്മിൽ നിറയ്ക്കുന്നു. താമസിയാതെ നാം രോഗത്തെ അഭിമുഖീകരിക്കുന്നു. നമ്മൾ എന്തു ചെയ്യും? “ശരി, അത് എല്ലാവർക്കുമുള്ളതല്ല,” അല്ലെങ്കിൽ “ഒരുപക്ഷേ ദൈവിക രോഗശാന്തി ആദ്യകാല സഭയ്ക്ക് മാത്രമായിരുന്നിരിക്കാം, അത് ഇന്ന് നമുക്ക് വേണ്ടിയല്ല,” അല്ലെങ്കിൽ സമാനമായ മറ്റേതെങ്കിലും വാദം എന്നിവ ഉപയോഗിച്ച് നാം ദൈവിക രോഗശാന്തിയെക്കുറിച്ചുള്ള വചനം ഉപേക്ഷിക്കുമോ? അതോ നാം മനഃപൂർവം വചനത്തിലേക്ക് മടങ്ങുമോ, അത് വീണ്ടും വായിക്കുന്നു, വീണ്ടും കേൾക്കുന്നു, ധ്യാനിക്കുന്നു, ദിവ്യ രോഗശാന്തിയെക്കുറിച്ചുള്ള വചനത്തിലൂടെ നമ്മുടെ ആത്മാവിനെ കൂടുതൽ പോഷിപ്പിക്കുമോ? രണ്ടാമത്തേത് ചെയ്യേണ്ടത് പ്രധാനമാണ്, അതിനാൽ ദൈവിക രോഗശാന്തിയെക്കുറിച്ച് നാം കേട്ടിട്ടുള്ള വചനം നമ്മിൽ കൂടുതൽ ആഴത്തിൽ പതിയും.

## വചനം നിങ്ങളിൽ ആഴത്തിൽ വേരൂന്നട്ടെ

നാം വളരെ ഉത്സാഹത്തോടും സന്തോഷത്തോടും ആവേശത്തോടും കൂടി വചനം സ്വീകരിച്ചേക്കാം. എന്നിരുന്നാലും, വചനത്തിന് യഥാർത്ഥത്തിൽ “വേരുറപ്പിക്കാൻ” കഴിയും വിധം, അത് നമ്മുടെ ഹൃദയത്തിൽ ആഴത്തിൽ പതിക്കുകയും നമ്മുടെ ഉള്ളിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്ന കാലം വരെ നാം വചനത്തിനൊപ്പം നിൽക്കുമോ എന്നതാണ് യഥാർത്ഥ പരീക്ഷണം. വചനത്തിന് നമ്മിൽ ആഴത്തിലുള്ള വേരുകളില്ലെങ്കിൽ, നാം ഇടറിവീഴാം (അസ്വസ്ഥരാകാം, പരാജയപ്പെടാം) വചനത്തിൽ നിന്ന് അകന്നുപോകാം (പിൻവാങ്ങുക, വേർപിരിയുക).

വചനം നമ്മിൽ ആഴത്തിൽ വേരൂന്നാൻ, നാം വചനത്തെ പോഷിപ്പിക്കുകയും വചനത്തിലുള്ള നമ്മുടെ വെളിപ്പാടിൽ ശക്തിപ്പെടുകയും വേണം. സമയം നല്ലതാണെങ്കിൽ നമുക്കതു കഴിയകയും, വചനത്തിനെതിരായ യാതൊന്നും യഥാർത്ഥത്തിൽ ഇല്ല എന്ന് മനസിലാക്കുകയും ചെയ്യും. പൊതുവേ, ഒരേ

സന്ദേശം, ഒരേ വചനം തന്നെ നമ്മിലേക്ക് വരുന്നത് പലയാവർത്തി കേട്ടാൽ ശ്രദ്ധിക്കാതെയിരിക്കാനുള്ള പ്രേരണ നമുക്കുണ്ട്. എന്നാൽ നാം വചനം കേൾക്കണം പലയാവർത്തി കേൾക്കണം. അപ്പോൾ വചനം നമ്മിൽ ആഴത്തിൽ വേരൂന്നുകയും വചനത്തിനെതിരായ എതിർപ്പ് വരുമ്പോഴും നമുക്ക് നിവർന്നു നില്ക്കാൻ കഴിയുകയും ചെയ്യും. എബ്രായർ 2:1 പ്രസ്താവിക്കുന്നത് പോലെ: അതുകൊണ്ടു നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന്നു കേട്ടതു അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു.

നിങ്ങൾക്ക് ലഭിച്ച സത്യവും വെളിപ്പാടും ഉപയോഗിച്ച് നിങ്ങളുടെ ആത്മാവിനെ നിരന്തരം പോഷിപ്പിക്കുക, അങ്ങനെ അത് നിങ്ങളിൽ ആഴത്തിൽ വേരൂന്നുവാൻ ഇടയാകും. നിങ്ങളുടെ പ്രയാസമേറിയ സമയങ്ങളിൽ നിങ്ങൾ പിൻവാങ്ങുന്നില്ല എന്ന് അത് ഉറപ്പാക്കും.

# 10. കൊയ്ത്തിനുള്ള തടസ്സങ്ങൾ: വചനത്തെ ഞെരുക്കുന്ന മുള്ളുകൾ

**മത്തായി 13:22**
**മുള്ളിന്നിടയിൽ വിതെക്കപ്പെട്ടതോ, ഒരുത്തൻ വചനം കേൾക്കുന്നു എങ്കിലും ഈ ലോകത്തിന്റെ ചിന്തയും ധനത്തിന്റെ വഞ്ചനയും വചനത്തെ ഞെരുക്കീട്ടു നിഷ്ഫലനായി തീരുന്നതാകുന്നു.**

**മർക്കോസ് 4:18-19**
**18 മുള്ളിന്നിടയിൽ വിതെക്കപ്പെട്ടതോ വചനം കേട്ടിട്ടു**
**19 ഇഹലോകത്തിന്റെ ചിന്തകളും ധനത്തിന്റെ വഞ്ചനയും മറ്റുവിഷയ മോഹങ്ങളും അകത്തു കടന്നു, വചനത്തെ ഞെരുക്കി നഷ്ഫലമാക്കി തീർക്കുന്നതാകുന്നു.**

**ലൂക്കോസ് 8:14**
**മുള്ളിന്നിടയിൽ വീണതോ കേൾക്കുന്നവർ എങ്കിലും പോയി ചിന്തകളാലും ധനത്താലും സംസാരഭോഗങ്ങളാലും ഞെരുങ്ങി പൂർണ്ണമായി ഫലം കൊടുക്കാത്തവരത്രേ.**

വചനത്തെ ഞെരുക്കുന്ന മുള്ളുകളാണ് യേശു ചൂണ്ടിക്കാണിച്ച അടുത്ത കൊയ്ത്തിനുള്ള തടസ്സങ്ങൾ. മുള്ളുകൾ ഈ ലോകത്തോടുള്ള ആസക്തി, ധനത്തിന്റെ വഞ്ചന, മറ്റ് കാര്യങ്ങളോടുള്ള ആഗ്രഹം, ജീവിതത്തിന്റെ ആനന്ദം എന്നിവയെ പ്രതിനിധീകരിക്കുന്നു. ഇവയ്ക്കെല്ലാം ഉള്ള പൊതുവായ ഒരു ഫലമാണ് ശ്രദ്ധ തിരിക്കൽ. അവ നമ്മുടെ ദൃഷ്ടികേന്ദ്രവും ശ്രദ്ധയും തിരുവെഴുത്തിൽ നിന്ന് മറ്റ് കാര്യങ്ങളിലേക്ക് മാറ്റുന്നു. അതിനാൽ, മുള്ളുകൾ പോലെയാണ് ഇവ പ്രവർത്തിക്കുന്നത്, ഇവ ആവശ്യത്തിന് വെളിച്ചം, വെള്ളം, പോഷകങ്ങൾ എന്നിവ ഇളം ചെടിയിൽ എത്തുന്നത് തടയുകയും ഒടുവിൽ അതിനെ നശിപ്പിക്കുകയും ചെയ്യുന്നു. ഇതാണ് നമുക്ക് സംഭവിക്കുന്നത്. നാം ശ്രദ്ധ തിരിക്കുകയും മറ്റ് കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നു, മാത്രമല്ല നമ്മുടെ ഹൃദയത്തിൽ വചനം സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതു നാം അവഗണിക്കുന്നു. ക്രമേണ വചനം നമ്മുടെ ജീവിതത്തിൽ ഫലപ്രദമല്ലാത്തതാകുന്നു.

## വചനത്തെ ഞെരുക്കുന്ന മുള്ളുകൾക്കെതിരെ കാവൽ നിൽക്കുക

ഈ ലോകത്തിന്റെ ആസക്തികൾ, സമ്പത്തിന്റെ വഞ്ചന, മറ്റ് കാര്യങ്ങളോടുള്ള ആഗ്രഹം, ജീവിതത്തിന്റെ ആനന്ദം എന്നിവയിൽ നിന്ന് നാം നമ്മുടെ

ഹൃദയങ്ങളെ സംരക്ഷിക്കണം. നമുക്കെല്ലാവർക്കും ഉത്തരവാദിത്വങ്ങൾ (നാം നിറവേറ്റേണ്ട ഉത്തരവാദിത്തങ്ങൾ), നമ്മൾ സമ്പത്ത് (പണം, ധനകാര്യം, വിഭവം) കൈകാര്യം ചെയ്യുന്നു, മറ്റ് താൽപ്പര്യങ്ങളും ഉണ്ട്, നിയമാനുസൃതമായ സന്തോഷങ്ങൾ (നല്ല കാര്യങ്ങൾ) ആസ്വദിക്കുന്നു, എന്നാൽ ഇവയാൽ ദൈവവും അവന്റെ വചനവും നമ്മുടെ ഹൃദയങ്ങളിൽ നിന്ന് അകന്നുപോകുന്നില്ലെന്ന് നാം ഉറപ്പാക്കണം.

മുള്ളുകൾക്കെതിരെ ജാഗ്രത പാലിക്കാനുള്ള ചില പ്രായോഗിക വഴികൾ ഇതാ:

1. ദൈവത്തോടും അവന്റെ വചനത്തോടുമുള്ള നിങ്ങളുടെ സ്നേഹം ഉറപ്പാക്കുക
2. നിങ്ങളുടെ ഹൃദയത്തെ കാത്തുസൂക്ഷിക്കുക

# ദൈവത്തോടും അവന്റെ വചനത്തോടുമുള്ള നിങ്ങളുടെ സ്നേഹം ഉറപ്പാക്കുക

119-സങ്കീർത്തനത്തിൽ സങ്കീർത്തനക്കാരൻ ചെയ്തതുപോലെ ദൈവത്തോടും അവന്റെ വചനത്തോടുമുള്ള നമ്മുടെ സ്നേഹവും അഭിനിവേശവും സ്ഥിരീകരിക്കുന്നത് തീർച്ചയായും അത്ഭുതകരമാണ്. ദൈവവചനത്തോടുള്ള നമ്മുടെ സ്നേഹം എങ്ങനെ സ്ഥിരീകരിക്കാമെന്ന് പഠിപ്പിക്കുന്ന ആ സങ്കീർത്തനത്തിൽ നിന്നുള്ള തിരഞ്ഞെടുത്ത വാക്യങ്ങൾ ഇവിടെയുണ്ട്.

**സങ്കീർത്തനം 119:16,36,47,72,97,127,162**
**16 ഞാൻ നിന്റെ ചട്ടങ്ങളിൽ രസിക്കും; നിന്റെ വചനത്തെ മറക്കയുമില്ല.**
**36 ദുരാദായത്തിലേക്കല്ല, നിന്റെ സാക്ഷ്യങ്ങളിലേക്കു തന്നേ. എന്റെ ഹൃദയം ചായുമാറാക്കേണമേ.**
**37 വ്യാജത്തെ നോക്കാതവണ്ണം എന്റെ കണ്ണുകളെ തിരിച്ചു നിന്റെ വഴികളിൽ എന്നെ ജീവിപ്പിക്കേണമേ.**
**47 ഞാൻ നിന്റെ കല്പനകളിൽ പ്രമോദിക്കുന്നു; അവ എനിക്കു പ്രിയമായിരിക്കുന്നു.**
**72 ആയിരം ആയിരം പൊൻ വെള്ളി നാണ്യത്തെക്കാൾ നിന്റെ വായിൽനിന്നുള്ള ന്യായപ്രമാണം എനിക്കുത്തമം**
**97 നിന്റെ ന്യായപ്രമാണം എനിക്കു എത്രയോ പ്രിയം; ഇടവിടാതെ അതു എന്റെ ധ്യാനമാകുന്നു.**
**127 അതുകൊണ്ടു നിന്റെ കല്പനകൾ എനിക്കു പൊന്നിലും തങ്കത്തിലും അധികം പ്രിയമാകുന്നു.**
**162 വലിയ കൊള്ള കണ്ടുകിട്ടിയവനെപ്പോലെ ഞാൻ നിന്റെ വചനത്തിൽ ആനന്ദിക്കുന്നു.**

## നിങ്ങളുടെ സ്വന്തം ഹൃദയത്തെ കാത്തുസൂക്ഷിക്കുക

നമ്മുടെ ഹൃദയത്തിലെ വാത്സല്യങ്ങളെയും അഭിനിവേശങ്ങളെയും നാം നിരന്തരം നിരീക്ഷിക്കണം. നമ്മുടെ താൽപ്പര്യങ്ങൾ എവിടെയാണെന്നും അവ എന്താണെന്നും നമ്മൾ പരിശോധിക്കണം. നമ്മുടെ ആദ്യ സ്നേഹത്തിൽ നിന്ന് നാം വ്യതിചലിക്കുകയോ അകന്നുപോവുകയോ ചെയ്യുന്നുവെന്ന് തോന്നുമ്പോൾ, നാം അത് ഏറ്റുപറയുകയും നമ്മുടെ ഹൃദയങ്ങളെ തിരിക്കുകയും നമ്മെ അവനിലേക്ക് തന്നെ അടുപ്പിക്കുകയും ചെയ്യണമെന്ന് കർത്താവിനോട് അപേക്ഷിക്കണം. മനഃപൂർവവും പ്രയോഗികവുമായും ദൈവത്തിനു നമ്മുടെ ജീവിതത്തിൽ പ്രഥമ സ്ഥാനം കൊടുക്കുകയും താത്പര്യത്തോടെ അവനെ അന്വേഷിക്കുകയും വേണം. (മത്തായി 6:33). ആരാധനയിലും പ്രാർത്ഥനയിലും അവന്റെ വചനത്തിലും ദൈവസന്നിധിയിൽ ജീവിക്കാൻ സമയവും സന്ദർഭവും നാം ഉണ്ടാക്കണം..." സമ്പത്തു വർദ്ധിച്ചാൽ അതിൽ മനസ്സു വെക്കരുതു" (സങ്കീർത്തനം 62:10ബി).

# 11. മൂന്ന് താക്കോലുകൾ: മനസിലാക്കുക, സ്വീകരിക്കുക, നിലനിർത്തുക

വചനത്തിന്റെ വിത്ത് ക്രമേണ നമ്മുടെ ജീവിതത്തിൽ ആത്യന്തികമായി ഉളവാകാൻ കാരണമെന്തെന്ന് കർത്താവായ യേശു നമുക്ക് വെളിപ്പെടുത്തി തന്നു. മൂന്ന് സുവിശേഷങ്ങളും ഇവ എങ്ങനെ രേഖപ്പെടുത്തുന്നുവെന്ന് നോക്കാം, നമ്മുടെ ഹൃദയത്തിൽ വചനത്തെ നാം എപ്പോൾ മനസ്സിലാക്കാനും (മത്തായി 13:23) സ്വീകരിക്കാനും (മർക്കോസ് 4:20) നിലനിർത്താനും (ലൂക്കോസ് 8:15) പഠിക്കുമ്പോഴാണ് നാം നമ്മുടെ ജീവിതത്തിൽ ഫലം പുറപ്പെടുവിക്കുന്നത്.

## മനസ്സിലാക്കുക

**മത്തായി 13:23**
**നല്ല നിലത്തു വിതെക്കപ്പെട്ടതോ ഒരുത്തൻ വചനം കേട്ടു ഗ്രഹിക്കുന്നതു ആകുന്നു അതു വിളഞ്ഞു നൂറും അറുപതും മുപ്പതും മേനി നലകുന്നു.**

ആത്മീയ സത്യം മനസിലാക്കുന്നതിന്റേയും വെളിപ്പെടുത്തൽ സ്വീകരിക്കുന്നതിന്റേയും പ്രാധാന്യം നാം മുമ്പത്തെ അധ്യായത്തിൽ പരിശോധിച്ചു. ആത്മീയസത്യം നമ്മുടെ ഹൃദയങ്ങളിലേക്ക് അനാവരണം ചെയ്യുന്നത് പുരോഗമനപരമാണ്. പരിശുദ്ധാത്മാവിനാൽ കൂടുതൽ കൂടുതൽ വെളിച്ചം നമ്മുടെ ഹൃദയങ്ങളിൽ പതിക്കുമ്പോൾ നാം ക്രമേണ ആത്മീയ സത്യം വ്യക്തമായി കാണുന്നു. അവിടുത്തെ വചനത്തിൽ നമുക്ക് നൽകിയിട്ടുള്ള സത്യത്തിന്റെ വിവിധ മേഖലകളെക്കുറിച്ചുള്ള വെളിപ്പെടുത്തൽ തുടർന്നും ലഭിക്കണം. നമ്മുടെ കർത്താവിനെക്കുറിച്ചുള്ള നമ്മുടെ അറിവിൽ നാം നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കണം (കൊലോസ്യർ 1:10), കൃപയിലും അറിവിലും വളരുന്നത് തുടരുക (2 പത്രോസ് 3:18), നമ്മുടെ അറിവിൽ പുതുക്കപ്പെടുക (കൊലോസ്യർ 3:10), ക്രിസ്തുവിന്റെ സ്നേഹം മനസ്സിലാക്കുകയും അറിയുകയും ചെയ്യുക (എഫെസ്യർ 3:18-19) ദൈവപുത്രന്റെ പരിജ്ഞാനത്തിലേക്ക് വരിക (എഫെസ്യർ 4:13). നമ്മുടെ ആത്മീയ യാത്ര, നമ്മുടെ ദൈവത്തെക്കുറിച്ചുള്ള വെളിപ്പാടിന്റെ തുടർച്ചയായ വളർച്ചയാണ്, അവിടുത്തെ ഉദ്ദേശ്യങ്ങൾ, അവൻ നമുക്കുവേണ്ടി വെച്ചിരിക്കുന്ന അവകാശം, അവൻ നമുക്കായി ലഭ്യമാക്കിയിട്ടുള്ള ശക്തി എന്നിവയിലുള്ള തുടർമാനമായ വളർച്ചയാണ്.

അതിനാൽ, വചനം കേൾക്കുക. വചനത്തിൽ ധ്യാനിക്കുന്നത് തുടരുക. തിരുവെഴുത്തുകൾ പഠിക്കുന്നത് തുടരുക. ക്രിസ്തീയ വിശ്വാസത്തിന്റേയും യാത്രയുടെയും എല്ലാ മേഖലകളിലും വെളിപ്പാടും പുതിയ ഉൾക്കാഴ്ചയും സ്വീകരിക്കുന്നത് തുടരുക. സങ്കീർത്തനക്കാരനെപ്പോലെ നാം നിരന്തരം പ്രാർത്ഥിക്കുന്നു "നിന്റെ ന്യായപ്രമാണത്തിലുള്ള അത്ഭുതകരമായ കാര്യങ്ങൾ ഞാൻ കാണേണ്ടതിന് എന്റെ കണ്ണുകളെ തുറക്കേണമേ" (സങ്കീർത്തനം 119:18)

**സ്വീകരിക്കുക**

**മർക്കോസ് 4:20**
**നല്ലമണ്ണിൽ വിതെക്കപ്പെട്ടതോ വചനം കേൾക്കയും അംഗീകരിക്കയും ചെയ്യുന്നവർ തന്നേ; അവർ മുപ്പതും അറുപതും നൂറും മേനി വിളയുന്നു."**

നാം നിശ്ചയമായും സ്വീകരിക്കണം, അംഗീകരിക്കണം, കൈക്കൊള്ളണം, അതായത് വചനം നമ്മൾ പൂർണ ഹൃദയത്തോടെ വിശ്വസിക്കണം. വചനം നമ്മുടെ ഹൃദയത്തിലും ജീവിതത്തിലും പ്രവർത്തിക്കാൻ നാം പൂർണ്ണഹൃദയത്തോടെ വിശ്വസിക്കണം. എബ്രായർ 4:2 നമ്മോട് പറയുന്നതെന്തെന്നത് ശ്രദ്ധേയമാണ്: "അവരെപ്പോലെ നാമും ഒരു സദ്വർത്തമാനം കേട്ടവർ ആകുന്നു; എങ്കിലും കേട്ടവരിൽ വിശ്വാസമായി പരിണമിക്കായ്കകൊണ്ടു കേട്ട വചനം അവർക്കു ഉപകാരമായി വന്നില്ല." വചനവുമായി വിശ്വാസം കലർത്തുന്നതിൽ നാം പരാജയപ്പെടുമ്പോൾ (വചനം വിശ്വസിക്കുക) വചനം നമുക്ക് ലാഭമോ പ്രയോജനമോ നൽകില്ല. മറുവശത്ത്, നാം വചനം വിശ്വസിക്കുമ്പോൾ, അത് ഫലം കായ്ക്കുന്നതും നമ്മുടെ ജീവിതത്തിൽ പൂർത്തീകരിക്കുന്നതും നമുക്ക് കാണാൻ കഴിയും. "കർത്താവു തന്നോടു അരുളിച്ചെയ്തതിന്നു നിവൃത്തിയുണ്ടാകും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കോസ് 1:45).

നാം നേരത്തെ സൂചിപ്പിച്ചതുപോലെ, സംശയങ്ങൾ, അവിശ്വാസം, ഭയം മുതലായവയിലൂടെ വചനം വിശ്വസിക്കുന്നതിൽ നിന്ന് തടയാൻ സാത്താനും അവന്റെ ദൂതന്മാരും എല്ലാ ശ്രമങ്ങളും നടത്തും. എന്നാൽ നാം വിശ്വാസത്തിൽ ശക്തരായിരിക്കണം. വചനം വിശ്വസിക്കുന്നത് തുടരുക. അവന്റെ വചനം സത്യമാണ് (യോഹന്നാൻ 17:17).

## നിലനിർത്തുക

**ലൂക്കോസ് 8:15**
**നല്ല മണ്ണിലുള്ളതോ വചനം കേട്ടു ഗുണമുള്ള നല്ല ഹൃദയത്തിൽ സംഗ്രഹിച്ചു ക്ഷമയോടെ ഫലം കൊടുക്കുന്നവർ തന്നേ.**

മുകളിലുള്ള വാക്യത്തിലെ "സൂക്ഷിക്കുക" എന്ന വാക്കിന്, ഗ്രീക്കിൽ മുറുകെ പിടിക്കുക, നിലനിർത്തുക, തുടരുക, ഉറച്ചുനിൽക്കുക, പറ്റിനിൽക്കുക എന്നീ ആശയങ്ങളുണ്ട്. അതിനാൽ, നമ്മുടെ ജീവിതത്തിൽ കടന്നു വരുന്ന എല്ലാ സാഹചര്യങ്ങളിലും സഹിഷ്ണതയോടെ വചനം മുറുകെ പിടിക്കണം. ഈ വചനമാണ് നമ്മുടെ ജീവിതത്തിൽ ഫലം പുറപ്പെടുവിക്കുന്നത്.

ഈ മൂന്ന് താക്കോലുകൾ: വചനം മനസിലാക്കുക, വചനം സ്വീകരിക്കുക, വചനം നിലനിർത്തുക എന്നിവ വചനം നമ്മുടെ ജീവിതത്തിൽ ഫലം കായ്ക്കുന്നതിനു വളരെ പ്രധാനമാണ്. തുടക്കത്തിൽ, നാം വചനം ധ്യാനിക്കുകയും സ്വീകരിക്കുകയും ചെയ്യുമ്പോൾ, അത് ഒരു ചെറിയ അളവിലുള്ള ഫലം (മുപ്പത് മടങ്ങ്) വഹിക്കുന്നത് നാം കണ്ടേക്കാം. നാം വചനത്തോടൊപ്പം വസിക്കുന്നത് തുടരണം. വെളിപ്പാട് സ്വീകരിക്കുന്നത് തുടരുക, വചനം വിശ്വസിക്കുക, വചനം നമ്മുടെ ജീവിതത്തിൽ സൂക്ഷിക്കുക. വേഗത്തിൽ തന്നെ അറുപത് മടങ്ങ്, നൂറ് മടങ്ങ് ഫലം നിങ്ങൾക്ക് കാണാൻ കഴിയും.

# വചനപ്രകാരം ജീവിക്കുക

**യാക്കോബ് 1: 22,25**
**22 എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ടു തങ്ങളെ തന്നേ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ.**
**25 സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റുനോക്കി അതിൽ നിലനില്ക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും.**

